# ജനകീയാസൂത്രണം



## വികസന റിപ്പോർട്ട്

## ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്

# CHINNAKANAL GRAMA PANCHAYAT




| | | |
|---|---|---|
| Ist | Ward | Venadu |
| IInd | Ward | Power House |
| IIIrd | ,, | Periyakanal |
| Ivth | ,, | Chinnakanal |
| Vth | ,, | Gundumali |
| Vth | ,, | Upper Suriyanelley |
| VIIth | ,, | Pappathi Chola |
| VIIIth | ,, | B.L. Rao |

59-6

# ജനകീയാസൂത്രണം

## വികസന റിപ്പോർട്ട്

## ചിന്നക്കനാൽഗ്രാമ പഞ്ചായത്ത്

# റിപ്പോർട്ട് തയ്യാറാക്കിയവർ

1. ശ്രീ. എ.പി. അശോകൻ
2. ശ്രീ. എൻ. ഗുരുനാഥൻ
3. ശ്രീ. എം. കറുപ്പുസ്വാമി
4. ശ്രീ. എസ്. കുശലൻ
5. ശ്രീ. പി.എം. സുരേഷ്
6. ശ്രീ. ഇ.കെ. ലക്ഷ്മണൻ
7. ശ്രീ. എ.എസ്. ബിജു
8. ശ്രീ. കെ.കെ. പൊന്നപ്പൻ
9. ശ്രീ. കെ. അന്തോണിരാജ്
10. ശ്രീ. സുരേഷ്
11. ശ്രീ. രാജമ്മ സോമൻ

# ഉള്ളടക്കം

1. ആമുഖം
2. ഗ്രാമപഞ്ചായത്ത് പൊതുവിവരണം
3. സാമൂഹിക സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. കൃഷിയും ജലസേചനം
6. മൃഗസംരക്ഷണം, മൽസ്യബന്ധനം
7. വ്യവസായം
8. ഊർജം, ഗതാഗതം
9. ആരോഗ്യം, കുടിവെള്ളം
10. വിദ്യാഭ്യാസം
11. പാർപ്പിടം സാമൂഹ്യക്ഷേമം
12. വനിതാക്ഷേമം
13. സംസ്കാരം
14. സഹകരണമേഖല
15. പട്ടികജാതി പട്ടികവർഗക്ഷേമം
16. ടൂറിസം
17. വിഭവസമാഹരണം
18. ഉപസംഹാരം

# ആമുഖം

ആസൂത്രണ ഒരു അധ്യായം എഴുതിചേർത്തുകൊണ്ട് വമ്പിച്ച സാമൂഹിക മുന്നേറ്റത്തിന് കളമൊരുക്കുകയാണ് നമ്മുടെ സംസ്ഥാനം. വികസനമെന്നാൽ മുകൾത്തട്ടിൽ നിന്ന് ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ട പ്രക്രിയയാണെന്ന മാമൂൽ ധാരണ തിരുത്തികുറിക്കപ്പെടുന്നു! തങ്ങൾക്ക് വേണ്ടതെന്ന് തിരിച്ചറിഞ്ഞ് ആവശ്യപ്പെടാനും പരിഹാര മാർഗങ്ങൾ യോജിച്ച് ചർച്ചചെയ്ത് തീരുമാനത്തിലെത്താനും അതുവഴി പുതിയൊരു വികസന സംസ്കാരത്തിനു രൂപംകൊടുക്കാനുള്ള പരിശ്രമം. കേരളത്തിൽ നടന്നുവരുന്ന ജനകീയാസൂത്രണ പരിപാടി അതിന്റെ നൂതനത്വം കൊണ്ടു തന്നെ സവിശേഷ ശ്രദ്ധ നേടിയെടുത്തു. പദ്ധതി വിഹിതത്തിന്റെ 30-40 ശതമാനം തുക പഞ്ചായത്തുകൾക്ക്- വീതിച്ചു നൽകിക്കൊണ്ട് വിഭവ പരിമിതിക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ ശ്രമിച്ചിരിക്കുന്നു. ജനങ്ങളുടെ ആവശ്യങ്ങളും പ്രാദേശിക പ്രത്യേകതകളും വിഭവ സാധ്യതകളും പരിഗണിക്കാതെ ഏതാനും വിദഗ്ദ്ധർ തയ്യാറാക്കി നടപ്പിലാക്കി വരുന്ന പദ്ധതികളാണ് നമ്മുടെ നാട്ടിൽ നാളിതുവരെ നടപ്പിലാക്കിയിരുന്നത്. ഇതിനു വ്യത്യസ്തമായി മനുഷ്യവിഭവമടക്കം വൻതോതിൽ വിഭവ സമാഹരണം നടത്തി ജനങ്ങളുടെ ആശയ അഭിലാഷത്തിനൊത്ത് പ്രാദേശിക പ്രത്യേകതകൾ പൂർണമായും കണക്കിലെടുത്ത് സന്തുലിത വികസനം നടപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. കൂടാതെ പദ്ധതിയുടെ എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നു. വികസനരംഗത്തെ അഴിമതി പൂർണമായും ഇല്ലാതാക്കാൻ ഇതുവഴി സാധിക്കും. ഗ്രാമീണ വികസന രംഗത്ത് വിപ്ലവാത്മകമായ സാധ്യതകൾ കണക്കിലെടുത്ത് ആത്മധൈര്യത്തോടെ മുന്നേറേണ്ടതിന്റെ പടഹധ്വനി നാം കേട്ടില്ലെന്നു നടിക്കരുത്. ജാതിഭേദകക്ഷി പരിഗണനക്ക് സ്ഥാനമില്ല. എല്ലാജാതിയിലും എല്ലാ മതങ്ങളിലും എല്ലാ കക്ഷികളിലും പെട്ടവരെന്നപോലെ, ഒന്നിലും പെടാത്തവരുമായ ദേശസ്നേഹികൾ മുഴുവൻ ഈ പ്രസ്ഥാനത്തിൽ പങ്കാളികളാവണം. അതുവഴി മാത്രമേ ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് യാഥാർത്ഥ്യമാക്കാനും ആസൂത്രണ പ്രക്രിയക്ക് ജനകീയ സ്വഭാവം കൈവരിക്കുവാനും, അതുവഴി നമ്മുടെ നാട്ടിൽ വികസന സംസ്കാരത്തിന് തുടക്കം കുറിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

# ഗ്രാമപഞ്ചായത്ത് പൊതുവിവരണം

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിൻെറ പേര് | : | ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് |
| 2. | ഉൾപ്പെടുന്ന വില്ലേജ് | : | ചിന്നക്കനാൽ, രാജകുമാരി ബൈസൺവാലി |
| 3. | ബ്ലോക്ക് പഞ്ചായത്ത് | : | ദേവികുളം |
| 4. | താലൂക്ക് | : | ഉടുമ്പഞ്ചോല |
| 5. | അസംബ്ലിമണ്ഡലം | : | ഉടുമ്പഞ്ചോല |
| 6. | വിസ്തീർണം | : | 66.74 കി.മീ. |
| 7. | അതിരുകൾ | : | വടക്ക്- മൂന്നാർ ഗ്രാമപഞ്ചായത്ത്<br>തെക്ക്- രാജകുമാരി, ശാന്തമ്പാറ ഗ്രാമപഞ്ചായത്ത്<br>കിഴക്ക്- തമിഴ്നാട് സംസ്ഥാനത്തിൻെറ അതിർത്തി<br>പടിഞ്ഞാറ്-മൂന്നാർ, ബൈസൺവാലി ഗ്രാമപഞ്ചായത്ത് |
| 8. | ജനസംഖ്യ | : | 11,155 (1991 കാനേഷുമാരി) |
| | a) പുരുഷന്മാർ | :5706 | |
| | b) സ്ത്രീകൾ | : | 5449 |
| 9. | വാർഡുകളുടെ എണ്ണം | : | 8 |
| 10. | പ്രസിഡണ്ടിൻെറ പേര് | : | ശ്രീമതി. പളനികുമാരി കുശലൻ |
| 11. | വൈസ് പ്രസിഡണ്ടിൻെറ പേര് | : | ശ്രീമതി. അന്നമ്മ മാണിക്യരാജ് |
| 12. | സ്റ്റാൻെറിങ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. എ.പി. അശോകൻ |
| 13. | ഭരണസമിതി അംഗങ്ങൾ | : | ശ്രീ. കറുപ്പുസ്വാമി<br>ശ്രീമതി. ചന്ദ്രമുത്തയ്യ<br>ശ്രീ. രാജേന്ദ്രൻ<br>ശ്രീ. എൻ. ഗുരുനാഥൻ<br>ശ്രീ. എം. രാമകൃഷ്ൻ |



# സാമൂഹ്യ സാംസ്കാരിക ചരിത്രം

സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് ബ്രിട്ടീഷ് മേൽക്കോയ്മ നിലനിന്നിരുന്ന കാലത്ത് 1895- കളിൽ അവർ ഈ മേഖലകളിൽ സ്ഥാപിച്ച കണ്ണൻദേവൻ തേയിലതോട്ടവും തുടർന്ന് ഫാക്ടറിയുടെയും വരവോടുകൂടി തമിഴ്നാട്ടിൽ നിന്നുമാണ് ആദ്യമായി ഇവിടെ കുടിയേറ്റം നടന്നത്. കുടിയേറ്റക്കാർ എല്ലാവരും തന്നെ കമ്പനിയുടെ തൊഴിലുമായി ബന്ധപ്പെട്ടാണ് ഇവിടെയെത്തിയത്. ഈ കാലഘട്ടങ്ങളിൽ ഹാരിസൺ മലയാളം കമ്പനിയും സ്ഥാപിക്കപ്പെട്ടു. തമിഴ്നാട്ടിൽ ഉപജീവനത്തിനായി വന്നവരാണ് ഈ തൊഴിലാളികൾ. സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് ഈ തൊഴിലാളികളേ യഥേഷ്ടം അടിമകളെപ്പോലെ പണിയെടുപ്പിച്ചിരുന്നു. കങ്കാണിമാരുടെ കീഴിൽ അവർ പറയുന്ന എന്തുപണിയും ഈ കുടിയേറ്റ തൊഴിലാളികൾ എടുക്കുന്നതിന് നിർബന്ധിതരായി. വലിയ മരങ്ങൾകൊണ്ടും മുൾപ്പടർപ്പുകൾ കൊണ്ടും വനാന്തരമായിരുന്ന ഈ പ്രദേശം അവരുടെ കഠിന പ്രയത്നത്താൽ വെട്ടിത്തെളിച്ച് 1919 – 20 കാലഘട്ടങ്ങളിലാണ് തേയിലകൃഷി അതിന്റെ പൂർണതയിൽ എത്തിയത്. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ട്രേഡ് യൂണിയനുകളുടെ പ്രവർത്തനം ആരംഭിക്കുകയും, 1958 – 60 കാലഘട്ടങ്ങളിൽ ട്രേഡുയൂണിയനുകൾ ശക്തമാവുകയും മുൻപുണ്ടായിരുന്ന അടിമത്ത വ്യവസ്ഥിതി ക്രമേണ അവസാനിക്കുകയും ചെയ്തു. 1942 കളിലാണ് ടാറ്റാ തേയിലഫാക്ടറി സ്ഥാപിച്ച് അതിന്റെ പ്രവർത്തനം ആരംഭിച്ചത്. കമ്പനിവക വീടുകളുടെ സുരക്ഷിതത്വത്തിനുവേണ്ടി ആന മുതലായ വന്യമൃഗങ്ങളിൽ നിന്നും രക്ഷ നേടുന്നതിന് വീടുകൾ ചുറ്റും വലിയ കുഴികൾ (അഥവാ ട്രഞ്ച്) നിർമ്മിച്ച് സംരക്ഷിച്ചിരുന്നു.

ഇന്നത്തെ കാർഷിക മേഖലയിൽ കർഷകർ കുടിയേറി പാർത്തത് ഏകദേശം 60 വർഷങ്ങൾക്കുമുമ്പാണ്. മനുഷ്യവാസത്തിന് അന്ന് ഈ പ്രദേശങ്ങൾ യാതൊരു വിധത്തിലും അനുയോജ്യമായിരുന്നില്ല. ഹിംസ്രജന്തുക്കളുടെ വിഹാര കേന്ദ്രമായിരുന്നു ഈ പ്രദേശങ്ങൾ. കാട്ടുമൃഗങ്ങളിൽ നിന്നു രക്ഷനേടുന്നതിനു വേണ്ടി വൻ വൃക്ഷങ്ങളിൽ ഏറുമാടം നിർമ്മിച്ചാണ് കർഷകർ അന്നാളുകളിൽ അന്തിയുറങ്ങിയിരുന്നത്. യാത്രാ സൗകര്യങ്ങൾ ഒന്നുംതന്നെയില്ലാതിരുന്ന കർഷകർ ഘോരവനത്തിലൂടെ മുപ്പതിലധികം കിലോമീറ്ററുകൾ സഞ്ചരിച്ചാണ് പലവ്യഞ്ജനം പോലും അവർ സംഘടിപ്പിച്ചിരുന്നത്. വന്യമൃഗങ്ങളോടും, പ്രകൃതിയോടും മല്ലടിച്ച് വല്ലവിധേനയും ജീവിച്ചിരുന്ന ജനത, വൻമലകളുടെ താഴ്വരയിൽ മരങ്ങൾ വെട്ടിനീക്കി വിരിപ്പ് നെൽകൃഷി നടത്തിയിരുന്നു.

ഇന്നത്തെ പഞ്ചായത്ത് രൂപീകൃതമാകുന്നതിനു മുമ്പ് കോട്ടയം ജില്ലയിൽ ദേവികുളം താലൂക്കിൽ പൂപ്പാറ വില്ലേജിൽപെട്ട ശാന്തൻപാറ പഞ്ചായത്തായിരുന്നു. ആദ്യകാലത്ത് കുമളി-മൂന്നാർ ബസ്റൂട്ട് ഇപ്പോഴത്തെ പഞ്ചായത്താസ്ഥാനം സ്ഥിതി ചെയ്യുന്ന പ്രദേശത്തുകൂടിയാണ് കടന്നുപോയിരുന്നത്. കാലക്രമേണ ആനയിറങ്കൽ ഡാമിന്റെ നിർമാണത്തോടുകൂടി ഈ റോഡിന്റെ പല ഭാഗങ്ങളും വെള്ളത്തിനടിയിലാവുകയും റോഡ് പവർ ഹൗസിൽ നിന്ന് പെരിയകനാൽ വഴി പൂപ്പാറക്ക് തിരിച്ചുവിടുകയും ചെയ്തു. ഈ വ്യതിയാനം ചിന്നക്കനാൽ സൂര്യനെല്ലി പ്രദേശത്തിന്റെ വികസനത്തിന് വിഘാതമായി. ആദ്യകാലത്ത്

പ്രദേശത്ത് ചികിൽസാരംഗത്ത് യാതൊരു വിധ സൗകര്യങ്ങളുമുണ്ടായിരുന്നില്ല. സഞ്ചരിക്കുന്ന ഒരാശുപത്രി മാത്രമായിരുന്നു ഏക ആശ്രയം. വാഹനത്തിൽ അത്യാവശ്യം വേണ്ട മരുന്നും ജീവനക്കാരും എത്തിയാണ് ചികിൽസ നടത്തിയിരുന്നത്. എസ്റ്റേറ്റ് മേഖലയിൽ കമ്പനിവക ആശുപത്രികൾ സ്ഥാപിക്കപ്പെട്ടിരുന്നു. കമ്പനി തൊഴിലാളികൾ ഒഴിച്ച് മറ്റ് സാധാരണക്കാർക്ക് പ്രയോജനപ്പെട്ടിരുന്നില്ല. ഇപ്പോൾ വില്ലേജോഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ അന്ന് എക്സൈസ് ഓഫീസാണ് പ്രവൃത്തിച്ചിരുന്നത്. ഈ പ്രദേശത്തെ ആദ്യത്തെ സർക്കാർ സ്ഥാപനമായിരുന്നു ഇത്.

ഗ്രാമപഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങളുടെ പേരുകൾക്ക് ആസ്പദമായ ചരിത്രപരമായ പല കഥകളും ഉള്ളതായി പഴമക്കാർ പറയുന്നു. വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് വേണ്ടി പഴയ ദേവികുളത്ത് ഡാം നിർമ്മിക്കുകയും, പവർഹൗസ് ഭാഗത്തുള്ള വെള്ളച്ചാട്ടത്തിനു മുകളിലായി പവർഹൗസിലേക്ക് വെള്ളമെത്തിക്കുന്നതിനുപയോഗിച്ച പെപ്പ് ഇപ്പോഴും കാണാം. അണക്കെട്ടിനോടനുബന്ധമായി രണ്ടു കനാലുകളും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ഈ കനാലുകളിൽ ചെറിയ കനാൽ തിരിച്ചുവിട്ട പ്രദേശത്തെ 'ചിന്നക്കനാൽ' എന്നും, വലിയ കനാൽ തിരിച്ചുവിട്ട പ്രദേശം 'പെരിയകനാൽ' എന്നും അറിയപ്പെടുന്നു. പഞ്ചായത്ത് ആസ്ഥാനത്തിന് ചിന്നക്കനാൽ എന്ന് പേരുണ്ടായത് ഇങ്ങിനെയാണ്. അന്നത്തെ പവർഹൗസ് സ്ഥിതി ചെയ്തിരുന്ന പ്രദേശമാണ് ഇന്നത്തെ പവർഹൗസ്. മഹാഭാരത കഥയിൽ പാണ്ഡവരുടെ വനവാസക്കാലത്ത് അവർ സൂര്യവനത്തിലാണ് പാർത്തിരുന്നത്. ഈ വനത്തിൽ നെല്ലിമരങ്ങൾ ധാരളമുണ്ടായിരുന്നു. അന്ന് പാണ്ഡവർ താമസിച്ചിരുന്ന നെല്ലിമരങ്ങളോടുകൂടിയ സൂര്യവനമാണ് ഇന്നത്തെ സൂര്യനെല്ലി. സൂര്യവനത്തിൽ സ്തൂപസമാനമായ കൽപാളികൾ കുത്തിനിർത്തിയിരുന്ന പ്രദേശമാണ് കുത്തുകൽത്തേരി. അതിമനോഹരമായ നീർചോല ഒഴുകിയിരുന്നതും വിവിധങ്ങളായ പുഷ്പങ്ങൾകൊണ്ട് അലംകൃതമായ സ്ഥലത്ത് ധാരാളം ചിത്രശലഭങ്ങൾ കൂട്ടംകൂട്ടമായി വന്നിരുന്നു. തമിഴിൽ ചിത്രശലഭത്തിൻെറ പേര് പാപ്പാത്തി എന്നാണ്. ഈ സ്ഥമാണ് പാപ്പാത്തിചോല എന്നറിയപ്പെടുന്നത്. ആന്ധ്രയിൽ നിന്ന് റാം എന്ന ഒരു അരിവ്യാപാരി ഈ പ്രദേശത്ത് വരികയും അരിക്കച്ചവടം നടത്തുകയും ചെയ്തു. ആന്ധ്രാഭാഷയിൽ 'ബിയൽ' എന്നാൽ അരി എന്നാണർത്ഥം. അരിക്കച്ചവടക്കാരനായ റാമിൻെറ പേരിനോടനുബന്ധമായാണ് ഈ സ്ഥലത്തിന് 'ബിയൽറാം' എന്നു പേരുവന്നത്. പഞ്ചാബിൽ നിന്നും കുടിയേറിയ ഒരു ഇടത്തരം കർഷകൻ, സിക്ക് വംശജനായ ഇദ്ദേഹത്തിൻെറ വരവ് മറ്റ് കുടിയേറ്റക്കാരിൽ ആനന്ദമുളവാക്കി ഇങ്ങിനെ ഈ സ്ഥലത്തിൻെറ പേര് 'സിംഗ്കണ്ടം' എന്നായി. താഴ്വരയിലാകെ മുത്തുകൾ വിളയുന്ന പുല്ല് മുത്തുമണിപോലെ വിളഞ്ഞ് കിടക്കുന്ന (പൂച്ചപുല്ല്) പ്രദേശത്തെ മുത്തുകാട് എന്ന് വിളിച്ചു. കാലക്രമേണ മുത്തുകാട് ലോപിച്ച് മുട്ടുകാടായി. തമിഴ് നാട്ടിൽ നിന്നും നയ്ക്കർ സമുദായത്തിൽപ്പെട്ട മുത്തമ്മ എന്ന സ്ത്രീ ഇവിടെ വരികയും ഏലകൃഷി നടത്തുകയും ചെയ്തുപോന്നു. വിഷ്ണുഭക്തയായ ഇവർ തന്നാൽകഴിയുന്ന സഹായം എല്ലാവർക്കും ചെയ്തുപോന്നു. മുത്തമ്മ എന്ന പൊതുജന സമ്മതയായ സ്ത്രീയോടുള്ള ആദരസൂചകമായി ഈ സ്ഥലത്തിന് 'മുത്തമ്മച്ചോല' എന്ന് നാമകരണം ചെയ്തു.

1956 -ൽ പൂപ്പാറ വില്ലേജ് വിഭജിച്ച് ചിന്നക്കനാൽ വില്ലേജ് നിലവിൽ വന്നു. ജനവാസം കൂടിയതോടെ പുതിയ താലൂക്കും, പുതിയ പഞ്ചായത്തുകളും നിലവിൽ വന്നു. ദേവികുളം താലൂക്കിനെ വിഭജിച്ച് ഉടുമ്പൻചോല താലൂക്കും ശാന്തൻപാറ പഞ്ചായത്തിനെ വിഭജിച്ച് ചിന്നക്കനാൽ പഞ്ചായത്ത് രൂപീകരിച്ചു. അങ്ങിനെ 1969 സെപ്തംബർ 26 ന് ചിന്നക്കനാൽ പഞ്ചായത്ത് നിലവിൽ വന്നു. 1957 -ൽ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് കേരളത്തിൻെറ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് ഇവിടുത്തെ കുടിയേറ്റ കർഷകർക്ക് ആദ്യമായി പട്ടയം ലഭിക്കുന്നത്. ഇതേ തുടർന്ന് കുടിയേറ്റ കർഷകർക്ക് അവരുടെ കർമരംഗത്ത് ഒരു

നവോന്മേഷം കൈവന്നു. ബഹുജന പങ്കാളിത്തത്തോടെയാണ് ഈ പ്രദേശത്തിൻെറ വികസന പരിപാടികൾ നടന്നിരുന്നത്. ഈ പഞ്ചായത്തുൾക്കൊള്ളുന്ന പ്രദേശത്ത് ആദ്യമായുണ്ടായ വിദ്യാഭ്യാസ സ്ഥാപനം പെരിയകനാൽ കണ്ണൻദേവൻ കമ്പനി വക എയ്ഡഡ് എൽ. പി. സ്കൂളാണ്. ഈ പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന വിവിധങ്ങളായ വികസന പ്രശ്നങ്ങളും, പ്രതിസന്ധികളും പരിഹരിക്കാൻ നമുക്കൊരവസരം കൈവന്നിരിക്കുന്നു. അധികാര വികേന്ദ്രീകരണത്തിൻേറയും ജനകീയാസൂത്രണത്തിൻേറയും സാധ്യതകൾ പൂർണമായി പ്രയോജനപ്പെടുത്തികൊണ്ട് നമ്മുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ നമുക്കേവർക്കും തോളോടുതോൾ ചേർന്ന് ഏകോദര സഹോദരങ്ങളെപ്പോലെ ഒത്തൊരുമയോടെ പ്രവൃത്തിക്കാം.

## മുൻ പഞ്ചായത്ത് ഭരണസമിതികൾ

ആദ്യ ഭരണസമിതി -1969

| | |
|---|---|
| ശ്രീ. ആർ. ഇന്നാശുമുത്ത് | പ്രസിഡണ്ട് |
| ശ്രീ. എസ്. ചെല്ലയ്യ | മെമ്പർ |
| ശ്രീ. എസ്. മധുരവീരൻ | |

1979 ൽ നിലവിൽ വന്ന ഭരണസമിതി

| | |
|---|---|
| ശ്രീ. കെ. തങ്കസ്വാമി | പ്രസിഡണ്ട് |
| ശ്രീ. കെ. എം. വർഗീസ് | വൈസ് പ്രസിഡണ്ട് |
| ശ്രീ. മുത്തുകറുപ്പുസ്വാമി | |
| ശ്രീ. റൂബിൻ ജോസഫ് | |
| ശ്രീ. എസ്.എം.എസ്. രാജൻ | |
| ശ്രീ. ഇനാശുമുത്ത് | |
| ശ്രീ. ദേവരാജ് | |
| ശ്രീമതി സ്വർണം അയ്യപ്പൻ. | |

1979 മുതൽ 82 വരെ കെ. തങ്കസ്വാമിയായിരുന്നു പ്രസിഡണ്ട് പിന്നീട് 1982 ൽ ശ്രീ. കെ. എം. വർഗീസ് പ്രസിഡണ്ടായി.

1988 ൽ നിലവിൽ വന്ന ഭരണസമിതി.

| | |
|---|---|
| ശ്രീ. പി. സുബ്ബയ്യ | പ്രസിഡണ്ട് |
| ശ്രീ. വി. എക്സ്. ആൽബിൻ | വൈസ് പ്രസിഡണ്ട് |
| ശ്രീ. എൻ. ഗുരുനാഥൻ | മെമ്പർ |
| ശ്രീ. എ.പി. അശോകൻ | " |
| ശ്രീ. ശബരിമുത്ത് | " |
| ശ്രീ. എസ്. കുശലൻ | " |
| ശ്രീമതി എലിസബത്ത് ഡിക്രൂസ് | " |
| ശ്രീമതി മേരി സെൽവരാജ | " |

1988 - 89 ൽ ശ്രീ. സുബ്ബയ്യ പ്രസിഡണ്ടായിരുന്നു. 1990 ശ്രീ. എൻ. ഗുരുനാഥൻ പ്രസിഡണ്ടായി.



# ഭൂപ്രകൃതിയും വിഭവങ്ങളും

കേരളത്തിൻെറ തെക്ക് കിഴക്ക് പശ്ചിമഘട്ടത്തിൽ സ്ഥിതി ചെയ്യുന്ന ജില്ല യാണ് ഇടുക്കി. ഇടുക്കിയുടെ വടക്കുകിഴക്ക് ഭാഗത്ത് തമിഴ്നാടിനോടു ചേർന്നു കിട ക്കുന്ന പഞ്ചായത്താണ് ചിന്നക്കനാൽ സമുദ്രനിരപ്പിൽ നിന്നും 3500 അടിമുതൽ 8500 അടിവരെ ഉയരത്തിൽ മാനംമുട്ടെ ഉയർന്നു നിൽക്കുന്ന മലനിരകളും, പച്ചപട്ടുവിരിച്ച മൊട്ട ക്കുന്നുകളും, താഴ്വാരങ്ങളും, നീർച്ചാലുകളും, ഹരിതഭംഗി നിറഞ്ഞുനിൽക്കുന്ന പുഞ്ചപാ ടങ്ങളും, മഞ്ഞു പുതച്ചു കിടക്കുന്ന മലനിരകളും നിറഞ്ഞ ഭൂപ്രകൃതിയാണ് ചിന്നക്കനാൽ ഗ്രാമ പഞ്ചായത്തിൻേറത്. സമുദ്രനിരപ്പിൽ നിന്നും ഏകദേശം 3500 അടി ഉയരത്തിൽ സ്ഥി തിചെയ്യുന്ന മുട്ടുകാട് (വേണാട്) ഒരു മിതോഷ്ണ മേഖലയാണ്. നവംബർ മുതൽ ജനുവ രിവരെയുള്ള കാലയളവിൽ അതിശൈത്യവും ഫെബ്രുവരി മുതൽ ഏപ്രിൽവരെ കഠിന മായ ചൂടും അനുഭവപ്പെടുന്ന ഒരു മേഖലയാണ് മുട്ടുകാട് പ്രദേശം. നെല്ല്, കുരുമുളക്, ഏലം എന്നീ കൃഷികൾക്ക് അനുയോജ്യമാണ്.

മുട്ടുകാട്ടിൽ നിന്നും ഏകദേശം 1500 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഗ്യാപ്പ് വിനോദ സഞ്ചാരികളുടെ ഒരു പറുദീസയാണ്. ഉയർന്ന പാറക്കെട്ടുകളിൽ നിന്നും അതിമ നോഹരമായ വെള്ളച്ചാട്ടവും, പന്ത്രണ്ടുവർഷത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞികൊ ണ്ടും അലങ്കരിക്കപ്പെട്ടിരിക്കുന്ന ഈ പ്രദേശത്തിൻെറ ഉൾകാടുകളിൽ പുള്ളിപ്പുലി, കാട്ടു പോത്ത്, പുള്ളിമാൻ, ആന, കരടി, കാട്ടുപന്നി, മുള്ളൻപന്നി, മലയണ്ണാൻ, മയിൽ, പ്രാവ്, വേഴാമ്പൽ തുടങ്ങിയ പക്ഷിമൃഗാദികളുടെ വിഹാരകേന്ദ്രവുമാണ്. തെക്കൻ കാശ്മീരെന്ന റിയപ്പെടുന്ന മൂന്നാറും, ദേശീയപാർക്കായ ഇരവികുളവും ഉൾക്കൊള്ളുന്ന മൂന്നാർ പഞ്ചാ യത്തിൻെറ തെക്ക് കിഴക്കേയതിരും, ചിന്നക്കനാൽ പഞ്ചായത്തിൻെറ പടിഞ്ഞാറെയതിരും തമ്മിൽ സംഗമിക്കുന്ന ചൊക്രമുടി മലയിൽ ക്രൈസ്തവർ ദു:ഖ വെള്ളിയാഴ്ച ദിവസം മലകയറൽ നടത്തുന്ന കേന്ദ്രവുമാണ്.

കൊച്ചി-മധുര നാഷണൽ ഹൈവേ (NH-49) കടന്നുപോകുന്ന ഗ്യാപ്പു മുതൽ ഏകദേ ശം 12 കി.മീ. ദൂരത്തിലുള്ള ഗ്യാപ്പ്, പവർഹൗസ്, ചിന്നക്കനാൽ, ലക്ഷംവീട്, കുത്തുങ്കൽ ത്തേരി, സൂര്യനെല്ലി തുടങ്ങിയ പ്രദേശം വിനോദ സഞ്ചാരികൾക്ക് ഒരു ടൂറിസ്റ്റ് കേന്ദ്രവുമാ ണ് ഈ പ്രദേശങ്ങൾ. കണ്ണൻദേവൻ മലകളുടേയും, ഹാരിസൺ കുന്നുകളുടേയും ഹരിതഭം ഗി വിളിച്ചോതുന്ന തേയിലതോട്ടങ്ങളും, അങ്ങിങ്ങായി കൈകോർത്തു നിൽക്കുന്ന പാറക്കൂ ട്ടങ്ങളും, ഇതിനെ പുളകമണിയിച്ചുകൊണ്ട് ചൂളംകുത്തി പതഞ്ഞൊഴുകുന്ന കാട്ടരുവിക ളും, നീർച്ചാലുകളും, മൊട്ടക്കുന്നുകളും, പച്ചപ്പുൽമേടുകളോടും കൂടിയ ഈ പ്രദേശം പ്രകൃ തീദേവിയുടെ വരദാനമാണ്. ഇതൊരു നിമ്നോന്നത മേഖലകൂടിയാണ്. സൂര്യനെല്ലിയിൽ നിന്നും ഏകദേശം 7 കി.മീ. ദൂരത്തിൽ സ്ഥിതിചെയ്യുന്ന ഒരു മനോഹരമായ പ്രദേശമാണ് കുളുക്കുമല. സമുദ്രനിരപ്പിൽ നിന്നും ഏകദേശം 8500 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശം അയൽ സംസ്ഥാനമായ തമിഴ്നാടിൻേറയും കേരളത്തിൻേറയും അതിർ ത്തിരിയുന്ന പ്രദേശമാണ്. തമിഴ്നാട്ടിൽ നിന്നുമുള്ള ശക്തിയായ കാറ്റും, സൂര്യനെ ല്ലി മലകളിൽ നിന്നുമുള്ള മഞ്ഞും ഈ മലനിരകളിൽ സംഗമിക്കുന്നതിനാൽ ഈ കുന്നുപ്രദേശങ്ങളിൽ തേയിലയൊഴികെ മറ്റു കൃഷികൾക്ക് അനുയോജ്യമല്ല. ഈ മലമടക്കുകളിൽ നിന്നുമാണ് സൂര്യനെല്ലിതോട് ഉത്ഭവിക്കുന്നത്. ചിന്നക്കനാൽ

ഗ്രാമപഞ്ചായത്തിൻെറ വടക്കു കിഴക്കേ ഉയരംകൂടിയ മലനിരകളിൽ നിന്നും ഉത്ഭവിക്കുന്ന ഈ തോട് ആനയിറങ്ങൽ ജലസംഭരണിയിൽ വെള്ളം ശേഖരിക്കാൻ പ്രധാന പങ്കുവഹിക്കുന്നു. ഗ്യാപ്പു മുതൽ കുളുക്കുമല വരെയുള്ള മലനിരകൾ നമ്മുടെ പഞ്ചായത്തിൻെറ വടക്കെ അതിർത്തി പ്രദേശങ്ങളാണ്. ചിന്നക്കനാൽ മുതൽ സൂര്യനെല്ലിവരെയുള്ള പ്രദേശങ്ങളിൽ സാമാന്യം നല്ല മഴ ലഭിക്കുന്നു. പൊതുവെ തണുപ്പുള്ള പ്രദേശങ്ങളുമാണ്. ഈ പ്രദേശങ്ങളിൽ പ്രധാനകൃഷികൾ, തേയില, കാപ്പി, ഏലം എന്നീ ദീർഘകാല വിളകളും ഹ്രസ്വകാല വിളകളായ വാഴ, പച്ചക്കറി എന്നിവയും ചെയ്തുവരുന്നു. അതുപോലെതന്നെ പേപ്പർമില്ലുകളിൽ പൾപ്പിനായും വീടു നിർമാണത്തിനായി ഉപയോഗിക്കുന്ന ഉരുപ്പിടികൾക്കായും ഉപയോഗിക്കുന്ന ഗ്രാൻൻറിസ്, യൂക്കാലിപ്സ് മരങ്ങൾ ധാരാളം കൃഷി ചെയ്തുവരുന്നു. ഈ മരങ്ങൾ ഈ പ്രദേശങ്ങളിൽ ഇവയ്ക്കനുയോജ്യമായ കാലാവസ്ഥ, ആവശ്യമായ മഴയും തണുപ്പും കാറ്റും ജലലഭ്യതയുമുള്ള പ്രദേശമായതുകൊണ്ട് ഇവ നന്നായി വളരുന്നു.

ആദിവാസി മേഖലകളായ ചെമ്പകത്തൊഴുകുടി ചെറുചെരുവുകളും, സമതല പ്രദേശങ്ങളും ഉൾപ്പെട്ട പ്രദേശങ്ങളാണ്. ഇവിടെ പ്രധാനമായി കൃഷി ചെയ്തുവരുന്നത് ഇഞ്ചി, കേപ്പ, ചോളം എന്നിവിളകളാണ്. പഞ്ചായത്തിൻെറ തെക്കുകിഴക്കു ഭാഗത്ത് ആനയിറങ്ങൽ ജലസംഭരണിയോട് ചേർന്നു കിടക്കുന്ന സമതലപ്രദേശങ്ങളും ചെറു ചെരുവുകളും, വൻ ചെരുവുകളോടു കൂടിയ പ്രദേശമാണ് ബിയൽറാവ് പൊതുവെ മഴ കുറവു ലഭിക്കുന്ന ഈ പ്രദേശങ്ങളിൽ തണുപ്പു കൂടുതലായി അനുഭവപ്പെടുന്നു. സമതല പ്രദേശങ്ങളിൽ പ്രധാനകൃഷി ഇഞ്ചിയും കുരുമുളകുമാണ്. ഉയർന്ന പ്രദേശങ്ങളിൽ പ്രധാനമായും ഏലം കൃഷി ചെയ്തുവരുന്നു. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഏലം ഉൽപാദിപ്പിക്കുന്ന പ്രദേശങ്ങളാണ് ബിയൽറാവ്.

വളക്കൂറുള്ള മണ്ണ് നിറഞ്ഞ സിംങ്കണ്ടം ഒരു കാർഷിക മേഖലയാണ്. പഞ്ചായത്തിലൂടെ എൻ. എച്ച്. 49 കടന്നുപോകുന്ന പെരിയകനാലും സമീപ പ്രദേശങ്ങളിലും തേയില കൃഷി ചെയ്യുന്നു. ഈ പ്രദേശങ്ങൾ നിമ്നോന്നത മേഖലയാണ്. ഈ പ്രദേശത്തോടു ചേർന്നു കിടക്കുന്ന ഏക കാർഷിക മേഖല മുത്തമ്മചോല പ്രദേശമാണ്.

## ഭൂപ്രകൃതി മേഖലകൾ

ഭൂപ്രകൃതിയനുസരിച്ച് ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിനെ ആറായി തരംതിരിക്കാം.

1. ഉയർന്ന മേഖല
2. പാറക്കെട്ടുകൾ
3. വൻ ചെരുവുകൾ
4. ഇടത്തരം ചെരുവുകൾ
5. സമതല പ്രദേശം
6. താഴ്വര പ്രദേശങ്ങൾ

## പഞ്ചായത്തിലെ മണ്ണിനങ്ങൾ

ചിന്നക്കനാൽ പഞ്ചായത്തിൻെറ പാറക്കെട്ടുകളടങ്ങിയ പ്രദേശങ്ങൾ ഒഴികെ 75 % പ്രദേശങ്ങളിലും കറുത്തമണ്ണും, കറുത്തു ചരൾചേർന്ന മണ്ണും 10 % ചെമ്മൺ പ്രദേശവും, 10 % എക്കൽ മണ്ണും, 5 % ഫലഭൂയിഷ്ഠമായ പശിമരാശി മണ്ണുമാണ്. പഞ്ചായത്തിൻെറ

അങ്ങിങ്ങായി മണൽപറ്റുള്ള ചരൾമണ്ണും കാണപ്പെടുന്നു. മിക്ക പ്രദേശങ്ങളിലും മേൽമണ്ണ് കറുത്തതും അടിമണ്ണ് ചുവന്നതുമായി കാണപ്പെടുന്നു. സമതല പ്രദേശങ്ങളിൽ (പ്രത്യേകിച്ച് ഡാമിൻെറ സമതലം) അഭ്രം അടങ്ങിയതും വളക്കൂറുള്ള മണ്ണും കാണപ്പെടുന്നു.

**മണ്ണിനങ്ങൾ**

1. കറുത്ത മണ്ണ്
2. കറുത്ത ചരൾമണ്ണ്
3. ചെമ്മണ്ണ്
4. എക്കൽ മണ്ണ്
5. പശിമരാശി മണ്ണ്

## ജനപ്രകൃതി

1991 -ലെ സെൻസസ് കണക്കുകൾ പ്രകാരം ചിന്നകനാൽ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 111,55 ആയിരുന്നു. ഇതിൽ പുരുഷൻമാർ 55,706 ഉം, സ്ത്രീകൾ 5449 ഉം ആയിരുന്നു. ആകെ വീടുകൾ 3221 ആണ്. കണക്കുകളനുസരിച്ച് പഞ്ചായത്തിലെ ശരാശരി വീടൊന്നിന് നാല് (4) ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 156 ആണ്. ഒരു വയസിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 252 ആണ്. പട്ടികജാതി ജനസംഖ്യ 4895 ആണ്. ആകെ ജനങ്ങളിൽ 75 ശതമാനം പേരും സാക്ഷരരാണ്. ഇതിൽ തമിഴ് ഭാഷ സംസാരിക്കുന്നവരുടെ സാക്ഷരത 65 ശതമാനവും മലയാളഭാഷ സംസാരിക്കുന്നവരുടെ സാക്ഷരതാ നിലവാരം 85 ശതമാനവുമാണ്. ഈ പഞ്ചായത്തിലെ ഉയർന്ന സാക്ഷരതാ പ്രദേശങ്ങൾ മുട്ടുകാടും, പെരിയക്കനാലും, സൂര്യനെല്ലിയും, ബിയൽറാവുമാണ്.

1996 ലെ ആരോഗ്യവകുപ്പിലെ സർവെ പ്രകാരം ചിന്നക്കനാൽ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 13,273 ണ്. ഇതിൽ സ്ത്രീകൾ 6,966 ഉം, പുരുഷൻമാർ 6,214 ഉം, ഒരു വയസിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 93 ഉം ആണ്.

വാർഡുതല [illegible]ർമാരുടെ ജനസംഖ്യാ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പഞ്ചായത്തിൽ നിന്നും ലഭ്യമായത്.

| വാർഡ് | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| I | 838 | 778 | 1616 |
| II | 403 | 397 | 800 |
| III | 964 | | 1277 |
| IV | 597 | 501 | 1098 |
| V | 444 | 452 | 896 |
| VI | 716 | 545 | 1261 |
| VII | 297 | 292 | 589 |
| VIII | 972 | 792 | 1768 |
| | | | 9305 |

വിദ്യാഭ്യാസ രംഗത്ത് ഇടുക്കി ജില്ലയിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത്. വിദ്യാഭ്യാസം നേടുന്നവരുടെയെണ്ണം കാലാനുസൃതമായി വർധനയുണ്ടെങ്കിലും പഠന നിലവാരം പിന്നോക്കമാണ്. ഈ പഞ്ചായത്തിൽ മൂന്ന് ഗവൺമെൻറ് എൽ പി സ്കൂളുകളും, രണ്ട് പ്രൈവറ്റ് എൽ പി സ്കൂളുകളുമാണ് ഉള്ളത്. വിദ്യാഭ്യാസ നിലവാരം പിന്നോക്കം നിൽക്കുവാനുള്ള കാരണങ്ങളിലൊന്ന് ഭാഷാ പ്രശ്നവും, ഭാഷാടിസ്ഥാനത്തിലുള്ള സ്കൂളുകളുടെ അപര്യാപ്തതയും, നിലവിലുള്ള സ്കൂളുകളിൽ അധ്യാപകരുടെ കുറവും സമയാസമയങ്ങളിൽ പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ലയെന്നുള്ളതുമാണ് വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുടെ അടിസ്ഥാന ഘടകങ്ങൾ

## ജലപ്രകൃതി

പഞ്ചായത്തിൽ ജൂൺ, ജൂലൈ മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് മഴ ലഭിക്കുന്ന ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള കാലങ്ങളിലാണ്. തെക്കു പടിഞ്ഞാറൻ കാലവർഷം ലഭിക്കാത്ത ഒരു പ്രദേശമാണ് ഈ ഗ്രാമപഞ്ചായത്തിലെ ബിയൽറാവ് എങ്കിലും ഇവിടെ കാലവർഷം കനത്ത തോതിൽ ലഭിക്കുന്നു. പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകൾ ആനയിറങ്ങൽ ഡാമും, 6 ചെറുതോടുകളും, ഏതാനും കുളങ്ങളും, കിണറുകളും, നീർചാലുകളുമാണ്. ഇവയിൽ ഒട്ടുമിക്ക ജലസ്രോതസ്സുകളും വേനൽക്കാലത്ത് വറ്റിപ്പോകുന്നവയാണ്. ജലസേചനത്തിനുവേണ്ടി പട്ടികജാതി-പട്ടികവർഗ കോളനികളിൽ കിണറുകളും, കുളങ്ങളും, ചെക്കുഡാമുകളും അതിനോടു ബന്ധപ്പെട്ട കനാലുകളു, വിവിധ ഡിപ്പാർട്ടുമെൻറുകൾ നിർമിച്ചു നൽകിയിട്ടുണ്ടെങ്കിലും അത് വേണ്ടത്ര പ്രയോജനം ചെയ്യുന്നില്ല. താഴെ പട്ടിക കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വാർഡ് | സ്ഥലം | ചെക്ക് ഡാം | കനാൽ |
|---|---|---|---|---|
| 1 | I | മുട്ടുകാട് | | 2 |
| 2 | II | നടുപ്പാറ | 1 | 1 |
| 3 | III | മുത്തമ്മചോല | 1 | 1 |
| 4 | VIII | പച്ചപ്പുൽകുടി | 2 | 2 |
| 5 | .. | ആദിവാസി കോളനി ടാങ്കുകുടി | 1 | 1 |
| 6 | .. | ചെമ്പകത്തൊഴുകുടി | 1 | 1 |

## ശുദ്ധജല ലഭ്യത

രൂക്ഷമായ കുടിനീർക്ഷാമം നേരിടുന്ന ഒരു പ്രദേശമാണ് ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത് ഫെബ്രുവരി മുതൽ ഏപ്രിൽവരെയുള്ള മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്. പഞ്ചായത്തിൽ മോശമായ ജലം ലഭിക്കുന്ന പ്രദേശങ്ങളുമുണ്ട്. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. പഞ്ചായത്തിൻെറ 1 -ാം

വാർഡിൻെറ മിക്ക പ്രദേശങ്ങളും 2, 3, 5, 6, 7 വാർഡുകളിൽ ഭാഗികമായും ജലക്ഷാമം അനുഭവപ്പെടുന്നു. 4, 8 വാർഡുകളിൽ ജനവാസമുള്ള മിക്കപ്രദേശങ്ങളും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളാണ്. കുടിവെള്ളം ലഭിച്ചുകൊണ്ടിരിക്കുന്ന പ്രദേശങ്ങ ളിലും വേനൽക്കാലത്ത് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.

പഞ്ചായത്തിൻെറ ഭൂമിയുടെ വിസ്തൃതി, മറ്റു വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

## ചിന്നക്കനാൽ വില്ലേജ്

| | ഹെക്ടർ | ആർ | സ്ക്വയർഫീറ്റ് |
|---|---|---|---|
| പട്ടയവസ്തു | 3138 | 56 | 44 |
| പുറമ്പോക്ക് | 3565 | 32 | 51 |
| തരിശ് | 29 | 54 | 39 |
| ഫോറസ്റ്റ് | 290 | 34 | – |
| ടാറ്റാ കമ്പനി | 441 | 89 | 06 |
| H.M.L. | 1022 | 86 | 86 |
| **ആകെ** | **6733** | **43** | **34** |

ചിന്നക്കനാൽ പഞ്ചായത്തിൽ ഉൾപ്പെട്ട മറ്റു വില്ലേജുകൾ ഉൾപ്പെടുന്ന സ്ഥലം

| | ഹെക്ടർ | ആർ | സ്ക്വയർഫീറ്റ് |
|---|---|---|---|
| രാജകുമാരി വില്ലേജ് | 102 | | |
| ബൈസൺവാലി " | 25 | | |
| **ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് ആകെ വിസ്തീർണം** | **6860** | **43** | **34** |



# കൃഷിയും ജലസേചനവും

**ചി**ന്നക്കനാൽ ഗ്രാമ പഞ്ചായത്തിന്റെ വൻകിട തേയില കൃഷിയിടങ്ങളായ 2, 3, 5, 6, 7 എന്നീ വാർഡുകളൊഴിച്ച് മറ്റു വാർഡുകളായ 1, 4, 8 വാർഡുകൾ പൂർണ്ണമായും കാർഷികമേഖലയാണ്. തേയിലക്കൃഷി ചെയ്യുന്ന മേഖലയിൽ ചതുപ്പുനിലങ്ങളിലും തൊഴിലാളികളുടെ വീട്ടുവളപ്പുകളിലും വർഷങ്ങളായി വാഴയും, ഓറഞ്ചും, പച്ചക്കറിതോട്ടങ്ങളും കൃഷി ചെയ്തുവരുന്നു. ആനയിറങ്ങൽ ഡാം ജലസംഭരണിയുടെ ഓരം ചേർന്ന് കുറെ കർഷകർ അധിവസിക്കുന്നു. പ്രധാനകാർഷിക മേഖലകളിൽ ആദ്യകാലങ്ങളിൽ നെല്ല്, മരച്ചീനി, തൈലപ്പുൽകൃഷി എന്നിവയായിരുന്നു കൃഷിചെയ്തിരുന്നത്. പിന്നീട് ഏലം, കുരുമുളക്, കാപ്പി, വാഴ, ഇഞ്ചി, തെങ്ങ്, കമുക്, കൊക്കോ തുടങ്ങിയ നാണ്യവിളകൾ കൃഷിചെയ്തുവരുന്നു. കിഴങ്ങുവർഗ്ഗത്തിൽപ്പെട്ട ചേന, ചേമ്പ്, കാച്ചിൽ, മധുരക്കിഴങ്ങ് തുടങ്ങിയവയും കൃഷി ചെയ്തു വരുന്നു. വന്യമൃഗങ്ങളുടെ ശല്യവും കാലാവസ്ഥയിൽ വന്ന മാറ്റവും, കൃഷിച്ചെലവിൽ വന്ന വർദ്ധനവുമാണ് കൃഷിയിൽ മാറ്റമുണ്ടായത്.

ഏലം, കുരുമുളക് എന്നിവയാണ് പ്രധാന കൃഷി മേൽക്കാണിച്ചിരിക്കുന്ന കൃഷികൾ ഇടവിളയായിട്ടാണ് കൃഷി ചെയ്തുവരുന്നത്. നെൽക്കൃഷി ഒന്നാംവാർഡിൽപ്പെട്ട മുട്ടുകാട് ഭാഗത്ത് 25-ഓളം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നു. കൂടെക്കൂടെയുള്ള പ്രകൃതിക്ഷോഭവും കാലാവസ്ഥമാറ്റവും, മൃഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണവും മൂലം കൃഷിയുടെ ഉല്പാദനക്ഷമത കുറഞ്ഞിരിക്കുന്നു. പ്രധാനകൃഷികളിൽ ഒന്നായ ഏലം മുട്ടുകാടിന്റെ കുറേ ഭാഗങ്ങൾ വേണാട്, ഏലപ്പാറ, നടുപ്പാറ, കിളവിപാറ, മുത്തമ്മച്ചോല, ചിന്നക്കനാലിന്റെ കുറെ ഭാഗങ്ങൾ പുലിച്ചോല, ഷൺമുഖവിലാസം, പാപ്പാത്തിച്ചോല, അരമനപ്പാറ, ബി എൽ റാവ്, ബോഡിമെട്ട് എന്നിവിടങ്ങളിൽ വ്യാപകമായി കുരുമുളക് കൃഷി ചെയ്തുവരുന്നു. മുട്ടുകാട്ടിലും സിംഗുകണ്ടം, മുത്തമ്മച്ചോല, ബി എൽ റാവിലുമാണ് ഈ മേഖലകളെ ആശ്രയിച്ചാണ് കർഷകരും കർഷകത്തൊഴിലാളികളും ഉപജീവനം നടത്തുന്നത്. ഏലം മേഖലയിൽ വൻകിട- ഇടത്തരം കർഷകരാണ്. നാമമാത്രമായി ചെറുകിട കർഷകരുമുണ്ട്.

ചിന്നക്കനാൽ പഞ്ചായത്തിൽ ഒന്നാം വാർഡായ മുട്ടുകാട്ടിലും എട്ടാം വാർഡിൽപ്പെട്ട ബി എൽ റാവിലുമാണ് പ്രധാനമായി കുരുമുളക് കൃഷി ചെയ്തുവരുന്നത്. ഉദ്ദേശ്യം 260 ഹെക്ടറോളം വിദേശ നാണ്യം നേടിത്തരുന്ന 'കറുത്തപൊന്ന്' എന്ന പേരിലറിയപ്പെടുന്ന കുരുമുളക് കൃഷി ചെയ്തുവരുന്നു. സമുദ്രനിരപ്പിൽ നിന്നും 3500 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന മുട്ടുകാട് കാർഷിക വിളകൾക്ക് അനുയോജ്യമായ ഭൂപ്രകൃതി ജൈവാംശമടങ്ങിയ കറുത്തമണ്ണ് കുരുമുളകിന് അനുയോജ്യമാണ്. അത്യുൽപാദന ശേഷിയുള്ള പന്നിയൂർ 1, കരിമുണ്ട, വെള്ളാരമുണ്ട എന്നീ ഇനങ്ങളിൽപ്പെട്ടവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. ഇടത്തരം - ചെറുകിട നാമമാത്ര കർഷകരുടെ വരുമാനമാർഗം ഈ കൃഷിയിൽ നിന്നാണ്. എന്നാൽ കുറെ വർഷങ്ങളായി ദ്രുതവാട്ടം എന്ന കുമിൾരോഗം മൂലം കർഷകർക്ക് ആശാവഹമല്ലാത്ത സ്ഥിതിയുണ്ടാവുകയും മറ്റു കൃഷികർക്ക് പുനർചിന്തനം

നടത്തി വരവെ കൃഷിഭവൻ കാലോചിതമായി ഇടപെട്ട് ഈ രോഗത്തെ തടഞ്ഞുനിർത്തുന്നതിനുവേണ്ടി പ്രാരംഭ നടപടികൾ ആരംഭിച്ചു. ഗവൺമെൻറ് ഗ്രൂപ്പ് ഫാമിങ് പദ്ധതി നടപ്പിൽ വരുത്തിയതിൻെറ ഭാഗമായി കുരുമുളക് സംരക്ഷണ സമിതികൾ രൂപീകരിക്കുകയും ഈ സമിതികൾ മുഖേന കർഷകരെ സെമിനാറുകൾ സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തി വളങ്ങളും കീടനാശിനികളും സൗജന്യനിരക്കിൽ വിതരണം ചെയ്ത് പുനരുദ്ധാരണ പ്രക്രിയ ആരംഭിക്കുകയും കുറെയൊക്കെ കർഷകർക്ക് ഫലം കിട്ടുകയും ചെയ്തു. എങ്കിലും ഈ കൃഷി വൻതോതിൽ നശിച്ചുകൊണ്ടിരിക്കുകയാണ്.

കർഷകർക്ക് ഉൽപന്നത്തിന് ന്യായവില ലഭിക്കുന്നില്ല. മാർക്കറ്റുകളിൽ എത്തിക്കുന്നതിന് ഗതാഗതം കുറവ്. വരുമാനത്തിൻെറ നല്ല അംശം ഉൽപന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുന്നതിന് ചെലവിടേണ്ടിവരുന്നു. ഈ പഞ്ചായത്തിൽ കാർഷിക വിളകളുടെ വിപണന സൗകര്യം തീരെയില്ല. ആയതിനാൽ ഇടത്തരം - നാമമാത്ര കർഷകരെ ഇടത്തട്ടുകാർ ശരിക്കും ചൂഷണം ചെയ്യുന്നു.

കുരുമുളക് കർഷകരിൽ ഭൂരിഭാഗവും രണ്ട് ഏക്കറിൽ താഴെ ഭൂമിയുള്ളവരാണ്. സ്വന്തം ഭൂമിയിൽ കൃഷിപ്പണിയെടുക്കുന്ന ആളുകളുടെ എണ്ണം നന്നേ കുറവാണ്. കർഷക തൊഴിലാളികളുടെ എണ്ണം നന്നേ കുറഞ്ഞുവരുന്നു. ഈ മേഖലയിൽ പണിയെടുക്കുന്ന പുരുഷ തൊഴിലാളികൾക്ക് 60 രൂപയും, സ്ത്രീ തൊഴിലാളിക്ക് 50 രൂപയുമാണ് കൂലി.

ഏലത്തോട്ടം മേഖലയിലാണ് കുറെയെങ്കിലും ശാസ്ത്രീയമായ വളപ്രയോഗം നടത്താറുള്ളത്. സാധാരണ കർഷകർ രാസവളവും കീടനാശിനികളും ഉപയോഗിക്കുന്നു. ശാസ്ത്രീയമായ കൃഷി രീതികളും, ഉൽപാദന ക്ഷമതയുള്ള തൈകളും ഉപയോഗിക്കുന്നതിനാവശ്യമായ ഉപഭോഗ നിർദ്ദേശങ്ങൾ കർഷകർക്കു ലഭ്യമാക്കണം. മണ്ണൊലിപ്പു തടയുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഈ കൃഷിയുമായി മുന്നോട്ടുപോകാൻ കർഷകർക്ക് സാധിക്കാതെ വരും.

ഈ പഞ്ചായത്തിൽ നെൽകൃഷിയുള്ളത് ഒന്നാം വാർഡിൽ മുട്ടുകാട്ടിൽ മാത്രമാണ്. ഇവിടെ 25 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. ജലസേചന സൗകര്യം വർധിപ്പിക്കുകയാണെങ്കിൽ കൂടുതൽ സ്ഥലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കാൻ കഴിയും.

കുടിയേറ്റ കർഷകർ ആദ്യകാലങ്ങളിൽ കരയിലും നെൽകൃഷി ചെയ്തിരുന്നു. വിരിപ്പ് എന്ന പേരിലായിരുന്നു അതറിയപ്പെട്ടിരുന്നത്. ആ കാലഘട്ടങ്ങളിലെ വിത്തിനങ്ങൾ വെള്ളപ്പെരുവാഴ, ചുമലപ്പെരുവാഴ, കറുത്തചാര, വെളുത്തചാര, മരത്തോണി എന്നിവയായിരുന്നു. പിൽക്കാലത്ത് കര ഭൂമിയിൽ മറ്റു കാർഷിക വിളകൾ കൃഷിചെയ്യുകയും പാടങ്ങളിൽ മാത്രമായി നെൽകൃഷി ചുരുങ്ങുകയും ചെയ്തു. ഈ കാലഘട്ടത്തിൽ പ്രചാരം നേടിയ ഐ. ആർ. 8, എച്ച് 4, എച്ച് 3, ജയ, കൾച്ചർ, രോഹിണി എന്നിവ നെൽകൃഷിയിൽ സ്ഥാനം നേടി. അത്യുൽപാദനശേഷിയുള്ള സങ്കരയിനം നെൽവിത്തുകളോടാണ് കർഷകർക്ക് ഏറെ താൽപര്യം. കൃഷിഭവനിലൂടെ കർഷകർക്ക് നെൽവിത്തുകൾ ലഭിക്കാറില്ല. നല്ലയിനം വിത്തുകളുടെ ദൗർലഭ്യവും, തുടർച്ചയായുള്ള പ്രകൃതിക്ഷോഭവും നിമിത്തം കർഷകർക്ക് നെൽകൃഷിയോട് താൽപര്യം കുറഞ്ഞുവന്നു. അതുപോലെ വളങ്ങളുടേയും, കീടനാശിനികളുടേയും അമിതമായ വിലവർദ്ധനവും കൃഷിയുടെ പിന്നോട്ടടിയ്ക്ക് മുഖ്യകാരണമാണ്.

നെൽകൃഷിക്ക് ആവശ്യമായ കാർഷിക ഉപകരണങ്ങളിൽ അഗ്രോ സർവീസ് സെൻററർ നൽകിയ ഒരു ട്രില്ലർ മാത്രമാണുള്ളത്.

കാർഷികോന്നമനത്തെ ലാക്കാക്കി ജലസേചനത്തിനായി കൃഷിഭവൻ മുഖേന ഹരിജൻ

-ഗിരിജൻ കോളനികൾക്ക് ... ...മായി കിണറുകൾ കുഴിക്കുകയും കാർഷികോപകരണങ്ങൾ വിതരണം നടത്തുകയും, കൂടാതെ തെങ്ങിൻതൈകൾ, കമുകിൻ തൈകൾ, കുരുമുളകു ചെടികൾ, കാപ്പിതൈകൾ, ഓറഞ്ചു തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവകൾ വിതരണം ചെയ്തിട്ടുണ്ട്.

നെൽകൃഷി മുൻകാലങ്ങളിൽ വളരെയേറെ താൽപര്യപൂർവം കർഷകർ നടത്തിയിരുന്നു. എന്നാൽ അക്കാലത്ത് ജലസേചന സൗകര്യം മെച്ചപ്പെട്ടതുമായിരുന്നു. വളപ്രയോഗം, കീടനാശിനി, കൂലിചെലവ് ഇവകൾ വളരെ കുറവായിരുന്നു. സമീപകാലത്ത് മണ്ണിലെ ഫലഭൂയിഷ്ടത നഷ്ടപ്പെട്ടതുകൊണ്ട് രാസവളപ്രയോഗം, കീടനാശിനി ഇവകളുടെ ഉപയോഗം വർദ്ധിക്കുകയും, അധിക കൂലിച്ചെലവും, രാസവള കീടനാശിനികളുടെ വിലവർദ്ധനവ് മൂലം നെൽകൃഷി ലാഭകരമല്ലാത്ത സ്ഥിതിയിലേക്ക് എത്തി. ഇതുമൂലം കർഷകർ നെൽവയലുകൾ നികത്തി മറ്റു കൃഷികളായ ഏത്തവാഴ, ഇഞ്ചി, മരച്ചീനി, പൈനാപ്പിൾ എന്നിവ കൃഷിചെയ്തു വരുന്നു.

## നെൽകൃഷി (കൃഷിഭവൻ രേഖ)

| നമ്പർ | വിള | വിസ്തീർണം (ഹെക്ടർ) |
|---|---|---|
| 1. | നെല്ല് ഒന്നാംവിള | 25 |
| 2. | നെല്ല് രണ്ടാംവിള | 20 |

നെൽകൃഷിയുടെ ഉൽപാദനം 2 വിള, വിരിപ്പ്, മുണ്ടകൻ ആകെ ഉൽപാദനം 1,50,000 കിലോഗ്രാം. ഒരു ഹെക്ടറിൽ ഉൽപാദനം 3000 കിലോഗ്രാമാണ്. കൃഷിഭവനിൽ നിന്നും അത്യുൽപാദനശേഷിയുള്ള നെൽവിത്തുകൾ വിതരണം നടത്തി കർഷകരെ പ്രോൽസാഹിപ്പിച്ചിട്ടുണ്ട്.

മുഖ്യ വിളയായ ഏലം കൃഷി പഞ്ചായത്തിൽ 447 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു. ആകെ വർഷത്തിൽ ഉൽപാദനക്ഷമത 84.036 കി.ഗ്രാം ആണ്. ഹെക്ടറിൽ 188 കി.ഗ്രാമാണ് ശരാശരി ഉൽപാദനം. കുരുമുളക് പഞ്ചായത്തിൽ 260 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നു. വർഷത്തിൽ ഉത്പാദനക്ഷമത 1,56,000 കി.ഗ്രാമാണ്. ഹെക്ടറിൽ 600 കി.ഗ്രാമാണ് ശരാശരി ഉൽപാദനം. മറ്റ് വിളകളുടെ വി...മായ വിവരം താഴെ പട്ടികയിൽ വിവരിക്കുന്നു.

## കൃഷിഭവൻ രേഖ

| വിളകൾ | വിസ്തീർണം | ആകെ ഉൽപാദനം | ഹെക്ടറിൽ ഉൽപാദനം |
|---|---|---|---|
| ഏലം | 447 | 84.036 കി.ഗ്രാം. | 188 കി.ഗ്രാം. |
| കുരുമുളക് | 260 | 1,56,000 കി.ഗ്രാം | 600 കി.ഗ്രാം |
| നെല്ല് | 25 | 75,000 കി.ഗ്രാം. | 3000 കി.ഗ്രാം. |
| തെങ്ങ് | 75 | – | – |
| കമുക് | 5 | | |
| വാഴ | 25 | 35,000 കി.ഗ്രാം | |
| പച്ചക്കറി | 30 | | |
| പ്ലാവ് | 12,000 എണ്ണം | | |
| മാവ് | 8000 " | | |
| ഇഞ്ചി | 120 ഹെക്ടർ | | |
| മരച്ചീനി | 5 ഹെക്ടർ | 10,750 | |

പരമ്പരാഗതമായി കൃഷി ചെയ്തുവരുന്ന തൈലപ്പുൽ കൃഷി വളരെ കുറവാണെങ്കിലും 1, 4, 8 വാർഡുകളിലും ഇപ്പോഴും കാണാൻ കഴിയും. ഔഷധഗുണമുള്ള പുൽതൈലം ഉത്പാദിപ്പിക്കുന്ന കൃഷിക്കാർക്ക് വേണ്ടത്ര പ്രോൽസാഹനം കൊടുത്താൽ ഈ രംഗത്തു കുറെയൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും. തെങ്ങുകൃഷി പഞ്ചായത്തിൽ വളരെ വിരളമാണ്. മുട്ടുകാട് ഭാഗത്ത് ഈ കൃഷി ചെയ്തുവരുന്നു്. ഉത്പാദനക്കുറവും രോഗങ്ങളും ഈ രംഗത്ത് പണിയെടുക്കുന്ന കർഷകരെ തളർത്തിയിരിക്കുന്നു. ഹ്രസ്വകാല വിളകളായ വാഴ, ഇഞ്ചി, പച്ചക്കറി മുതലായവ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും കൃഷിചെയ്തു വരുന്നു. മേൽപറഞ്ഞ കൃഷിക്ക് സർക്കാർ ഭാഗത്തുനിന്നും യഥാസമയം വിത്തും വളവും കീടനാശിനിയും ലഭ്യമാക്കിയാൽ ഈ പഞ്ചായത്ത് മേൽപറഞ്ഞ കൃഷിയിലും ഉത്പാദനത്തിലും സ്വയംപര്യാപ്തതയിൽ എത്താൻ കഴിയും. കൃഷിഭവൻ മുഖേന കർഷകർക്കായി വിവിധയിനം കൃഷികളുടെ തൈകൾ വിതരണം നടത്തിയിട്ടുണ്ട്. പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| വിളകൾ | 1993 – 94 | 1994 – 95 | 1995 – 96 |
|---|---|---|---|
| തെങ്ങ് | 500 | 150 | 285 |
| കുരുമുളക് | 20,000 | 22,000 | 28,000 |
| കമുക് | 500 | 550 | 650 |
| കാപ്പി | 1700 | 1800 | 2000 |

ഈ പഞ്ചായത്തിൽ രണ്ട് കുരുമുളക് സമിതികളും ഒരു കേര സംരക്ഷണ സമിതിയും, ഒരു പാടശേഖരസമിതിയും പ്രവർത്തിക്കുന്നു. താഴെ പട്ടിക കാണുക.

| സമിതി | എണ്ണം | അംഗങ്ങൾ | വിസ്തീർണം | ആനുകൂല്യം |
|---|---|---|---|---|
| കുരുമുളക് | 2 | 49.8 | 1260 ഹെക്ടർ | 125 |
| കേര സംരക്ഷണ സമിതി | 1 | 108 | | 90 പേർക്ക് വളം കിറ്റ് |
| പാടശേഖര സമിതി | 1 | 67 | 25 | |

ടി സമിതികളുടെ പ്രവർത്തനങ്ങൾ മൂലം കാർഷിക മേഖലയിൽ ആശാവഹമായ മാറ്റങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. മണ്ണൊലിപ്പു മൂലം കൃഷിഭൂമിയുടെ ഫലഭൂയിഷ്ടത നഷ്ടപ്പെടുന്നു.
2. വിവിധ കാർഷിക വിളകൾക്ക് ഉണ്ടാകാവുന്ന നാശങ്ങൾ വന്യമൃഗങ്ങൾ, എലി, കീടങ്ങൾ മുതലായവയുടെ ശല്യം.
3. ജലസേചന കുറവ്.
4. ശാസ്ത്രീയമായ കൃഷിരീതിയുടെ അഭാവം. നല്ലയിനം വിത്തുകളുടെ ലഭ്യതക്കുറവ്, മണ്ണുപരിശോധന നടത്തി ഉപയുക്തമായ വിള നിശ്ചയിക്കുന്നില്ല.
5. ഉത്പാദനക്ഷമത കുറവ്.
6. പ്രകൃതിക്ഷോഭം മൂലം കൃഷി നശിക്കുന്നു.
7. ഉത്പാദിപ്പിക്കുന്നവ വിൽക്കുന്നതിനുള്ള വിപണി സാധ്യതക്കുറവ്.
8. കൃഷിഭവൻെറ സഹായം വേണ്ടത്ര ലഭിക്കുന്നില്ല.
9. യഥാർത്ഥ വില ലഭിക്കുന്നില്ല.
10. ഗതാഗത സൗകര്യം വളരെ കുറവ്. കർഷക തൊഴിലാളികളുടെ ലഭ്യത കുറവ്.
11. ശാസ്ത്രീയമായ വള പ്രയോഗത്തിൻെറ അഭാവം.
12. സാമ്പത്തിക സഹായത്തിൻെറ കുറവ്.
13. വിള ഇൻഷ്വറൻസ് പദ്ധതി ഇല്ല.

## സാധ്യതകൾ

1. മണ്ണു സംരക്ഷണ പദ്ധതി ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടും ജനപങ്കാളിത്തത്തോടുകൂടി അടിയന്തിരമായി നടപ്പിലാക്കുക.
2. രോഗപ്രതിരോധ പ്രവർത്തനങ്ങളും, കീടനശീകരണവും ആവശ്യമായ സമയത്ത് നടപ്പിലാക്കുക.
3. വാട്ടർഷെഡ് പദ്ധതിയും ചെറുകിട ജലസേചന പദ്ധതിയും നടപ്പിലാക്കുക.

4. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ വിളകൾ കൃഷിചെയ്യുക. നല്ല വിത്തുകളും അനുയോജ്യമായ ശാസ്ത്രീയ വളപ്രയോഗം നടത്തുക. കൃഷിനാശം ഉണ്ടായാൽ അടിയന്തിര സഹായം എത്തിക്കുക. നിലവിലുള്ള പദ്ധതികൾ ജനപങ്കാളിത്തത്തോടെ കാര്യക്ഷമമാക്കുക. അതതു പ്രദേശങ്ങൾക്ക് ആവശ്യമായ വിത്തിനങ്ങൾ പ്രാദേശികമായി ഉത്പാദിപ്പിക്കുക. കൃഷിഭവനുകളെ പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്തേണ്ടതുണ്ട്. ഓരോ വാർഡിലും കൃഷി അസ്സി. മാരേയെങ്കിലും നിയമിക്കണം. (കാർഷിക മേഖലയിൽ) കുരുമുളക് സംരക്ഷണ സമിതി, കേര കർഷക സമിതി, പാടശേഖര സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൂടുതൽ ഫലപ്രദമാക്കണം.
5. ഓരോ വിളക്കും ആദായകരമായ വില എല്ലാക്കാലത്തും ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തണം. കർഷകൻെറ ബാധ്യതയും മറ്റും കുറയ്ക്കാൻ ഇത് അത്യാവശ്യമാണ്. കർഷക സംരക്ഷണസമിതികൾ രൂപീകരിക്കണം. ഉൽപ്പന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ട് സമിതികൾ വാങ്ങുകയും ന്യായവില ലഭിക്കുകയും ചെയ്താൽ കർഷകരെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കാം. ഇവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം ബാങ്കുകളും, കൃഷിവകുപ്പും ലഭ്യമാക്കണം.
6. കർഷകർക്ക് കൃഷിവായ്പ യഥാസമയം ലഭ്യമാക്കണം.
7. കർഷകരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ ഗതാഗത സൗകര്യം ഏർപ്പെടുത്താൻ കഴിയണം.
8. എല്ലാ വിളകൾക്കും സൗജന്യനിരക്കിൽ വിള ഇൻഷുറൻസ് ഏർപ്പെടുത്തണം.
9. പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കണം. ഓരോ വീട്ടിലും അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കാൻ വീട്ടമ്മമാർക്ക് പ്രോൽസാഹനം കൊടുക്കണം.
10. നെൽകൃഷി ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കർഷകരെ കൂടുതൽ പ്രോൽസാഹിപ്പിക്കണം.
11. ഏലം സംസ്കരണത്തിന് ആവശ്യമായ സംവിധാനം ഉത്പാദനമേഖലയിൽ സ്ഥാപിക്കുക.
12. കൃഷിക്ക് വൈദ്യുതി ആവശ്യമായ മേഖലയിൽ സൗജന്യമായി വൈദ്യുതി ലഭ്യമാക്കുക.

# മൃഗസംരക്ഷണവും മൽസ്യബന്ധനവും

## മൃഗസംരക്ഷണം

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി എരുമ, പന്നി എന്നിവയും വളർത്തുന്നു. വളർത്തു പക്ഷികളിൽ കോഴി, താറാവ് എന്നിവയാണ് മുഖ്യമായത്. വിനോദത്തിനായി തത്ത, മൈന എന്നി പക്ഷികളേയും, അണ്ണാൻ, കുരങ്ങ്, കീരി മുതലായ ചെറുജീവികളേയും അപൂർവമായി വളർത്തുന്നു.

പഞ്ചായത്തിൽ 1856 ഓളം പശുക്കളേയും, 437 ആടുകളേയും, ഉദ്ദേശം 41 ഓളം എരുമകളേയും വളർത്തുന്നു. ചില മേഖലകളിൽ മുയൽ, പ്രാവ്, കോഴി, താറാവ് എന്നിവയേയും വളർത്തുന്നു. 70 ശതമാനം വീടകളിലും കോഴികളെ വളർത്തുന്നു.

നെൽകൃഷി കുറഞ്ഞതും, കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയുവാൻ കാരണമായി. ഉഴവുകാളകളും വണ്ടിക്കാളകളും നാമമാത്രമായി. റോഡുകളും, വാഹനങ്ങളും വർധിച്ചതോടെ വണ്ടിക്കാളകളുടെ എണ്ണം കുത്തനെ കുറയുകയുണ്ടായി.

ക്ഷീരോൽപാദകർക്കു വേണ്ടി പാൽ സംഭരണ കേന്ദ്രത്തിൻെറ അഭാവം വിപുലമായ കന്നുകാലി വളർത്തലിന് സാധ്യതയുള്ള ഈ മേഖലയിൽ മങ്ങലേൽപ്പിച്ചിരിക്കുന്നു. അതാതു മേഖലയിലെ ക്ഷീര കർഷകർ പാൽ സ്വന്തം ഉപയോഗിച്ച് മിച്ചമുള്ളത് സമീപത്തുള്ള ചെറു ചായപ്പീടികകളെ ആശ്രയിച്ചാണ് കഴിയുന്നത്. പഞ്ചായത്തിലെ പ്രധാന ടൗണായ സൂര്യനെല്ലിയിൽ 'ദി എല്ലക്കൽ മിൽക്ക് സപ്ലൈ സൊസൈറ്റി' എന്ന പേരിൽ കുഞ്ചിത്തണ്ണിയിൽ പ്രവർത്തിച്ചുവരുന്ന ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൻെറ ഒരു ബ്രാഞ്ച് പ്രവർത്തിച്ചു വരുന്നു. സമീപപ്രദേശത്തുനിന്നും മാത്രമായി ദിവസേന 600 ലിറ്റർ പാൽ സംഭരിക്കുന്നു. ഇതുപോലെ പഞ്ചായത്തിലെ ഒന്നാം വാർഡായ വേണാടിൻെറ മുട്ടുകാട് മാത്രം കേന്ദ്രീകരിച്ച് 300 –ാളം ലിറ്റർ പാൽ സമീപ പഞ്ചായത്തായ ബൈസൺവാലിയിലെ ക്ഷീരോൽപാദക സഹകരണ സംഘമായ 'ദി പൊട്ടൻകാട് മിൽക്ക് സപ്ലൈസി'ൻെറ മുട്ടുകാട്ടിലുള്ള ബ്രാഞ്ചിൽ ദിവസേന കർഷകർ എത്തിച്ചുകൊടുക്കുന്നു.

ഉൽപാദിപ്പിക്കുന്ന പാൽ മുഴുവൻ വിൽക്കുന്നതിന് സംവിധാനമില്ലാത്തത്, ലഭ്യതക്കുറവുപോലെതന്നെ കാലിത്തീറ്റയുടെ അമിതമായ വിലവർധനയും മൂലം, പുൽമേടുകളായിരുന്ന സ്ഥലങ്ങൾ ഇപ്പോൾ കൃഷി സ്ഥലങ്ങളായി മാറിയതുകൊണ്ടും കുറച്ചു സ്ഥലങ്ങൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് മരങ്ങൾ വെച്ചുപിടിപ്പിച്ച് ഫോറസ്റ്റ് ഏരിയയാക്കി തീർത്തതുകൊണ്ടും ടാറ്റാ കമ്പനിയും, ഹാരിസൺ മലയാളം പ്ലാൻേറഷനും മുള്ളുവേലികൾ തീർത്തതുകൊണ്ടും കന്നുകാലികൾക്ക് മേയുന്നതിനും മറ്റുമുള്ള ദൗർലഭ്യം മൂലം പശുവളർത്തൽ കുറഞ്ഞുവരുന്നു. പ്ലാൻേറഷനുകൾ ഉള്ള അഞ്ചു വാർഡുകളിലാണ് മൃഗങ്ങളെ വളർത്താൻ ശ്രമകരമായിട്ടുള്ളത്.

## പട്ടിക
## വളർത്തുമൃഗങ്ങളും പക്ഷികളും

| മൃഗങ്ങളുടെ ഇനം | 1986 | 1996 |
|---|---|---|
| പശു | 1150 | 1856 |
| കന്നുകുട്ടികൾ | 297 | 426 |
| എരുമ | 48 | 41 |
| ആട് | 101 | 251 |
| കോഴി | - | - |
| താറാവ് | - | - |

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി സൂര്യനെല്ലിയിൽ ഒരു താൽക്കാലിക വാടകകെട്ടിടത്തിൽ അടുത്തകാലത്തായി പ്രവർത്തനം ആരംഭിച്ചു. സ്ഥിരമായി ഒരു വെറ്റിനറി ഡോക്ടർ ഇല്ല. ഇതിൻെറ പ്രവർത്തനങ്ങൾ പഞ്ചായത്തിൻെറ മറ്റു മേഖലകളിൽ ലഭിക്കുന്നില്ല. ചിന്നക്കനാൽ ഗ്രാമ പഞ്ചായത്തിൽപെട്ട 1-ാം വാർഡിലുള്ള കാലികൾക്ക് രോഗം വന്നാൽ 12 കിലോമീറ്റർ അകലെയുള്ള കുഞ്ചിത്തണ്ണി മൃഗാശുപത്രിയിൽ എത്തിക്കാൻ പ്രയാസപ്പെടുന്നുണ്ട്. 2, 3 വാർഡുകളിലുള്ളവരും 8 -ാം വാർഡിലുള്ളവരും മൃഗാശുപത്രിയുടെ അഭാവം മൂലം ബുദ്ധിമുട്ടനുഭവിക്കുന്നു. സമയത്തിന് ചികിൽസ കിട്ടാതെ കാലികൾ ചാവുന്ന സാഹചര്യം ഇതുമൂലമുണ്ടാകാറുണ്ട്.

കന്നുകാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി (കാലാവസ്ഥാ മാറ്റത്തിനനുസരിച്ച്) പെട്ടെന്നുണ്ടാകുന്ന തളർച്ച, തൊണ്ടവീക്കം എന്നിവയാണ്. എസ്റ്റേറ്റുകാരുടെ മുള്ളുവേലികൾ മുഖാന്തിരമുണ്ടാകുന്ന മുറിവുകൾ സർവ്വസാധാരണമാണ്. രോഗപ്രതിരോധത്തെക്കുറിച്ച് കർഷകർക്കുള്ള അജ്ഞതയും വേണ്ടത്ര രീതിയിലുള്ള പരിശീലനക്കുറവും വേണ്ടത്ര ചികിൽസാ സൗകര്യങ്ങളുടെ അഭാവം മൂലവും രോഗങ്ങളെ ചികിൽസിച്ച് ഭേദപ്പെടുത്താൻ സാധിക്കാതെ വരുന്നു.

ചിന്നക്കനാൽ പഞ്ചായത്തിൽ 5 ബയോഗ്യാസ് പ്ലാൻറുകൾ നിലവിലുണ്ട്. ചിലത് പ്രവർത്തനക്ഷമമല്ല. വെളിച്ചത്തിനായും പാചകത്തിനായും ഉപയോഗിച്ചുവരുന്നു. കൂടുതൽ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സാധ്യതയുണ്ടെങ്കിലും കർഷകരിലെ അജ്ഞതയാണ് പ്രധാന തടസം. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിൻെറ വലിയൊരു ഭാഗം ബയോഗ്യാസ് പ്ലാൻറ് ഉണ്ടെങ്കിൽ കണ്ടെത്താൻ കഴിയും. മൃഗസംരക്ഷണ വകുപ്പുമുഖേന ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിന് മുൻപ് സബ്സിഡി കൊടുത്തിരുന്നെങ്കിലും നിലവിലിപ്പോൾ ആവശ്യമായ സഹായം ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യവുമല്ല.

കൃഷിക്കാവശ്യമായ ജൈവവളത്തിൻെറ ഒരു പങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ കഴിയുമെങ്കിലും പൊതുവിൽ കാർഷിക വിളകളുടെ തകർച്ചമൂലം കർഷകരുടെ താൽപര്യമില്ലായ്മ മൂലം കാലിവളർത്തലിന് മാന്ദ്യം സംഭവിച്ചു.

മുൻകാലങ്ങളിൽ മിക്ക വീടുകളിലും മുട്ടയ്ക്കായി കോഴികളെ വളർത്തിയിരുന്നു. ഇറച്ചിക്കായി മറ്റു സ്ഥലങ്ങളിൽ നിന്ന് കോഴികളെ വാങ്ങി ഉപയോഗിക്കേണ്ട സ്ഥിതിയാണുള്ളത്. ഇതു കാണിക്കുന്നത് കോഴിവളർത്തലിന് വൻ സാധ്യതയുണ്ടെന്ന് ഇതിൽനിന്നും വ്യക്തമാകുന്നു. ഇറച്ചിക്കായും, മുട്ടയ്ക്കായും താറാവു വളർത്തലിനും സാധ്യതയേറുന്നു.

മുഖ്യമായും കൗതുകത്തിനുവേണ്ടിയാണ് ചുരുക്കം ചില വീടുകളിൽ മുയലിനെ വളർത്തുന്നത്. ഇറച്ചിയാവശ്യത്തിനും അപൂർവമായി ചിലർ മുയലിനെ വളർത്തുന്നു. ഇറച്ചിയുടെ ആവശ്യത്തിന് മുയലിനെ വളർത്തുന്നത് ലാഭകരവും പ്രോൽസാഹിപ്പിക്കേണ്ടതുമാണ്.

## പ്രധാന പ്രശ്നങ്ങൾ

1. തേയിലത്തോട്ടം മേഖലയടങ്ങുന്ന വാർഡുകളിൽ എസ്റ്റേറ്റുടമകളുടെ ചില കർശന നടപടികൾ മൂലം.
2. കാലിത്തീറ്റയുടെ വിലക്കൂടുതൽ.
3. തീറ്റപ്പുൽകൃഷിയുടെ അപര്യാപ്തത.
4. മൃഗ ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തത.
5. ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങൾ വളരെ കുറവാണ്.
6. കാലികളെ വളർത്തുന്നതിന് ധനസഹായം ലഭിക്കാൻ സാധ്യതക്കുറവ്.

## സാധ്യതകൾ

1. ചിന്നക്കനാൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം പ്രവർത്തന അധികാരമുള്ള ക്ഷീര വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.
   ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ ഓരോ വാർഡിലും പാൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുക.
   ഉൽപാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും സംഭരിക്കുക.
2. സഹകരണസംഘം മുഖേന കുറഞ്ഞവിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക.
   തീറ്റപ്പുൽക്കൃഷിക്ക് സൗജന്യമായി വിത്തും വളവും സാമ്പത്തിക സഹായവും യഥാസമയം ലഭ്യമാക്കുക.
3. മൃഗ ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള ആശുപത്രിയിൽ ആവശ്യമായ സൗകര്യങ്ങളും വെറ്റിനറി ഡോക്ടറേയും നിയമിക്കുക. മുട്ടുകാട്ടിലും ബിഎൽ റാവിലും ഓരോ സബ്സെൻറർ സ്ഥാപിക്കുക.
4. നിലവിലുള്ള മൃഗാശുപത്രിയുടെ ആസ്ഥാനത്തു നിന്നും മറ്റു വാർഡുകളിലേക്ക് ദൂരക്കൂടുതലുള്ളതുകൊണ്ട് പെട്ടെന്ന് ചികിൽസാ സൗകര്യം ലഭ്യമാക്കാൻ വാഹന സൗകര്യം ഏർപ്പെടുത്തുക.
5. പഞ്ചായത്തിൽ വിവിധ കേന്ദ്രങ്ങളിൽ പൗൾട്രിഫാം ആരംഭിക്കുന്നതിന് ധനസഹായം ലഭ്യമാക്കുക. കോഴി വളർത്തലിന് പ്രോൽസാഹനം നൽകുക. ആവശ്യമായ സമയത്ത് പ്രതിരോധ കുത്തിവെയ്പ് നടത്തുക. കുറഞ്ഞ വിലക്ക് കോഴിത്തീറ്റ ലഭ്യമാക്കുക. കോഴികളെ വിൽക്കുന്നര വിപണനകേന്ദ്രം തുറക്കുക.
6. ചിന്നക്കനാൽ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ കോഴിക്കുഞ്ഞുൽപ്പാദന കേന്ദ്രം ആരംഭിക്കുക.
7. മുയൽ വളർത്തൽ പ്രോൽസാഹനം നടത്തുന്നത് നന്നായിരിക്കും.

8. അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും ബോധവൽക്കരണവും സാങ്കേതിക വിദ്യയും ലഭ്യമാക്കുക.

9. പേപ്പട്ടി ശല്യം തടയുഴ ലൈസൻസില്ലാത്തതും അലഞ്ഞുതിരിയുന്നതുമായ മുഴുവൻ നായ്ക്കളെയ രിപ്പിക്കുക.

# മൽസ്യബന്ധനം

**ചി**ന്നക്കനാൽ പഞ്ചായത്തിൻെറ അതിർത്തി പഞ്ചായത്തായ ശാന്തൻപാറ പഞ്ചായത്തിൽ അണകെട്ടി നിർത്തിയിരിക്കുന്ന ആനയിറങ്ങൾ ഡാമിലെ ജലത്തിൻെറ മുക്കാൽഭാഗവും ഈ പഞ്ചായത്തിൽ നിന്നും ഒഴുകിച്ചേരുന്നതാണെങ്കിലും, ജലസമ്പത്ത് മീൻ വളർത്തലും ഇലക്ട്രിസിറ്റി ബോർഡിൻെറ വകയാണ്. ഈ ഡാമിലെ മൽസ്യം വർഷാവർഷം ലേലത്തിൽ വിടുകയാണ്. 3 -ാം വാർഡിലെയും, 8 -ാം വാർഡിലേയും കുറെ തൊഴിലാളികൾ മൽസ്യബന്ധനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നു. ഇവിടെ വളർത്തുന്ന മൽസ്യത്തിൽ മുഖ്യമായും സ്വർണമൽസ്യമാണ്. ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യത്തിന് മൽസ്യം ലഭിക്കാറില്ലെങ്കിലും പ്രിയമേറിയ മൽസ്യമായതുകൊണ്ട് മറ്റ് മേഖലകളിലേക്ക് വിപണനം നടത്തുന്നു.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ ഡാമിലെ മീൻ വളർത്തലുമായി ബന്ധപ്പെട്ട് നൂറുകണക്കിനാളുകൾക്ക് തൊഴിലും ഉപജീവന മാർഗവും കണ്ടെത്താവുന്നതാണ്. എന്നാൽ 3 -ാം വാർഡിലെയും 8 -ാം വാർഡിലെയും വളരെക്കുറച്ച് തൊഴിലാളികൾ മാത്രമേ ഈ മേഖലയിൽ പണിയെടുക്കുന്നുള്ളു.

സൂര്യനെല്ലിയിൽ ഹാരിസൺ മലയാളം പ്ലാൻേറഷൻ വക ഒരു ചെറിയ ചെക്ക് ഡാം കെട്ടി മൽസ്യം വളർത്തുകയും കമ്പനി ലേലത്തിന് വിടുകയും ചെയ്യാറുണ്ട്. ഇതുമൂലം തൊഴിലാളികൾക്ക് തൊഴിൽ സാധ്യതയോ, പഞ്ചായത്തിന് അതിൻെറ ഒരംശംപോലും വരുമാനമായോ ലഭിക്കുന്നുമില്ല. ഇതിന് കാരണം കമ്പനിയുടേയും സർക്കാരിൻേറയും ചില കർശന നിയമങ്ങൾ മൂലം ഇതിൽ നിന്നുള്ള വരുമാനം ലഭ്യമാകാതെ പോവുകയാണ്.

പഞ്ചായത്തിൽ വിവിധ വകുപ്പുകൾ പണി കഴിപ്പിച്ച കുളങ്ങളിൽ അതാതു പ്രദേശത്തെ ജനങ്ങളുടെ പങ്കാളിത്തത്തോടെ മീൻ വളർത്തൽ നടത്താവുന്നതാണ്. ചെറിയൊരു വരുമാനമാർഗം പഞ്ചായത്തിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതുമാണ്.

സ്വകാര്യ വ്യക്തികളുടെ നിരവധി കുളങ്ങളിൽ സർക്കാരിൻെറ സഹായത്തോടെ വിപുലമായി മൽസ്യക്കൃഷി നടത്താൻ സാധ്യതയുണ്ട്.

## സാധ്യതകൾ

1. ഡാമിലെ മൽസ്യം വളർത്തലും ലേലവും പഞ്ചായത്തിൻെറ പരിധിയിൽ കൊണ്ടുവന്നാൽ മൽസ്യം വളർത്തലും തൊഴിലവസരങ്ങളും മെച്ചപ്പെടുത്താൻ കഴിയും.
2. മൽസ്യം വളർത്തുന്നതിന് താൽപര്യവും സാഹചര്യവുമുള്ളവർക്ക് സർക്കാരിൽ നിന്നും നല്ലയിനം മൽസ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.
3. പഞ്ചായത്തിൻെറ ആസ്ഥാനത്ത് ഒരു മാർക്കറ്റ് തുറന്നാൽ മൽസ്യവിപണനം നടത്താൻ കഴിയും.
4. വിവിധ വകുപ്പുകൾ ജലസേചനത്തിനായും മറ്റും പണിതു നൽകിയിരിക്കുന്ന കുളങ്ങളിൽ മൽസ്യം വളർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. മീൻ വളർത്തുന്നതിന് താൽപര്യമുള്ളവർക്ക് സബ്സിഡി ആയി കുളം നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കണം.

# വ്യവസായം

വ്യവസായ മേഖലയിൽ ചിന്നക്കനാൽ പഞ്ചായത്തിന് വർഷങ്ങൾക്കു മുമ്പുതന്നെ തുടക്കമിടാൻ കഴിഞ്ഞുവെങ്കിലും കാര്യമായ നേട്ടമൊന്നും കൈവരിക്കാനായില്ല. സ്വാതന്ത്ര്യത്തിനു മുൻപ് ബ്രിട്ടീഷ് ഭരണകാലത്ത് 1895 -കളിൽ കണ്ണൻദേവൻ കമ്പനിയുടെ തേയില എസ്റ്റേറ്റ് വ്യവസായിക അടിസ്ഥാനത്തിൽ സ്ഥാപിതമായി. പിൽക്കാലത്ത് ടാറ്റ ഫിൻലേയുടെ ഉടമസ്ഥതയിലുള്ള തേയില എസ്റ്റേറ്റായും പിന്നീട് വീണ്ടും പരിണമിച്ച് ടാറ്റാ ലിമിറ്റഡ് തേയില എസ്റ്റേറ്റായും നിലനിൽക്കുന്നു. ഏതാണ്ട് അതെ കാലയളവിൽ തന്നെ സൂര്യനെല്ലിയിൽ ഹാരിസൺ മലയാളം പ്ലാൻേറഷൻ വക തേയില എസ്റ്റേറ്റും ആരംഭിച്ചു. 1994 ൽ വേണാട് ഭാഗത്ത് മുട്ടുകാട് എസ്റ്റേറ്റ് വക ഒരു കൂൺ ഫാക്ടറിയും, 1996 -ൽ ഒരു പൈനാപ്പിൾ ജൂസ് ഫാക്ടറിയും ആരംഭിച്ചു. കൂണുഫാക്ടറിയും പൈനാപ്പിൾ ജൂസ് ഫാക്ടറിയും വൈകുണ്ഠം റബർ കമ്പനി പ്രൈവറ്റ് ലിമിറ്റഡായി പ്രവർത്തിച്ചു വരുന്നു. മറ്റ് വ്യവസായങ്ങൾ ഒന്നുംതന്നെ ഈ ഗ്രാമപഞ്ചായത്തിലില്ല.

ടാറ്റായുടെ പെരിയകനാലിലുള്ള എസ്റ്റേറ്റിൽ 658 സ്ഥിരം തൊഴിലാളികളിൽ 311 പുരുഷ തൊഴിലാളികളും 347 സ്ത്രീ തൊഴിലാളികളും പണിയെടുക്കുന്നു. ഏകദേശം 500 ഓളം താൽക്കാലിക തൊഴിലാളികളും ജോലി ചെയ്യുന്നു. കമ്പനി വക എസ്റ്റേറ്റു കെട്ടിടങ്ങളിൽ താമസിച്ച് രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണിവരെ പണിയെടുക്കുന്ന ഈ വിഭാഗം തൊഴിലാളികളിൽ 95 ശതമാനവും തമിഴ് ഭാഷ സംസാരിക്കുന്നവരാണ്.

പെരിയകനാൽ എസ്റ്റേറ്റ് ഓഫീസിൽ 10 പേരും ഫാക്ടറിയിൽ 15 പേരും ഡിവിഷനനുകളിൽ 7 പേരും, എസ്റ്റേറ്റു വക ആശുപത്രിയിൽ 3 പേരും ചേർത്ത് 2 അസിസ്റ്റൻറ് മാനേജർമാരുമടക്കം മൊത്തം 35 പേർ ജോലിയെടുക്കുന്നു.

ഹാരിസൺ മലയാളം പ്ലാൻേറഷൻ വക സൂര്യനെല്ലി എസ്റ്റേറ്റിൽ 1135 സ്ഥിരം തൊഴിലാളികളും 844 താൽക്കാലിക തൊഴിലാളികളും പണിയെടുക്കുന്നു. സ്ഥിരം തൊഴിലാളികളിൽ 508 പുരുഷ തൊഴിലാളികളും 627 സ്ത്രീ തൊഴിലാളികളും ജോലി ചെയ്യുന്നു. താൽക്കാലിക തൊഴിലാളികളിൽ 482 പുരുഷതൊഴിലാളികളും 362 സ്ത്രീ തൊഴിലാളികളും ആകുന്നു. ഈ എസ്റ്റേറ്റിൽ ഒരു ഗ്രൂപ്പ് മാനേജരും മാനേജരും 4 അസിസ്റ്റൻറ് മാനേജരും അഞ്ചു ഡിവിഷനുകളിലായി 10 സ്റ്റാഫുകളും ആശുപത്രി ജീവനക്കാർ 8 പേരും ചേർത്ത് ആകെ 24 പേർ ജോലി ചെയ്യുന്നു. താഴെ കൊടുത്തിരിക്കുന്ന പട്ടിക കാണുക.

| | ടാറ്റാ തേയില എസ്റ്റേറ്റ് പെരിയകനാൽ | ഹാരിസൺ മലയാളം തേയില എസ്റ്റേറ്റ് സൂര്യനെല്ലി |
|---|---|---|
| സ്ഥിരം തൊഴിലാളികൾ | 658 | 1135 |
| പുരുഷൻമാർ | 311 | 508 |
| സ്ത്രീ തൊഴിലാളികൾ | 347 | 627 |
| താൽക്കാലിക തൊഴിലാളികൾ | 457 | 844 |
| പുരുഷ തൊഴിലാളികൾ | 265 | 482 |
| സ്ത്രീ തൊഴിലാളികൾ | 189 | 362 |
| ആകെ | 1112 | 1979 |

പെരിയകനാൽ ടാറ്റാ വക ഫാക്ടറിൽ പ്രതിദിനം 3 ഷിഫ്ടുകളിലായി 21,000 കിലോഗ്രാം പച്ച കൊളുന്ത് സംസ്കരിക്കാനുള്ള ശേഷിയുണ്ട്. ഈ പച്ച കൊളുന്ത് ഉണങ്ങിയാൽ 4200 കിലോഗ്രാം തേയിലപ്പൊടി ലഭിക്കുന്നു. മെയ്മാസം മുതൽ ഡിസംബർ മാസംവരെ മേൽക്കാണിച്ച അളവിൽ പ്രതിദിനം തേയില ഉൽപാദിപ്പിക്കുന്നു. ജനുവരി മുതൽ ഏപ്രിൽവരെ കൊളുന്ത് കുറവുള്ള കാലയളവാണ്.

സൂര്യനെല്ലി ഹാരിസൺ മലയാളം വക തേയില ഫാക്ടറിയിൽ പ്രതിദിനം 30,000 കിലോഗ്രാം പച്ചക്കൊളുന്ത് സംസ്ക്കരിച്ചാൽ 6000 കിലോഗ്രാം തേയിലപ്പൊടി ലഭിക്കും. ഈ ഫാക്ടറികളിൽ ഉൽപാദിപ്പിക്കുന്ന തേയില കൊച്ചി തുറമുഖത്തും മറ്റു വിപണന കേന്ദ്രങ്ങളിലും എത്തിച്ച് വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നു. ഇതുമൂലം രാജ്യത്തിന് കോടിക്കണക്കിന് രൂപയുടെ വിപണനം നടക്കുന്നുണ്ട്.

ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളിയ്ക്ക് പ്രതിദിനം കൂലിയായി 52 രൂപ 73 പൈസയും, ഫാക്ടറി തൊഴിലാളികൾക്ക് 54 രൂപ 73 പൈസയും ലഭിക്കുന്നു. കൂടാതെ ലേബർ ആക്ട് അനുശാസിക്കുന്ന മറ്റാനുകൂല്യങ്ങളും കിട്ടുന്നു.

ദി വൈകുണ്ഡം റബ്ബർ കമ്പനി ലിമിറ്റഡ് വക കൂൺ ഫാക്ടറിയിൽ നിന്നും ഉൽപാദിപ്പിക്കുന്ന കൂണുകൾ കേരളം, തമിഴ്നാട് തുടങ്ങി മറ്റിതര സംസ്ഥാനങ്ങളിലേയ്ക്കും കയറ്റി അയക്കുന്നു.

പഞ്ചായത്തിലെ തേയില വ്യവസായങ്ങൾ കഴിഞ്ഞാൽ വ്യവസായിക അടിസ്ഥാനത്തിൽ ഏലം കൃഷി ചെയ്യുന്നു. ചെറുകിട ഫാക്ടിയുടെ അടിസ്ഥാനത്തിൽ ഏലം സംസ്കരണവും നടത്തുവാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. തേയില വ്യവസായം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന മേഖലയാണ് ഏലം. ഒരു ഏക്കർ മുതൽ 5 ഏക്കർവരെയുള്ള കർഷകർ ഏകദേശം 500 -ാളം വരും. ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളിൽ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികളാണ് കൂടുതൽ. ഏലം മേഖലയിൽ 460 ഉം സ്ഥിരം തൊഴിലാളികളും, 1000 -ാളം താൽക്കാലിക തൊഴിലാളികളും പണിയെടുക്കുന്നു. ഈ തൊഴലാളികൾക്ക് സ്വന്തമായി വീടുകൾ ഇല്ലാത്തവരാണ്. ഇവരുടെ ദിവസകൂലി 52 രൂപ 13 പൈസയാണ്.

സഹകരണ മേഖലയിൽ വനിതകൾക്ക് കോഴി വളർത്തൽ, വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറിയുൽപാദനവും വിപണനവും, ക്ഷീരോല്പന്നങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, തേനീച്ച വളർത്തൽ, പട്ടുനൂൽപ്പുഴു വളർത്തൽ എന്നീ വ്യവസായങ്ങൾ തുടങ്ങാൻ കഴിയും.

കുടിൽ വ്യവസായങ്ങളായി ചിപ്സ് ബേക്കറി, സുഗന്ധ ദ്രവ്യങ്ങളായ ചുക്ക്, കുരുമുളക്, ഏലം എന്നിവ പാക്കിങ് ചെയ്ത് വിപണനം ചെയ്യാവുന്നതാണ്. സർക്കാരിന്റെ സഹായത്തോടെ കരിങ്കൽ ക്വാറി, ഹോളോ ബ്രിക്സ് നിർമാണം, ചുടുകട്ട നിർമാണം, ആസ്ഥാനം കേന്ദ്രീകരിച്ച് വാഹനങ്ങൾ നന്നാക്കാനുള്ള വർക്ക്ഷോപ്പ്, മുളക്, മല്ലി, മഞ്ഞൾ മുതലായവ പൊടിച്ച് പായ്ക്ക് ചെയ്ത് വിപണനം നടത്തുന്നതിനുള്ള ഫാക്ടറി ഇവകൾ തുടങ്ങാൻ കഴിഞ്ഞാൻ വ്യവസായ പുരോഗതില നേടാൻ കഴിയും.

## പ്രശ്നങ്ങൾ

1. ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിന് ധാരാളം പേർക്ക് താൽപര്യമുണ്ട്. ഗതാഗതവും, വൈദ്യുതിയും ലഭ്യമാക്കണം.
2. വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കണം.
3. വനിതകൾക്ക് സ്വയം തൊഴിൽ ആരംഭിക്കാനാവശ്യമായ പരിശീലനം നൽകുക.
4. ഫാക്ടറിയടിസ്ഥാനത്തിൽ കെട്ടിട നിർമാണ സാമഗ്രികൾ കമ്പോസ്റ്റു വളം, ഏലം, കുരുമുളക് സംസ്ക്കരണം എന്നിവ നടത്തണം.
5. വിദഗ്ദ്ധന്മാരുടെ അഭാവം.

## പരിഹാര നിർദ്ദേശങ്ങൾ

1. മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കണം.
2. ജനപങ്കാളിത്തത്തോടെ സഹകരണ മേഖലകൾക്ക് പ്രാധാന്യം നൽകി വേണം വ്യവസായങ്ങൾ ആരംഭിക്കാൻ ഇതിനാവശ്യമായ സമ്പത്ത് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്തണം. ഗ്രാമപഞ്ചായത്തുകൾ മുൻകൈയെടുത്ത് വിഭവ സമാഹരണം നടത്തണം. ജനങ്ങളുടെ സഹകരണത്തോടെ സംഘവും മറ്റു പശ്ചാത്തല സൗകര്യങ്ങളും സംഘടിപ്പിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന താല്പര്യമുള്ളവർക്ക് വിദഗ്ദ്ധ പരിശീലനം നൽകണം. വൈദ്യുതിയും ഗതാഗതവും ലഭ്യമാക്കണം.
3. താല്പര്യമുള്ള സ്വകാര്യ വ്യക്തികൾക്ക് ആവശ്യമായ സഹകരണവും പിന്തുണയും നൽകണം.
4. സ്ത്രീകൾക്ക് പ്രത്യേകമായി സഹകരണസംഘങ്ങൾ രൂപീകരിച്ച് വ്യവസായങ്ങൾ നടത്താവുന്നതാണ്.
5. വ്യവസായങ്ങൾക്ക് ലൈസൻസ് ലഭിക്കാൻ ഇന്നുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും സമയബന്ധിതമായി ലൈസൻസ് ലഭിക്കുവാൻ നിയമമുണ്ടാക്കുകയും ചെയ്യണം.
6. ഹരിജനങ്ങൾക്കായി സർവ്വീസ് സഹകരണ സൊസൈറ്റി രൂപീകരിച്ചാൽ സൊസൈറ്റി വഴി ചെറുകിട വ്യവസായങ്ങൾ ആരംഭിച്ച് പിന്നോക്ക ...ഗങ്ങൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാൻ സാധിക്കും.
7. ഈ പഞ്ചായത്തിലെ ടൂറിസ്റ്റ് വികസനസാധ്യത പരമാവധി പ്രയോജനപ്പെടുത്തി വിദ്യാസമ്പന്നരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും.

8. ബിയൽറാവിലും, ഗ്യാപ്പിലും, കാറ്റുകൊണ്ട് വൈദ്യുതി ഉത്പാദനം.

9. ഗ്യാപ്പ് റോഡിൽ ഏകദേശം 2 കി.മീ. നീളമുള്ള ഉയർന്ന മലയിലും മറ്റു പല പ്രദേശങ്ങളിലും കല്ലുപൊട്ടിക്കൽ നടത്താൻ കല്ല് ക്വാറി ഉണ്ടാക്കാൻ അനുവാദം നൽകണം.

10. വ്യവസായത്തിനാവശ്യമായ വെള്ളം കമ്പനി വക സ്ഥലത്ത് ലഭ്യമാണ്. ഈ വെള്ളം ഉപയോഗിക്കാൻ പഞ്ചായത്തിന് അധികാരം നൽകണം.

11. ഫോറസ്റ്റ് ഏരിയകളിലുള്ള മിച്ചഭൂമി തിരികെ എടുത്ത് പുതിയ വ്യവസായികൾക്ക് സ്ഥലം ലഭ്യമാക്കണം.





# ഗതാഗതം - ഊർജം

**പ**ഞ്ചായത്ത് നിലവിൽ വന്ന 1969 കാലഘട്ടത്തിൽ ഗ്യാപ്പ് റോഡു മുതൽ പെരിയകനാൽ വഴി പൂപ്പാറക്ക് പോയിരുന്ന പി ഡബ്ല്യു ഡി റോഡാണ് ഇന്നത്തെ കൊച്ചി - മധുര ദേശീയപാത. ഇതോടനുബന്ധിച്ച് പവർഹൗസ് മുതൽ ചിന്നക്കനാൽ വരെയും, പെരിയകനാൽ മുതൽ മുട്ടുകാട് വൈകുണ്ഡം എസ്റ്റേറ്റ് വരെയും പി ഡബ്ല്യു ഡി വക ടാർ റോഡ് ഉണ്ടായിരുന്നു. ഇതിൽ പവർഹൗസ് - ചിന്നക്കനാൽ റോഡ് രണ്ടര കിലോമീറ്ററും ചെറിയകനാൽ വൈകുണ്ഡം എസ്റ്റേറ്റ് റോഡിൻെറ ദൂരം ഒന്നേകാൽ കിലോമീറ്ററുമാണ്. ചിന്നക്കനാൽ മുതൽ സൂര്യനെല്ലി വരെ ഹാരിസൺ മലയാളം പ്ലാൻേറഷൻ വക മെറ്റൽ ചെയ്ത മൂന്നു കി.മീ. റോഡുമുണ്ടായിരുന്നു. ഈ റോഡ് 1989-ൽ ഹാരിസൺ മലയാളം കമ്പനി പഞ്ചായത്തിന് കൈമാറുകയും, തുടർന്ന് വിവിധ പദ്ധതിയിലുൾപ്പെടുത്തി ഘട്ടം ഘട്ടമായി സൂര്യനെല്ലി ഷൺമുഖവിലാസം വരെ ടാറിംഗ് ഉൾപ്പെടെയുള്ള പണികൾ പൂർത്തീകരിക്കുകയും ചെയ്തു.

ഈ പഞ്ചായത്തിലെ ഏറ്റവും നീളം കൂടിയ റോഡാണ്, പവർഹൗസിൽ നിന്നും ചിന്നക്കനാൽ, സൂര്യനെല്ലി, മുതുവാകുടി, ബി.എൽ. റാം വഴി 18 കി.മീ. ദൈർഘ്യമുള്ള ഈ റോഡ് ബോഡിമെട്ടിനടുത്ത് എൻ.എച്ച്-49 ൽ ചേരുന്നു. 18 കി.മീ. ദൈർഘ്യമുള്ള റോഡിൻെറ ആരംഭ ഭാഗമായ പവർഹൗസിൽ നിന്നും സൂര്യനെല്ലി വഴി ഷൺമുഖവിലാസം വരെ ഏഴു കി.മീ. ഉം പഞ്ചായത്തിൻെറ കിഴക്കതിരായ ബോഡിമെട്ടിൽ നിന്നും ബിയൽറാം വരെ രണ്ടര കി.മീ. ഉം ചേർന്ന് ഒമ്പതര കി.മീ. മാത്രമാണ് ടാർ ചെയ്തിരിക്കുന്നത്. ബാക്കി വരുന്ന റോഡ് ഇന്നും ടാർ ചെയ്യാതെ മെറ്റലിളകി ഗതാഗതയോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. ആദിവാസി കോളനികളായ ടാങ്ക് കുടിയും ചെമ്പകതൊഴു കുടിയും ഉൾപ്പെടുന്ന പ്രദേശത്തു കൂടിയാണ് ഈ റോഡ് കടന്നുപോകുന്നത്. ഇതുവരെ ടാർ ചെയ്യുന്നതിനോ മറ്റു പണികൾ ചെയ്യുന്നതിനോ സാധിച്ചിട്ടില്ല.

പെരിയകനാൽ മുട്ടുകാട് റോഡ് വൈകുണ്ഡം എസ്റ്റേറ്റ് വരെ പി.ഡബ്ല്യു.ഡി റോഡും ഈ റോഡിൽ നിന്നും തിരിയുന്ന ഒന്നര കി.മീ. റോഡ് നെടുങ്കണ്ടം ബ്ലോക്കിൽപ്പെട്ടതും രാജകുമാരി പഞ്ചായത്തിൽ ഉൾപ്പെട്ടതാണ്. ടി റോഡ് നെടുങ്കണ്ടം ബ്ലോക്ക് ഏറ്റെടുത്ത് ടാറിംഗ് പൂർത്തിയാക്കിയിട്ടുള്ളതാണ്. ബാക്കി ചിന്നക്കനാൽ പഞ്ചായത്തിൽപെട്ട ഭാഗത്ത് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്നു. ഈ റോഡിൻെറ 2 കി.മീ. ഓളം ഭാഗം പണി പൂർത്തിയായി ടാർ ചെയ്താൽ അതിർത്തി പഞ്ചായത്തായ ബൈസൺവാലിയുമായി ചിന്നക്കനാൽ പഞ്ചായത്തിനെ ബന്ധിപ്പിക്കാം. ഈ റോഡിൻെറ പണി പൂർത്തീകരിച്ചാൽ ശാന്തൻപാറ, പൂപ്പാറ, തമിഴ്നാട് മുതലായ പ്രദേശങ്ങളിൽ നിന്നും വരുന്ന യാത്രക്കാർക്ക് മൂന്നാർ വഴി അടിമാലിയിൽ എത്തുന്നതിനേക്കാൾ 15 കി.മീ. ദൂരം ലാഭിക്കാൻ ഈ വഴി ഉപകരിക്കും. പെരിയകനാലിൽ നിന്നും പി.ഡബ്ല്യു.ഡി റോഡ് എത്തിനിൽക്കുന്ന വൈകുണ്ഡം എസ്റ്റേറ്റ് ഭാഗത്തുനിന്നും വേണാട് വരെയുള്ള മൺറോഡ് 1992-95 കാലഘട്ടങ്ങളിൽ വേണാട് ബാലപാടി വരെ ടാറിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി റോഡ് മുട്ടുകാട് (സൊസൈറ്റിമേട്) ഭാഗത്തേക്ക് എത്താൻ ഉദ്ദേശം 2 കി.മീ. ഉം ദൂരമുണ്ട്. ചിന്നക്കനാൽ വില്ലേജാഫീസ് പരിസരത്തുനിന്നും പെരിയകനാൽ എസ്റ്റേറ്റിനു സമീപം

എൻ.എച്ചിൽ ചേരുന്ന റോഡ് തുടക്കഭാഗം 1 കി.മീ. പണികൾ പൂർത്തിയാക്കി ടാർ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. ബാക്കി ഭാഗം ടാറ്റ ടീ കമ്പനിയുടെ അധീനതയിൽ ആയതിനാൽ കമ്പനിയുടെ അനുമതി ലഭിക്കാത്തതിനാൽ പഞ്ചായത്ത് മുഖേന പണി പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്.

പഞ്ചായത്തിൽ വാഹന ഗതാഗതം ഉള്ള റോഡ് 28 കി.മീ. ആണ്. പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡിൻെറ അളവും പഞ്ചായത്തിലെ ജനസംഖ്യയുമായി താരതമ്യം ചെയ്താൽ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഈ പഞ്ചായത്തിലെ ഗതാഗത സൗകര്യം തുലോം പരിമിതമാണെന്ന് ബോധ്യമാവും.

പഞ്ചായത്തിൻെറ അതിർത്തിഭാഗമായ ഗ്യാപ്പിൽ നിന്നും ഒരു വീതി കൂടിയ മൺറോഡ് ബൈസൺവാലിക്കും, ഗ്യാപ്പിനോടനുബന്ധിച്ച് തന്നെ കിളവി പാറക്ക് പോകുന്ന മൺറോഡും, ഗ്യാപ്പിൽ നിന്നും 2 കി.മീ. കിഴക്ക് മാറി നടുപ്പാറയിലേക്ക് ഒരു പഞ്ചായത്ത് മൺറോഡുമുണ്ട്. ഇതുകൂടാതെ പണി പൂർത്തീകരിക്കേണ്ട നിരവധി ചെറിയ റോഡുകൾ ഒന്നാം വാർഡിലുണ്ട്. 8-ാം വാർഡിൽ മുതുവാകുടിയിൽ നിന്ന് സിംഗ് കണ്ടത്തിലേക്ക് 2 കി.മീ. റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ടാറിംഗ് അല്ലാത്ത എല്ലാ പണികളും പൂർത്തീകരിച്ചിട്ടുണ്ട്. സിംഗ്കണ്ടം മുതൽ ചിന്നക്കനാൽ വരെയുള്ള റോഡ് ഫോറസ്റ്റ് എരിയാ ആയതിനാലും പഞ്ചായത്തിൽ ആവശ്യത്തിനുള്ള ഫണ്ടിൻെറ അപര്യാപ്തതയും മൂലം റോഡിൻെറ പണി നടത്തുവാൻ സാധിച്ചിട്ടില്ല. 3-ാം വാർഡിൽ പെരിയകനാൽ എസ്റ്റേറ്റ് ഭാഗത്തുനിന്നും പൈലിമാൻ ചപ്പ് റോഡ് കുറച്ചുഭാഗം മെറ്റൽ പതിക്കുകയും, ബാക്കിഭാഗം മൺപണി പൂർത്തീകരിച്ചിട്ടുള്ളതാണ്. മുത്തമ്മ ചോലയിൽ നിന്നും ചിന്നക്കനാലിലേക്ക് ഗതാഗതയോഗ്യമായ ഒരു മൺറോഡുമുണ്ട്. ചിന്നക്കനാലിൽ നിന്നും പഴയ ദേവികുളത്തേക്കുള്ളള ചെറിയ റോഡ്. ടാറ്റാ ടീ കമ്പനിയുടെ അനുമതിയില്ലാത്തതുകൊണ്ട് പണിതീർക്കാൻ സാധിച്ചിട്ടില്ല. ഈ റോഡിൻെറ പണി പൂർത്തീകരിച്ചാൽ ഗ്യാപ്പ് വഴി മൂന്നാറിലെത്തുന്നതിനേക്കാൾ 5 കി.മീ. ദൂരം ഈ റോഡുകൊണ്ട് ലാഭിക്കാവുന്നതാണ്. പവർഹൗസ് ബോഡിമെട്ട് റോഡ് ടാറിംഗ് പൂർത്തിയായാൽ പൂപ്പാറയിലൂടെ ബോഡിമെട്ടിൽ എത്തുന്നതിനേക്കാൾ 7 കി.മീ. ലാഭിച്ച് ബോഡിമെട്ടിൽ എത്തിച്ചേരാം. ഗതാഗത സൗകര്യങ്ങൾക്ക് ഏറ്റവും പിന്നിൽ നിൽക്കുന്നത് പാപ്പാത്തിചോലയാണ്. സൂര്യനെല്ലിയിൽ നിന്നും 5 കി.മീ. ഉം ബോഡിമെട്ട് റോഡിൽ കുറുക്കുവഴിക്ക് 9 കി.മീ. ദൂരവും കാൽനടയായി സഞ്ചരിച്ചാൽ മാത്രമേ പാപ്പാത്തിചോലയിൽ എത്തുവാൻ സാധിക്കയുള്ളു. ഈ സാമ്പത്തികവർഷം പഞ്ചായത്തിൽ നിന്നും കണക്കെടുത്ത് ഷൺമുഖവിലാസം പാപ്പാത്തിചോല റോഡ് പണി നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. റോഡിൻെറ പണി പൂർത്തീകരിക്കണമെങ്കിൽ ഫോറസ്റ്റ് വകുപ്പിൻേറയും ഹാരിസൺ മലയാളം പ്ലാൻേറഷൻെറയും അനുമതി കൂടിയേ തീരൂ. ടാർ ചെയ്ത റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

## ടാർ ചെയ്ത റോഡുകൾ

| നമ്പർ | വാർഡ് | റോഡിൻെറ പേര് | നീളം കി.മീ. | വീതി മീറ്റർ |
|---|---|---|---|---|
| 1 | I | കൊച്ചി-മധുര ദേശീയപാത | 11 3/4 | 10 |
| 2 | I | പെരിയകനാൽ-മുട്ടുകാട് എസ്റ്റേറ്റ് | 1 1/4 | 8 |
| 3 | I | മുട്ടുകാട് എസ്റ്റേറ്റ് - വേണാട് | 1 1/2 | 8 |
| 4 | I | മുട്ടുകാട്-പെരിയകനാൽ | 1 1/2 | 8 |
| 5 | I | മുട്ടുകാട്-കൊങ്ങിണി സിറ്റി | 1/2 | 8 |
| 6 | IV | പവർഹൗസ്-ബോഡിമെട്ട് | 10 1/2 | 8 |
| 7 | III | വില്ലേജോഫീസ്-പെരിയകനാൽ | 1 | 8 |

## പ്രശ്നങ്ങൾ

പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദേശീയപാത ഒഴികെ മറ്റു റോഡുകളൊന്നും തന്നെ ഗതാഗതയോഗ്യമല്ല. അപകടം പതിയിരിക്കുന്ന കൊടും വളവുകൾ, റോഡിൻെറ വീതിയില്ലായ്മ, റോഡരികിൽ നടപ്പാതകളുടെ അഭാവം, റോഡുവക്കുകളിൽ ഓടകൾ ഇല്ലാത്തതിനാൽ വർഷകാലങ്ങളിൽ മലവെള്ളം കുത്തിയൊലിച്ച് റോഡുകൾ തകർന്നുപോകുന്നു എന്നിവയാണ് പഞ്ചായത്തിലെ റോഡുകളുടെ പ്രധാന പ്രശ്നങ്ങൾ.

1. പ്രധാന കേന്ദ്രങ്ങളോട് ചേർന്നു കിടക്കുന്ന റോഡുകൾ സഞ്ചാരയോഗ്യമാക്കണം.
2. ജനതാല്പര്യം കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ പുതിയ റോഡുകൾ ഏറ്റെടുക്കണം.
3. റോഡുകളുടെ അറ്റകുറ്റപണികൾ യഥാസമയം പഞ്ചായത്ത് മുൻകൈ എടുത്ത ജനപങ്കാളിത്തത്തോടെ നടത്തണം.
4. വെയിറ്റിംഗ് ഷെഡ്, മൂത്രപ്പുര, കക്കൂസ് എന്നിവ പ്രധാന കേന്ദ്രങ്ങളിൽ നിർമ്മിക്കണം.
5. ആവശ്യമുള്ള ഭാഗങ്ങളിൽ റോഡിൻെറ സുരക്ഷിതത്വം കണക്കിലെടുത്ത് വശങ്ങൾ കെട്ടി ബലപ്പെടുത്തണം.

6. കലുങ്കുകളും പാലങ്ങളും വേണ്ടയിടത്ത് അവ നിർമ്മിക്കണം.

## സാധ്യതകൾ - നിർദ്ദേശങ്ങൾ

1. മുട്ടുകാട് പെരിയകനാൽ റോഡ് ബാക്കിഭാഗം ടാർ ചെയ്യുക.
2. പവർഹൗസ് നടുപ്പാറ റോഡ് അറ്റകുറ്റപണികൾ തീർത്ത് ടാർ ചെയ്യണം.
3. ഗ്യാപ്പിൽ നിന്ന് കിളവിപാറക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണം.
4. ഗ്യാപ്പിൽ നിന്ന് ബൈസൺവാലിക്കുള്ള റോഡ് കിഴവിപാറ വഴി ബൈസൺവാലി പഞ്ചായത്തിലെ റോഡുമായി ബന്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കണം.
5. ആനക്കയം സൗവ്വാംബിക എസ്റ്റേറ്റ് പാറക്കുഴി റോഡ് ടാർ ചെയ്യണം.
6. ചിന്നക്കനാൽ പെരിയകനാൽ റോഡിൻെറ ബാക്കിഭാഗം ടാറിംഗ് പൂർത്തിയാക്കണം.
7. പവർഹൗസ് പഴയ ദേവികുളം റോഡ് ഗതാഗതയോഗ്യമാക്കണം.
8. ഗാന്ധിനഗർ വേണാട് റോഡ് ഗതാഗതയോഗ്യമാക്കത്തക്കവിധം പണി പൂർത്തിയാക്കണം.
9. പെരിയകനാൽ പൈലിമാൻ ചെപ്പ് റോഡ് പണി പൂർത്തിയാക്കണം.
10. ചിന്നക്കനാൽ മുത്തമ്മചോല റോഡ് ഗതാഗതയോഗ്യമാക്കണം.
11. ചിന്നക്കനാൽ സിംഗ്കണ്ടം റോഡ് തടസ്സങ്ങൾ നീക്കിപണി പൂർത്തീകരിക്കണം.
12. സൂര്യനെല്ലി ഗുണ്ടുമല റോഡ് ടാർ ചെയ്യണം.
13. ഷൺമുഖവിലാസം പാപ്പാത്തിചോല റോഡ് 5 കി.മീ. ടാർ ചെയ്യണം.
14. മുതുവാകുടി സിംഗ്കണ്ടം റോഡ് ടാറിംഗ് പൂർത്തിയാക്കണം.
15. സൂര്യനെല്ലി ബോഡിമെട്ട് റോഡ് ബാക്കി ഭാഗം ടാർ ചെയ്യണം.
16. സിംഗ്കണ്ടം ബിയൽറാം റോഡ് പണി പൂർത്തിയാക്കണം.
17. മുതുവാകുടി സിംഗ്കണ്ടം റോഡ് പണി പൂർത്തിയാക്കണം.
18. ബിയൽറാം അരമനപാറ റോഡ് ടാർ ചെയ്യണം.
19. പെരിയകനാൽ ടാറ്റ ടീ ഫാക്ടറിക്കടുത്ത് വെയിറ്റിംഗ് ഷെഡ് നിർമിക്കണം.
20. മുട്ടുകാട് ജംഗ്ഷനിൽ ഒരു വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
21. സൂര്യനെല്ലി ടൗണിൽ വെയിറ്റിംഗ് ഷെഡും മൂത്രപ്പുരയും നിർമിക്കണം.
22. ദേശീയപാതയിൽ ബിയൽറാം ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
23. പെരിയകനാൽ ന്യൂ ഡിവിഷൻ ഭാഗത്ത് വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.
24. മുതുവാകുടിക്ക് സമീപം പവർഹൗസ് ബോഡിമെട്ട് റോഡിൽ ഒരു കലുങ്ക് നിർമ്മിക്കുക.
25. പാപ്പാത്തിചോല ഷൺമുഖവിലാസം റോഡിൽ വേണ്ടത്ര കലുങ്ക് നിർമിക്കുക.
26. ചിന്നക്കനാൽ സൂര്യനെല്ലി റോഡിൽ ഒരു കലുങ്ക് നിർമ്മിക്കുക.

## നിലവിലുള്ള റോഡുകളുടെ പട്ടിക

| നമ്പർ | റോഡ് |
|---|---|
| 1 | പെരിയകനാൽ-മുട്ടുകാട് റോഡ് |
| 2 | മുട്ടുകാട്-കൊങ്ങിണിസിറ്റി " |
| 3 | ഏലപ്പാറ-മുട്ടുകാട് കണ്ടം " |
| 4 | സൊസൈറ്റിമേട്-ഷൗഢാംബിക എസ്റ്റേറ്റ് " |
| 5 | മനോഹര എസ്റ്റേറ്റ്-ഏലപ്പാറ " |
| 6 | മുട്ടുകാട് എസ്റ്റേറ്റ്-വേണാട് " |
| 7 | വേണാട് ഏലപ്പാറ-സൊസൈറ്റിമേട് " |
| 8 | പവർഹൗസ്-നടുപ്പാറ " |
| 9 | ഗ്യാപ്പ് കിളവിപാറ-മുതുവാക്കുടി " |
| 10 | പെരിയകനാൽ-പി.പി.കെ. എസ്റ്റേറ്റ് " |
| 11 | മുത്തമ്മചോല-ലോവർ ഡിവിഷൻ " |
| 12 | ചിന്നക്കനാൽ-അറുപത് ഏക്കർ " |
| 13 | ചിന്നക്കനാൽ-മുത്തമ്മചോല " |
| 14 | ചിന്നക്കനാൽ- പെരിയകനാൽ " |
| 15 | ചിന്നക്കനാൽ-ഒ.ഡി.കെ " |
| 16 | ചിന്നക്കനാൽ - സിംഗുകണ്ടം " |
| 17 - | വിലങ്ങ് - സൂര്യനെല്ലി " |
| 18 | സൂര്യനെല്ലി - ഗുണ്ടുമല " |
| 19 | തണ്ണിത്തൊട്ടി-കുരിശുമല " |
| 20 | ഷൺമുഖവിലാസം - പാപ്പാത്തിചോല " |
| 21 | പച്ചപ്പുൽകുടി- പാപ്പാത്തിചോല " |
| 22 | പച്ചപ്പുൽകുടി -നാഗലിംഗപിള്ള സ്റ്റോർ " |

| നമ്പർ | റോഡ് |
|---|---|
| 23 | പാപ്പാത്തിച്ചോല-പച്ചപ്പുൽകുടി " |
| 24 | സൂര്യനെല്ലി-ബോഡിമെട്ട് " |
| 25 | സൂര്യനെല്ലി-സിംഗുകണ്ടം " |
| 26 | ഷൺമുഖവിലാസം-പഞ്ചപാണ്ഡവർ മഠം " |
| 27 | പാറക്കുടി-പച്ചപ്പുൽകുടി " |
| 28 | ചെമ്പകത്തൊഴുകുടി-സിംഗുകണ്ടം " |
| 29 | തിടീർ നഗർ-പാപ്പാത്തിചോല " |
| 30 | തിടീർ നഗർ-ഏലമുടി " |
| 31 | ബിയൽറാവ്-അരമനപ്പാറ " |
| 32 | ബീയൽറാവ്-കൊളുത്താൻപാറ " |
| 33 | ബീയൽറാവ്-ബോഡിമെട്ട് " |
| 34 | ബീയൽറാവ്-അജ്മൽഖാൻ റോഡ് |

## പ്രധാനപ്പെട്ട കലുങ്കുകൾ

| നമ്പർ | വാർഡ് | മനോഹര എസ്റ്റേറ്റ് റോഡിലുള്ള കലുങ്ക് | പദ്ധതി |
|---|---|---|---|
| 1 | I | മനോഹര എസ്റ്റേറ്റ് റോഡിൽ കലുങ്ക് | JRY |
| 2 | I | ആനക്കയം കലുങ്ക് | JRY |
| 3 | IV | വേണാട് റോഡിൽ കലുങ്ക് | JRY |
| 4 | IV | FML V S നു സമീപം കലുങ്ക് | PWD |
| 5 | IV | OL H കോളനി സമീപം കലുങ്ക് | JRY |
| 6 | IV | OL H കോളനി സമീപം കലുങ്ക് | JRY |
| 7 | IV | ധർമ്മരാജ് ചോലക്കു സമീപം കലുങ്ക് | JRY |
| 8 | IV | പുലിച്ചോലക്കു സമീപം കലുങ്ക് | JRY |

| | | | |
|---|---|---|---|
| 9 | IV | സാം ആൻറ് കമ്പനി ഏലത്തോട്ടം കലുങ്ക് | JRY |
| 10 | VIII | തിട [illegible] കലുങ്ക് | JRY |
| 11 | VI | സൂര്യനെല്ലി ടൗൺ സമീപം കലുങ്ക് | JRY |
| 12 | VI | സൂര്യനെല്ലി ടൗൺ സമീപം കലുങ്ക് | JRY |
| 13 | I | കൊങ്ങിണിസിറ്റി റോഡിൽ കലുങ്ക് | JRY |
| 14 | I | മുട്ടുകാട്-പള്ളിപ്പടി റോഡിൽ കലുങ്ക് | JRY |
| 15 | I | മുട്ടുകാട്പെരിയകനാൽ റോഡിൽ കലുങ്ക് | JRY |

## നടപ്പാലങ്ങൾ

പാറക്കുഴി തോടിന് കുറുകെ

നടുപ്പാറ തോടിന് കുറുകെ

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ടാർ ചെയ്യേണ്ട റോഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| നമ്പർ | വാർഡ് | റോഡ് | നീളം | വീതി |
|---|---|---|---|---|
| 1 | I | മുട്ടുകാട് - പെരിയകനാൽ | 2 | 8 |
| 2 | I | പവർഹൗസ് - നടുപ്പാറ | 2 | 6 |
| 3 | I | വേണാട് - ഏലാപ്പാറ-സൊസൈറ്റിമേട് | 2 1/2 | 4 |
| 4 | I | കിളവിപാറ-ഗ്യാപ്പ് മുതുവാക്കുടി | 2 1/2 | 8 |
| 5 | I | ആനക്കയം-സൗഢ ാംബിക-പാറക്കുഴി | 2 1/2 | 6 |
| 6 | I | മുട്ടുകാട്-പാറക്കുഴി | 1 | 3 |
| 7 | II | ചിന്നക്കനാൽ-പെരിയകനാൽ | 3 | 8 |
| 8 | II | ചിന്നക്കനാൽ To O D K റോഡ് | 5 | 6 |
| 9 | II | ഗാന്ധിനഗർ To വേണാട് | 2 | 3 |
| 10 | III | പെരിയകനാൽ To PPK റോഡ് | 3 | 8 |
| 11 | III | മുത്തമ്മകോളനി To ലോവർ ഡിവിഷൻ | 2 | 5 |

| നമ്പർ | വാർഡ് | റോഡ് | നീളം | വീതി |
|---|---|---|---|---|
| 12 | III | മുത്തമ്മകോളനി To ചിന്നക്കനാൽ റോഡ് | 2 1/2 | 5 |
| 13 | IV | ചിന്നക്കനാൽ To സിംഗുകണ്ടം | 5 | 8 |
| 14 | V | ഗുണ്ടുമല To സൂര്യനെല്ലി | 3 | 8 |
| 15 | VII | ഷൺമുഖവിലാസം To പാപ്പാത്തിച്ചോല | 5 | 8 |
| 16 | VIII | മുതുവാക്കുടി To സിംഗുകണ്ടം റോഡ് | 2 1/2 | 8 |
| 17 | VIII | സൂര്യനെല്ലി To ബോഡിമെട്ട് റോഡ് | 7 | 8 |
| 18 | VIII | ബിയൽറാവ് To അരമനപ്പാറ | 2 1/2 | 5 |
| 19 | IV | പഞ്ചായത്തോഫീസ് To 60 ഏക്കർ റോഡ് | 1 1/2 | 5 |

## പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ടുന്ന റോഡുകൾ പട്ടിക -5

| ക്രമ നമ്പർ | വാർഡ് | റോഡ് | നീളം |
|---|---|---|---|
| 1 | I | നടുപ്പാറ ബാലൻസ് റോഡ് | 1 |
| 2 | I | മുട്ടുകാട് ഹരിജൻ കോളനി റോഡ് | 2 |
| 3 | II | പവർഹൗസ് - ശ്മശാനം റോഡ് | 1/2 |
| 4 | III | മുത്തമ്മകോളനി റോഡ് | 1 |
| 5 | IV | O.L.H കോളനി റോഡ് | 1/2 |
| 6 | IV | പുലിച്ചോല - ശ്മശാനം റോഡ് | 1/2 |
| 7 | IV | കറുപ്പംകോളനി- ഫോറസ്റ്റ് ബംഗ്ലാവ് | 1/2 |
| 8 | IV | 60 ഏക്കർ കോളനിയിൽ റോഡിൽ | 1/2 |
| 9 | V | ഗുണ്ടുമല - നേതാജി കോളനി | 2 |
| 10 | VII | പാപ്പാത്തിച്ചോല-പച്ചപ്പുൽകുടി | 3 |
| 11 | VII | തണ്ണിത്തൊട്ടി-കുരിശുമല ബാക്കിഭാഗം | 1 |
| 12 | VIII | ഷൺമുഖവിലാസം-പഞ്ചപാണ്ഡവർ മഠം | 4 |
| 13 | VIII | സൂര്യനെല്ലി-സിംഗുകണ്ടം | 6 |
| 14 | V | പുലിച്ചോല - ഗുണ്ടമ്മ റോഡ് | 2 |
| 15 | I | ഗ്യാപ്പ് - കിളവിപ്പാറ ബാക്കിഭാഗം | 1 |

ഗ്രാമസഭകളിൽ പ്രധാനമായും മെറ്റൽ ചെയ്ത റോഡുകളെക്കുറിച്ചും ടാർ ചെയ്ത റോഡുകളെക്കുറിച്ചുമാണ് പ്രധാനമായും ആക്ഷേപങ്ങൾ ഉയർന്നുവന്നത്. പുതിയ മൺറോഡുകളെക്കുറിച്ച് വിവിധങ്ങളായ ആവശ്യങ്ങളും ഉയർന്നുവന്നിട്ടുണ്ട്. പട്ടികയിൽ വിശദമായി കൊടുത്തിരിക്കുന്നു. ഗതാഗതയോഗ്യമല്ലാത്ത പല റോഡുകളും ഗതാഗതയോഗ്യമുള്ള റോഡുകളിലേക്ക് ബന്ധപ്പെടുത്തി നിർമ്മിച്ച് കൂടുതൽ ഗതാഗതസൗകര്യമാക്കുന്നതിനേക്കുറിച്ചും ഗ്രാമസഭകളിൽ ചർച്ചകൾ ഉണ്ടായി.

റോഡുകൾ നിർമിക്കുന്നതു സംബന്ധിച്ച് തേയില കമ്പനികളുടെ അധീനതയിൽ ഉള്ള സ്ഥലം വിട്ടുകിട്ടുന്നതിലും ഫോറസ്റ്റ് എരിയായിൽ ഉള്ള റോഡുകൾ നിർമിക്കുന്നതിന് അവരുടെ അനുവാദം ലഭിക്കുന്ന കാര്യത്തിലും നിലവിൽ തടസ്സങ്ങൾ ഉണ്ട്. കൂടാതെ റോഡ് വീതി കൂട്ടുമ്പോൾ ധാരാളം മരങ്ങൾ മുറിച്ചുമാറ്റേണ്ടി വരുന്നതുകൊണ്ട് ബന്ധപ്പെട്ട വകുപ്പുകളുടെ തടസ്സവും, മുറിച്ചു മാറ്റുമ്പോൾ മണ്ണൊലിപ്പ് ഉണ്ടാവും എന്നുള്ളതുകൊണ്ടും റോഡ് നിർമ്മാണത്തിന് പല തടസ്സങ്ങളും ഉണ്ടാകുന്നു.

ഗ്രാമസഭയിൽ ഉണ്ടായ തീരുമാനങ്ങൾ അനുസരിച്ച് താഴെപ്പറയുന്ന റോഡുകളിൽ കലുങ്കുകളും പാലങ്ങളും പണികഴിപ്പിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ 1988-നുശേഷം പല കലുങ്കുകളും പണി കഴിപ്പിച്ചിട്ടുണ്ട്. പട്ടികകൾ വിവരിച്ചിരിക്കുന്നു. നിർമ്മിക്കേണ്ടതായ കലുങ്കുകളിൽ ചിലത്. 1 വാർഡിൽ, വൈകുണ്ഡം എസ്റ്റേറ്റിനു സമീപം 1-ാം വാർഡിൽ മുട്ടുകാട് ഭാഗത്ത് മുട്ടുകാട് - പാറക്കുഴി റോഡിൽ ഒരു കലുങ്കും, മനോഹര എസ്റ്റേറ്റ് റോഡിൽ ഒരു കലുങ്കും, സൊസൈറ്റിമേട് - കിളവിപാറ റോഡിൽ കലുങ്കും, പറക്കുഴി ഭാഗത്ത് ഒരു പാലവും നാലാം വാർഡിൽ ചിന്നക്കനാൽ റോഡിൽ ഒരു കലുങ്കും 7-ാം വാർഡിൽ പാപ്പാത്തിചോല ഷൺമുഖവിലാസം റോഡിൽ 2 കലുങ്കുകളും 8-ാം വാർഡിൽ മുതുവാക്കുടിക്ക് സമീപം 1 കലുങ്കും ഏലമുടിക്ക് സമീപം 1 കലുങ്കും അടിയന്തിരമായി പണി നടത്തേണ്ടിയിരിക്കുന്നു. 1993-ാം ആണ്ടിൽ ദേശീയപാതയിൽ പവർഹൗസിൽ മാത്രം പഞ്ചായത്ത് പണികഴിപ്പിച്ച വെയിറ്റിംഗ് ഷെഡ് ഉണ്ട്. മറ്റു ഗതാഗതസൗകര്യങ്ങളുള്ള പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആവശ്യമായ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിച്ച് അനുബന്ധിച്ച് മൂത്രപ്പുരയും നിർമ്മിച്ച് സംരക്ഷിക്കണം.

# ഊർജം

പഞ്ചായത്ത് രൂപീകരണത്തിന് വളരെ മുൻപുതന്നെ തേയിലത്തോട്ടം മേഖലയിൽ അവരുടെ ജീവനക്കാരുടെ വീടുകളിലും ഫാക്ടറി പ്രവർത്തനത്തിനും വൈദ്യുതി ലഭിച്ചിരുന്നു. കണ്ണൻദേവൻ കമ്പനി തൊഴിലാളികളുടെ ലയങ്ങളിലും ഇപ്പോൾ വൈദ്യുതി എത്തിയിരിക്കുന്നു. കണ്ണൻദേവൻ കമ്പനിക്കുവേണ്ടി പ്രത്യേകം അവർക്കു മാത്രമായി ലൈൻ വലിച്ചാണ് വൈദ്യുതി എത്തിച്ചിരുന്നത്. എന്നാൽ സൂര്യനെല്ലി ഹാരിസൺ മലയാളം കമ്പനിയിൽ ഇലക്ട്രിസിറ്റി ബോർഡാണ് അവർക്ക് ആവശ്യത്തിനുള്ള വൈദ്യുതി നൽകുന്നത്.

പഞ്ചായത്തിൽ ചിന്നക്കനാൽ ഭാഗത്തും മുട്ടുകാട് ഭാഗത്ത് ഭാഗികമായും കൂടി 25 ഉം തെരുവുവിളക്കുകൾ ഉണ്ട്. തെരുവുവിളക്കുകൾക്കുള്ള വൈദ്യുതിചാർജ് പഞ്ചായത്ത് മാസാമാസങ്ങളിൽ ചിത്തിരപുരം ഇലക്ട്രിസിറ്റി ബോർഡ് ഓഫീസിൽ അടച്ചുവരുന്നു. പഞ്ചായത്തിൽ കെ.എസ്.ഇ.ബി. യുടെ ഓഫീസ് പ്രവർത്തിക്കുന്നില്ല. ചിന്നക്കനാലിൽ നിന്നും 28 കിലോമീറ്റർ അകലെയുള്ള പള്ളിവാസൽ പഞ്ചായത്തിൽപ്പെട്ട ചിത്തിരപുരത്താണ് കെ.എസ്.ഇ.ബി യുടെ ഓഫീസ്. ഈ ഓഫീസിൽ പോയി വേണം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് തങ്ങളുടെ വൈദ്യുതി ചാർജ് അടക്കേണ്ടത്. ഗതാഗതസൗകര്യങ്ങൾ കുറവായ ഈ പ്രദേശങ്ങളിൽ നിന്നും ചിത്തിരപുരത്ത് പോയി വൈദ്യുതി ചാർജ് അടക്കുന്നതിന് വളരെ അധികം ബുദ്ധിമുട്ടുകൾ നേരിടുന്നു.

പഞ്ചായത്തിൽ 8 ഉം ട്രാൻസ്ഫോമറുകൾ ഉണ്ട്. ഈ പഞ്ചായത്തിൻെറ എല്ലാ പ്രദേശത്തും ആവശ്യമായ വോൾട്ടേജ് ലഭിക്കുന്നതിനുവേണ്ടി കൂടുതൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

പഞ്ചായത്തിൻെറ പരിധിയിലൂടെ 11 കെ.വി. ലൈനുകളും 10 ട്യൂബ് ലൈറ്റുകളും 15 തെരുവുവിളക്കുകളും ഉണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് പഞ്ചായത്തിൻെറ കിഴക്കേ അതിർത്തിപ്രദേശമായ കൊളുക്കുമല, തെക്ക് അതിർത്തിപ്രദേശമായ ഗ്യാപ്പ് എന്നീ പ്രദേശങ്ങളിൽ ആവശ്യമായ കാറ്റും വേണ്ടത്ര സൗകര്യങ്ങളും ഉണ്ടെന്നുള്ളത് വസ്തുതയാണ്. മുൻകാലത്ത് വൈദ്യുതി ഉത്പാദനത്തിനായി പവർഹൗസ് മറ്റും സ്ഥാപിച്ചിരുന്ന പവർഹൗസ് ചിന്നക്കനാൽ ഭാഗത്ത് വീണ്ടും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സാധ്യതകളെക്കുറിച്ച് പഠനം നടത്തണം.

## പ്രശ്നങ്ങൾ

1. വൈദ്യുതി എത്തപ്പെടാത്ത പ്രദേശങ്ങൾ പഞ്ചായത്തിൽ നിരവധിയാണ്.
2. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് ലൈൻ വലിക്കുന്നതിനും മറ്റും കമ്പനി തടസ്സം നിൽക്കുന്നു.
3. പഞ്ചായത്ത് അതിർത്തിയിൽ നിന്ന് 28 കിലോമീറ്റർ ദൂരെയുള്ള ചിത്തിരപുരം കെ.എസ്.ഇ.ബി. ഓഫീസിൽ പോയി വൈദ്യുതി ചാർജ് അടക്കുന്നത് ക്ലേശകരമാണ്.
4. പഞ്ചായത്തിൽ തെരുവുവിളക്കുകൾ ഇല്ലാത്ത പ്രദേശത്ത് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി. സമീപിച്ചിട്ട് യാതൊരുവിധ അനുകൂല നടപടികളും ബോർഡിൻെറ ഭാഗത്തുനിന്നും സ്വീകരിക്കുന്നില്ല.
5. പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ ഒന്നുംതന്നെ വൈദ്യുതീകരിച്ചതല്ല.
6. പഞ്ചായത്തിൽ ചിന്നക്കനാൽ ഒഴികെ മറ്റു പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ല.
7. ക്രമാതീതമായുള്ള വൈദ്യുതി ചാർജ് വർദ്ധനവ്, ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്ന രീതിയിലുള്ള അഡീഷണൽ ബിൽ.

## സാധ്യതകൾ

1. പഞ്ചായത്തിൻെറ എല്ലാ പ്രദേശത്തും വൈദ്യുതി എത്തിക്കുന്നതിന് കൂടുതൽ 11 കെ.വി. ലൈൻ വലിക്കുക.
2. പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും തെരുവുവിളക്കുകളും എല്ലാ വീടുകൾക്കും വൈദ്യുതി എത്തിക്കുകയും ചെയ്യുക.
3. എസ്റ്റേറ്റ് മേഖലകളിൽ പഞ്ചായത്ത് മുഖേന ബോർഡ് തെരുവുവിളക്കുകൾ സ്ഥാപിക്കണം.
4. വൈദ്യുതി ചാർജ് അടക്കുന്നതിനാവശ്യമായ ഓഫീസ് പഞ്ചായത്ത് പ്രദേശത്ത് ആരംഭിക്കണം.
5. പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ അടിയന്തിരമായി വൈദ്യുതീകരിക്കുക.
6. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
7. കൃഷി വികസനത്തിന് വൈദ്യുതി ആവശ്യമായി വരുന്ന കർഷകർക്ക് കണക്ഷനുകൾ നൽകുക.
8. പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളായ മുട്ടുകാട്, പവർഹൗസ്, ചിന്നക്കനാൽ, സൂര്യനെല്ലി എന്നിവിടങ്ങളിൽ മെർക്കുറി ലൈറ്റ് സ്ഥാപിക്കുക.

പഞ്ചായത്തിലുള്ള വീടുകളിൽ എല്ലാവരും തന്നെ പാചകത്തിന് വിറകാണ് സാധാരണയായി ഉപയോഗിക്കുന്നത്. പുകയില്ലാത്ത അടുപ്പുകൾ പെരിയകനാലിലും സൂര്യനെല്ലിയിലും തേയില എസ്റ്റേറ്റുകളിൽ കൂടുതലായി തൊഴിലാളികൾ ഉപയോഗിച്ചുവരുന്നു. മറ്റു പ്രദേശങ്ങളിൽ വിറകടുപ്പാണ് പാചകത്തിനായി ഉപയോഗിക്കുന്നത്. പാചകഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി, ബയോഗ്യാസ് എന്നിവ ഉപയോഗിച്ച് പാചകം ചെയ്യുന്നത് പഞ്ചായത്തിൽ 10 ശതമാനത്തിൽ താഴെ മാത്രമാണ്. സോളാർ ലൈറ്റുകൾ പഞ്ചായത്തിൽ സൂര്യനെല്ലി പ്രദേശത്ത് ആദിവാസി കോളനിയിൽ പ്രവർത്തിക്കുന്ന ഗംഗോത്രിയിൽ മാത്രമാണ് ഉപയോഗിക്കുന്നത്. ബയോഗ്യാസ് പ്ലാൻറ് വളരെ വിരളമാണ്.

## പ്രശ്നങ്ങൾ, പരിഹാരങ്ങളും

1. മൃഗസംരക്ഷണം പ്രധാന തൊഴിലായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാനും ഊർജ പ്രതിസന്ധി ചെറിയ തോതിൽ എങ്കിലും തരണം ചെയ്യുവാനും കഴിയേണ്ടതാണ്. ഇക്കാര്യത്തിൽ ബോധവൽക്കരണം സാമ്പത്തികസഹായ പുനസ്താപനം മുതലായ കാര്യങ്ങൾ നടപ്പിലാക്കേണ്ടതാണ്.
2. ചിന്നക്കനാൽ പഞ്ചായത്തിൽ ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കണം.
3. പഞ്ചായത്തിൻെറ ആവശ്യമായ എല്ലാ പ്രദേശങ്ങളിലും സോളാർ ലൈറ്റുകൾ സ്ഥാപിക്കുക.
4. പുകയില്ലാത്ത അടുപ്പുകൾ എല്ലാ വീടുകളിലും സ്ഥാപിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുക. വിറകിൻെറ ക്ഷാമം പരിഹരിക്കുന്നതിന് വനത്തിൽ വീണുകിടന്ന് നശിക്കുന്ന തടിക്ക് സൗജന്യനിരക്കിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് പാസ് നൽകുക.

## മാർക്കറ്റുകൾ

എല്ലാ രംഗത്തും സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണല്ലോ നാമേവരുടേയും ലക്ഷ്യം. ഗ്രാമത്തിൽ വിവിധ പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കുവാൻ വിപണനസൗകര്യം ഇല്ലെന്നു വന്നാൽ മറ്റുള്ള പ്രദേശങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിനാൽ ഉത്പാദനത്തേയും വിപണനത്തേയും ഇത് കാര്യമായി ബാധിക്കും എന്നതിൽ സംശയമില്ല. ഉത്പാദകരും, ഉപഭോക്താക്കളും ധാരാളം നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. എങ്കിലും ഉത്പാദകർക്ക് തങ്ങൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിൽക്കാനും ഉപഭോക്താക്കൾക്ക് വാങ്ങുന്നതിനും പ്രദേശങ്ങളുടെ പ്രത്യേകതകൾ അനുസരിച്ചുള്ള മാർക്കറ്റുകൾ ആവശ്യമാണ്. തങ്ങൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുവാനും ഉപഭോക്താവിന് കുറഞ്ഞ വിലക്ക് ഉത്പന്നങ്ങൾ വാങ്ങുന്നതിനും സാധിക്കും.

## പ്രശ്നങ്ങൾ

1. കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ ന്യായമായ വിലക്ക് വിൽക്കുന്നതിന് വിപണനസൗകര്യം ഇല്ല.
2. പച്ചക്കറി വിൽക്കുന്നതിനായി ആഴ്ച ചന്ത നിലവിൽ ഇല്ല.
3. വിപണനസൗകര്യം വേണ്ടത്ര ഇല്ലാത്തതുകൊണ്ട് ഉത്പാദനക്ഷമതയെ ബാധിക്കുന്നു.

4. മത്സ്യം, മാംസം തുടങ്ങിയവ പഞ്ചായത്തിൻെറ പല ഭാഗങ്ങളിൽ വച്ച് വിതരണം നടത്തുന്നു. ഇത് പൊതുജനാരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു.
5. ഏലം ഉത്പാദക കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ യഥാർത്ഥ വിലക്ക് വിൽക്കാൻ സാധിക്കുന്നില്ല.

## സാദ്ധ്യതകൾ

1. പഞ്ചായത്ത് ആസ്ഥാനത്ത് മാർക്കറ്റ് സ്ഥാപിക്കുക.
2. പച്ചക്കറി വിപണനത്തിനായി ആഴ്ചതോറുമുള്ള ചന്ത ആരംഭിക്കുക.
3. മത്സ്യ, മാംസ വിപണനത്തിനായി പ്രത്യേകമായി ആവശ്യമായ സ്ഥലങ്ങളിൽ വിപണനകടകൾ തുറക്കുക.
4. പഞ്ചായത്തിൽ ഏലം വിൽപനയ്ക്കായി ലേല കേന്ദ്രം ആരംഭിക്കുക.

## പഞ്ചായത്തിൽ ഓരോ പ്രദേശങ്ങളിൽ ലൈൻ വലിച്ച് വൈദ്യുതി എത്തിക്കേണ്ട സ്ഥലങ്ങൾ

### പട്ടിക

| നമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 1 | I | മുട്ടുകാട് ഹരിജൻ കോളനി നടുപ്പാറ കോളനി വേണാട്, ഏലപ്പാറ, സെൻറ്തോമസ് പള്ളിക്കു വടക്കുവശം. |
| 2 | II | പവർഹൗസ് മുതൽ ചിന്നക്കനാൽ വരെയുള്ള പ്രദേശങ്ങളിൽ |
| 3 | III | മുത്തമ്മചോല കോളനി |
| 4 | IV | O.L.H കോളനി |
| 5 | VII | പാപ്പാത്തിചോല ഭാഗത്ത് |
| 6 | VIII | ബീയൽറാവ്, സിംഗുകണ്ടം എന്നീ പ്രദേശങ്ങളിൽ |

# ആരോഗ്യം - കുടിവെള്ളം

ശുദ്ധമായ വായു, ശുദ്ധമായ ജലം, ശുചിത്വമുള്ള വീട്, ജനതയുടെ ആരോഗ്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ് ഇവ. കുടിവെള്ളത്തിനായി 15% ജനങ്ങളും ഉദ്ദേശം 65 കിണറുകളിൽ നിന്നും ശുദ്ധജലം ഉപയോഗിക്കുമ്പോൾ 85% ജനങ്ങൾ മലമടക്കുകളിൽ ഉത്ഭവിക്കുന്ന ചെറുതോടുകളിൽ നിന്നും വരുന്ന നീരുറവകൾ തടഞ്ഞുനിർത്തി ടാങ്കുകൾ കെട്ടിയും പൈപ്പുകളും ഹോസുകളും ഉപയോഗിച്ച് കുടിവെള്ളം വീടുകളിൽ എത്തിക്കുന്നു. പഞ്ചായത്തിലെ 8 വാർഡുകളിൽ 2, 3, 5, 6, 7 വാർഡുകൾ ടാറ്റാ തേയില കമ്പനിയും ഹാരിസൺ മലയാളം പ്ലാൻേറഷനും അടങ്ങിയ എസ്റ്റേറ്റ് വാർഡുകളാണ്. ഈ 5 വാർഡുകളിലും കുടിവെള്ളം എത്തിക്കുന്നത് ലേബർ ആക്ടിൻ പ്രകാരം മാനേജ്മെൻറിൻെറ ഉത്തരവാദിത്വമാണ്. ബാക്കി 3 വാർഡുകളിൽ പഞ്ചായത്ത് മുഖേന ചുരുക്കം ചില ഭാഗത്ത് കിണറുകൾ കുഴിച്ച് കുടിവെള്ളമെടുക്കുന്നു. എന്നിരുന്നാലും ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

1985-ൽ കേരള വാട്ടർ അതോറിറ്റി ചിന്നക്കനാൽ 4-ാം വാർഡിൽ ഒരു വാട്ടർ ടാങ്ക് കെട്ടി കുടിവെള്ളത്തിനായി കുറെ പൈപ്പുകൾ ഇട്ടെങ്കിലും അതുകൊണ്ട് ജനങ്ങൾക്ക് വേണ്ടത്ര പ്രയോജനം ലഭിച്ചില്ല. ചിന്നക്കനാൽ ഫാത്തിമാ മാത എൽ.പി സ്കൂളിന് സമീപത്തുള്ള ചെറിയ തോട്ടിൽ നിന്നും പഴയ പൈപ്പുപയോഗിച്ച് റോഡുസൈഡിൽ താമസിക്കുന്ന ചുരുക്കം ചില കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നു.

അടുത്തകാലത്തായി കുടിവെള്ളത്തിന് ഷൺമുഖവിലാസത്തും ചിന്നക്കനാൽ ഒ.എൽ. എച്ച് കോളനിയിലും കുഴൽകിണർ അനുവദിച്ചിരുന്നു. ഷൺമുഖവിലാസത്ത് അനുവദിച്ച കുഴൽകിണറിൽ നിന്നും വെള്ളം പരിസരവാസികൾ ഉപയോഗിക്കുന്നു. മറ്റൊന്ന് കുഴിച്ച് വെള്ളം കിട്ടാതെ ഉപയോഗശൂന്യമായി കിടക്കുന്നു. വർഷകാലത്ത് കുടിവെള്ളം സുലഭമായി ലഭിക്കുന്ന പ്രദേശങ്ങളിൽ പോലും വേനൽക്കാലത്ത് ശുദ്ധജലം ലഭിക്കാറില്ല. പഞ്ചായത്തിലെ കുടിവെള്ളക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടുന്ന ഭൂരിഭാഗം പ്രദേശങ്ങളിലും ജനങ്ങൾ കുടിവെള്ളത്തിനായി കഷ്ടപ്പെടുന്നു. നിലവിൽ കുടിവെള്ളം ശുദ്ധീകരിക്കുന്നതിന് യാതൊരുവിധ സംവിധാനവും പഞ്ചായത്തിലില്ല. മലിനജലം ഉപയോഗിക്കുന്നതു മൂലം വളരെയധികം ജനങ്ങൾക്ക് പലവിധ രോഗങ്ങളും പകർച്ചവ്യാധികളും ഉണ്ടാകുന്നു.

## നിർദ്ദേശങ്ങൾ

1. പവർഹൗസ് ഭാഗത്ത് ഇറച്ചിപാറയിൽ വാട്ടർടാങ്ക് നിർമ്മിച്ച് വെള്ളം ശേഖരിച്ച് പൈപ്പു വഴി വേണാട്ടിൽ മറ്റൊരു ടാങ്കിൽ സംഭരിച്ച് വേണാട്, ഏലപ്പാറ, മൈലാടുംപാറ, അമ്പലമേട്, സെ. തോമസ് പള്ളിക്ക് കിഴക്കുവശം, മുട്ടുകാട് ഹരിജൻ കോളനി എന്നിവിടങ്ങളിൽ പൈപ്പു വഴി കുടിവെള്ളമെത്തിക്കുക.

2. ഏലപ്പാറക്ക് താഴ്ഭാഗത്ത് വാട്ടർടാങ്ക് നിർമ്മിച്ച് പൈപ്പു വഴി ദുർഗ്ഗാ ഭഗവതി ക്ഷേത്രപരിസരം, സൗഡാംബികാ എസ്റ്റേറ്റ് എന്നിവിടങ്ങളിൽ കുടിവെള്ളമെത്തിക്കണം.
3. മുട്ടുകാട് സെ. തോമസ് പള്ളിക്ക് സമീപം കുഴൽകിണർ നിർമ്മിക്കണം. കൊങ്ങിണി സിറ്റി റോഡ് വക്കിൽ കുഴൽകിണർ നിർമ്മിക്കണം.
4. ഇറച്ചിപാറ ഭാഗത്ത് ടാങ്ക് കെട്ടി പൈപ്പിട്ട് 2, 3 വാർഡുകളിൽ കുടിവെള്ളം എത്തിക്കുക.
5. ആനയിറങ്ങൽ ഡാമിൻെറ ജലസംഭരണിക്ക് സമീപം പമ്പ്ഹൗസ് നിർമ്മിച്ച് ചിന്നക്കനാലിൻെറ മുകളിൽ വെള്ളം പമ്പ് ചെയ്ത് ടാങ്കിൽ ശേഖരിച്ച്, ചിന്നക്കനാൽ ഒ.എൽ.എച്ച്, കുത്തുങ്കൽത്തേരി, സൂര്യനെല്ലി എന്നിവിടങ്ങളിൽ സുലഭമായി കുടിവെള്ളമെത്തിക്കാവുന്നതാണ്.
6. ഗ്യാപ്പ് റോഡിന് താഴ്ഭാഗത്തായി ടാങ്ക് കെട്ടി പൈപ്പിട്ട് നടുപ്പാറ ഹരിജൻ കോളനിയിൽ വെള്ളമെത്തിക്കാം.
7. പവർഹൗസ് വെള്ളച്ചാട്ടത്തിന് മുകൾഭാഗത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പിട്ട് ഗാന്ധിനഗർ, സുബ്രഹ്മണ്യൻ കോളനി എന്നിവിടങ്ങളിൽ വെള്ളമെത്തിക്കുക.
8. 7-ാം വാർഡിൽ പാപ്പാത്തിചോലയിൽ കമ്പനി വക കുടിവെള്ളം എത്തിച്ചിരിക്കുന്ന ടാങ്കിൽ നിന്നും കുടിവെള്ളമെത്താത്ത പ്രദേശങ്ങളിൽ പൈപ്പിട്ട് എത്തിക്കുക.
9. എഫ്.എം.എൽ.പി.എസിനു സമീപമുള്ള ചെറിയ തോട്ടിൽ ടാങ്ക് കെട്ടി പൈപ്പിട്ട് പഞ്ചായത്ത് ഓഫീസ്, ഒ.എൽ.എച്ച്. പ്രദേശങ്ങളിൽ വെള്ളമെത്തിക്കുക.
10. പുലിചോലക്ക് സമീപം ടാങ്ക് കെട്ടി കുത്തുങ്കൽത്തേരി, സുബ്രഹ്മണ്യൻ കോളനി എന്നീ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാം.
11. 8-ാം വാർഡിൽ കൊളുത്താംപാറയിൽ ടാങ്ക് കെട്ടി പൈപ്പിട്ട് അരമനപാറ, ബിയൽറാം പ്രദേശങ്ങളിൽ വെള്ളമെത്തിക്കുക.
12. ഷൺമുഖവിലാസം ഭാഗത്ത് ടാങ്ക് കെട്ടി പൈപ്പിട്ട് ചെമ്പകതൊഴു കുടിയിൽ നിലവിലുള്ള ടാങ്ക് അറ്റകുറ്റപണികൾ ചെയ്ത് ഈ ടാങ്കിൽ വെള്ളമെത്തിക്കുക.
13. ഗുണ്ടുമല ഭാഗത്ത് ടാങ്ക് കെട്ടി നേതാജി കോളനിയിൽ വെള്ളമെത്തിക്കുക.
14. മുത്തമ്മ കോളനി 14-ാം നമ്പർ കാട്ടിൽ ടാങ്ക് കെട്ടി പൈപ്പിട്ട് മുത്തമ്മ കോളനിയിൽ വെള്ളമെത്തിക്കുക.
15. കുടിവെള്ളം ശുദ്ധീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

## ആരോഗ്യം

പഞ്ചായത്തിൽ ആരോഗ്യരംഗത്ത് ചികിത്സാ കേന്ദ്രങ്ങൾ കുറവാണ്. ചിന്നക്കനാലിൽ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രമാണ് പഞ്ചായത്തിലെ ഈ രംഗത്തെ ഏക ഗവ. സ്ഥാപനം. ടാറ്റാ ടീ ഫാക്ടറി വക ഒരു ആശുപത്രി, ഹാരിസൺ മലയാളം പ്ലാൻേറഷൻ വക ഒരു ആശുപത്രിയും പഞ്ചായത്തിലുണ്ട്. ഈ ആശുപത്രികൾ തേയിലത്തോട്ടം തൊഴിലാളികൾക്ക് മാത്രമേ പ്രയോജനപ്പെടുന്നുള്ളു. ചില പ്രദേശങ്ങളിൽ നാട്ടുവൈദ്യന്മാരുടെ ചികിത്സയുമുണ്ട്. നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ സ്ഥിരമായി ഡോക്ടറോ ആവശ്യത്തിനുള്ള മരുന്നോ ലഭ്യമല്ല. വിദഗ്ദ്ധ ചികിത്സ ആവശ്യമായി വരുമ്പോൾ ഫാക്ടറി തൊഴിലാളികൾ മൂന്നാറിലുള്ള ടാറ്റയുടെ ജനറൽ ആശുപത്രിയേയും, മറ്റു പ്രദേശങ്ങളിൽ താമസിക്കുന്നവർ നൂറോളം കിലോമീറ്റർ അകലെയുള്ള ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു. പ്രാഥമിക ആരോഗ്യകേന്ദ്രത്തോടനുബന്ധിച്ച് പഞ്ചായത്ത് വക 10 കിടക്കകളോടുകൂടിയ ആശുപത്രി നിർമ്മാണം പുരോഗമിച്ചു വരുന്നു.

ഏതൊരു പ്രദേശത്തിന്റെയും ആരോഗ്യപ്രശ്നങ്ങളെ മരണനിരക്ക്, ജനനനിരക്ക് എന്നിവയെ ആധാരമാക്കിയാണ് വിലയിരുത്തുന്നത്. ഈ പഞ്ചായത്തിലെ മരണനിരക്ക് 0.73 ആണ്. ശിശു മരണനിരക്കും മാതൃ മരണനിരക്കും വിരളമാണ്.

| വർഷം | ജനനം | മരണം |
|---|---|---|
| 1993 - 94 | 139 | 29 |
| 1994 - 95 | 144 | 32 |
| 1995 - 96 | 97 | 23 |

ഒരു വയസിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 262 ആണ്. പ്രതിരോധ കുത്തിവെയ്പ് നടത്തിയിട്ടുള്ളവർ 234 ആണ്. കുട്ടികളുടെ ആരോഗ്യപോഷണ പട്ടിക ചുവടെ ചേർക്കുന്നു.

| പ്രായം | നോർമ്മൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസിൽ താഴെ | 29 | 20 | 24 | 25 | 25 | 18 | Nil | Nil |
| 1 - 3 വയസുവരെ | 36 | 45 | 26 | 27 | 15 | 17 | Nil | 1 |
| 3 - 6 വയസുവരെ | 60 | 52 | 25 | 23 | 17 | 16 | Nil | 1 |

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ.

2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ.

3-ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ.

പഞ്ചായത്തിലെ വീടുകളിൽ നിലവിൽ സ്വന്തമായി കക്കൂസുള്ളവർ വിരളമായതുകൊണ്ട് പരിസര ശുചിത്വം പാലിക്കുവാൻ കഴിയുന്നില്ല. ഇതുമൂലം രോഗങ്ങൾ താരതമ്യേന കൂടുതലാണ്. 95-96 വർഷത്തെ ആരോഗ്യവകുപ്പിന്റെ കണക്കുപ്രകാരം പഞ്ചായത്തിൽ ജലമാലിന്യ രോഗങ്ങൾ 196 പേർക്ക് ബാധിച്ചിട്ടുണ്ട്. അന്തരീക്ഷത്തിലൂടെ പകരുന്ന രോഗം ബാധിച്ചവർ 409 പേരും ആണ്. പകർച്ചവ്യാധികൾ ആദിവാസി കോളനികളിൽ കണ്ടുവരുന്നു. അതിസാരം, ഛർദ്ദി മുതലായവയാണ് സാധാരണ പകർച്ചവ്യാധികൾ.

ആയുർവേദ ആശുപത്രിയോ ഹോമിയോ ആശുപത്രിയോ പഞ്ചായത്തിൽ നാളിതുവരെ പ്രവർത്തിക്കുന്നില്ല.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.
2. യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത മൂലം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ എത്താൻ കഴിയുന്നില്ല.
3. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കീഴിലുള്ള ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
4. പകർച്ചവ്യാധികൾ പെരുകുന്നു.
5. ആരോഗ്യ പഠന ക്ലാസുകൾ നടത്തുന്നില്ല.
6. കക്കൂസുകൾ എല്ലാ വീട്ടിലുമില്ല. അതുമൂലം വ്യക്തി ശുചിത്വം പാലിക്കപ്പെടുന്നില്ല.
7. പോഷകാഹാരക്കുറവ്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഒന്നാം വാർഡിലും എട്ടാം വാർഡിലും ഹോമിയോ ആയുർവേദ ആശുപത്രികൾ സ്ഥാപിക്കുക.
2. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സ്ഥിരമായി ഡോക്ടറെ നിയമിക്കുകയും, മരുന്നുകൾ കൃത്യമായും ലഭ്യമാക്കുക. ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
3. പകർച്ചവ്യാധികൾ ഇല്ലായ്മ ചെയ്യുക, പോഷകാഹാരക്കുറവ് പരിഹരിക്കുക.
4. കക്കൂസില്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം ചെയ്യുക.
5. ആരോഗ്യ ബോധവൽക്കരണ പഠനക്ലാസുകൾ നടപ്പാക്കുക.
6. പൊതുനിരത്തുകളും ഓടകളും വൃത്തിയാക്കുക.
7. നിലവിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രം വിപുലീകരിച്ച് 50 കിടക്കകളോടുകൂടിയ ആശുപത്രി ആയി ഉയർത്തുക.



# വിദ്യാഭ്യാസം

മലയോരപ്രദേശമായ ചിന്നക്കനാൽ പഞ്ചായത്തിൽ ആദ്യകാലത്ത് കുടിയേറ്റ കർഷകരുടെ, തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്നതിന് യാതൊരുവിധ സൗകര്യങ്ങളുമുണ്ടായിരുന്നില്ല. ഈ പ്രദേശത്ത് ആദ്യമായി സ്ഥാപിതമായ സ്കൂൾ കണ്ണൻദേവൻ കമ്പനി വക തേയിലത്തോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് പഠിക്കുവാൻ പെരിയകനാൽ ഫാക്ടറിക്ക് സമീപം സ്ഥാപിച്ച എയിഡഡ് എൽ.പി സ്കൂളാണ്. പിന്നീട് ഹാരിസൺ മലയാളം പ്ലാൻേറഷൻ വക തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിലേക്കായി സൂര്യനെല്ലിയിൽ സ്ഥാപിതമായ എയിഡഡ് എൽ.പി സ്കൂൾ, പഞ്ചായത്താസ്ഥാനത്ത് സ്ഥാപിതമായ ഗവ. യു.പി സ്കൂൾ, ആദിവാസി മേഖലയിൽ അവരുടെ കുട്ടികളുടെ പഠനത്തിന് ചെമ്പകതൊഴുകുടിയിൽ സ്ഥാപിച്ച ട്രൈബൽ എൽ.പി. സ്കൂൾ, കാർഷിക മേഖലയിൽ മുട്ടുകാടിൽ സ്ഥാപിച്ച ഗവൺമെൻറ് എൽ.പി. സ്കൂൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ വന്നു. മേൽപ്പറഞ്ഞ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാമുപരി സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് പഞ്ചായത്താസ്ഥാനത്തിനടുത്തുള്ള ചിന്നക്കനാൽ ഫാത്തിമ മാത എൽ.പി സ്കൂൾ. ഈ സ്കൂളിനെ ഇപ്പോൾ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു. ഈ അദ്ധ്യയനവർഷത്തിൽ (1996-97) മാസങ്ങൾക്കു മുമ്പ് മാത്രമാണ് ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആണ് ഈ സ്ഥാപനം. സോഷ്യൽ വെൽഫയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ സെൻറ് ജോസഫ് ഓർഫനേജ് കോൺവെൻറ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ഇവിട 225 ഓളം കുട്ടികൾ താമസിച്ചു പഠിച്ചു വരുന്നു.

നമ്മുടെ പഞ്ചായത്തിൽ സ്വകാര്യ മേഖലയിലും പൊതുമേഖലയിലും ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോഴും ശൈശവദിശയിൽ തന്നെയാണ് എന്നു പറയാം. നിലവിലുള്ള സ്കൂളുകളിൽ (ഗവൺമെൻറ്) പഠനനിലവാരം മെച്ചമാണെന്ന് പറയാൻ കഴിയില്ല. ആവശ്യത്തിന് അദ്ധ്യാപകരോ, പഠനോപകരണങ്ങളോ ലഭിക്കാത്തത് കുട്ടികളുടെ പഠനനിലവാരത്തെ കാര്യമായി ബാധിക്കുന്നു. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ സ്ഥിതി കുറെയൊക്കെ മെച്ചമാണെന്ന് പറയാം. ഇപ്പോഴും പല വാർഡുകളിലും ആവശ്യത്തിന് സ്കൂളുകൾ ഇല്ല. ഭാഷാപ്രശ്നം ഒരു പരിധി വരെ വിദ്യാഭ്യാസരംഗത്തെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. ഒന്നാം വാർഡിലെ കുട്ടികൾ വാർഡിലെ എൽ.പി സ്കൂളിൽ നാലാം ക്ലാസ് വിദ്യാഭ്യാസം പൂർത്തീകരിച്ചാൽ യു.പി., ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ഉദ്ദേശം ആറു കിലോമീറ്റർ അകലെയുള്ള ബൈസൺവാലി ഹൈസ്കൂളിൽ എത്തണം. ഇത്രയുംദൂരം കാൽനടയായി വേണം ഈ സ്കൂളിൽ എത്താൻ. എട്ടാം വാർഡിൽ ആദിവാസി മേഖലയിലെ എൽ.പി സ്കൂൾ ആദിവാസി കുട്ടികൾക്ക് മാത്രമേ പഠിക്കാൻ എത്താൻ കഴിയൂ. മറ്റു കർഷകരുടെ കുട്ടികളെ പഠിപ്പിക്കുന്നതിന് തമിഴ്നാട്ടിലുള്ള സ്കൂളുകളോ ശാന്തൻപാറ, രാജകുമാരി എന്നീ പ്രദേശങ്ങളിലുള്ള സ്കൂളുകളെയോ ആശ്രയിക്കേണ്ടിവരുന്നു. മറ്റു വാർഡുകളിലെ സ്ഥിതിയും മെച്ചമല്ല. പഞ്ചായത്തിലെ ഇപ്പോൾ ഹൈസ്കൂൾ പ്രവർത്തിക്കുന്ന നാലാം വാർഡ് ഒഴിച്ച് തേയിലത്തോട്ടം മേഖലയിലെ കുട്ടികൾ ഉൾപ്പെടെ

പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം ദേവികുളം, മൂന്നാർ, അയൽസംസ്ഥാനമായ തമിഴ്നാട്ടിലോ ഇവിടങ്ങളിൽ പോയി വേണം തുടർന്ന് പഠനം നടത്തുവാൻ. ഈ പഞ്ചായത്തിലെ കുട്ടികൾ 6 മുതൽ 20 കിലോമീറ്റർ വരെ അകലെ നടന്നും ബസ് യാത്ര ചെയ്തുമാണ് പഠനം നടത്തുന്നത്. ഇക്കാരണത്താൽ തന്നെ മുഴുവൻ കുട്ടികളും പഠനം നടത്തുന്നില്ല. സ്കൂളിൽ പോകുന്ന കുട്ടികൾ പോലും സ്ഥിരമായി സ്കൂളുകളിൽ എത്തുന്നില്ല. കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് പട്ടിക ചേർത്തിട്ടുണ്ട് (പട്ടിക 1)

### പഠനം നിർത്തിയവരുടെ വിവരം (96-97)

| SC / ST | | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|
| ക്ലാസ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| I | 1 | 1 | 2 | - | - | - |
| II | 6 | 3 | 9 | 2 | 1 | 3 |
| III | 2 | 1 | 3 | - | - | - |
| IV | 3 | 3 | 6 | 1 | - | 1 |
| V | 1 | - | 1 | 1 | - | 1 |
| VI | 2 | 2 | 4 | - | - | - |
| VII | 7 | 4 | 11 | 1 | 1 | 2 |
| | 22 | 14 | 36 | 5 | 2 | 7 |

പഞ്ചായത്തിൽ ആകെ ആറ് സ്കൂളുകൾ ഉണ്ട്. ഈ സ്കൂളുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ ആകെ എണ്ണം 1160 ആണ്. സർക്കാർ മേഖലയിൽ മൂന്നു സ്കൂളുകൾ ഉണ്ട്. ഇതിൽ രണ്ടെണ്ണം എൽ.പി സ്കൂളും ഒന്ന് യു.പി സ്കൂളുമാണ്. ഇതിൽ ചെമ്പകത്തൊഴുകുടിയിലെ സ്കൂൾ ആദിവാസി വിദ്യാർത്ഥികളുടെ പഠനസൗകര്യം മുൻനിർത്തി മാത്രം പ്രവർത്തിക്കുന്നതാണ്. എന്നാൽ ഈ സ്കൂളിൽ ആദിവാസി കുട്ടികൾ പോയി പഠിക്കാൻ വിമുഖത കാണിക്കുന്നു. ആദിവാസികളുടെ ക്ഷേമത്തിനും കുട്ടികളുടെ പഠനത്തിനുമായി സൂര്യനെല്ലി ഡെവലപ്മെൻറ് പ്രോജക്ട് "ഗംഗോത്രി" എന്ന സ്ഥാപനം ഇവിടെ പ്രവർത്തിക്കുന്നു. കുട്ടികൾ മുഖ്യമായും ഈ സ്ഥാപനത്തിൽ പഠനം നടത്തുന്നു. സ്വകാര്യ മേഖലയിൽ രണ്ടു ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്ഥലവാസികൾക്ക് പ്രയോജനപ്രദമല്ല.

ആദിവാസികുടിയിലുള്ള ട്രൈബൽ സ്കൂൾ ഒഴിച്ച് മറ്റു എല്ലാ സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ പ്രവർത്തിക്കുന്നു. തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ മാതൃസംഘം പ്രവർത്തിക്കുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല.

ഭൗതിക സൗകര്യങ്ങൾ അദ്ധ്യാപക രക്ഷാകർതൃ സംഘടനകളുടെ പ്രവർത്തനഫലമായി സ്കൂളുകളിൽ കുറെയൊക്കെ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ കമ്പനി വക എയിഡഡ് സ്കൂളുകൾ രണ്ടെണ്ണവും ചിന്നക്കനാലിൽ പ്രവർത്തിക്കുന്ന എഫ്.എം. എൽ.പി.എസ് ഉം സ്വകാര്യ മേഖലയിലെ സ്കൂളുകളാണ്. തൊഴിലാളികളുടേയും സാധാരണക്കാരുടേയും കുട്ടികളാണ് ഈ സ്കൂളുകളിൽ പഠിക്കുന്നത്. പഞ്ചായത്തിലുള്ള സ്കൂളുകളിൽ അക്കാദമിക് സൗകര്യങ്ങൾ വളരെ പിന്നോക്കമാണ്. പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് കോളേജുകളോ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളോ പ്രവർത്തിക്കുന്നില്ല. ഉന്നത വിദ്യാഭ്യാസത്തിനായി 20 കിലോമീറ്റർ അകലെയുള്ള മൂന്നാർ ഗവ. കോളേജിനെയോ, രാജകുമാരി എൻ.എസ്.എസ് കോളേജിനെയോ അയൽസംസ്ഥാനമായ തമിഴ്നാടിനെയോ ആശ്രയിക്കേണ്ടിവരുന്നു. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് കട്ടപ്പനയിൽ ഗവ. ഉടമയിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ യെയോ, രാജകുമാരിയിൽ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഐ.ടി.സി യെയോ ആശ്രയിക്കേണ്ടിവരുന്നു.

ഭൗതിക സൗകര്യങ്ങൾ സ്കൂളുകളിൽ കുറെയൊക്കെ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പല പോരായ്മകളും നിലനിൽക്കുന്നു. മൂത്രപ്പുരകൾ ഇല്ലാത്ത രണ്ടു സ്കൂളുകളും കക്കൂസ് ഇല്ലാത്ത രണ്ടു സ്കൂളുകളുമുണ്ട്. മൂന്നു സ്കൂളുകളിൽ അദ്ധ്യാപകർക്ക് സ്റ്റാഫ് റൂം പോലും ഇല്ല. മൂന്നു സ്കൂളുകളിൽ കുട്ടികൾക്ക് കുടിവെള്ളം എത്തിയിട്ടില്ല. ആകെയുള്ള അദ്ധ്യാപകരിൽ 75% പേരും അയൽ ജില്ലകളിൽ നിന്ന് വന്നവരാണ്. ഇവർക്ക് വേണ്ടത്ര താമസസൗകര്യങ്ങൾ ഇല്ല.

കലാകായികരംഗത്ത് ജില്ലാ സംസ്ഥാന തലങ്ങളിൽ പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികൾക്ക് ശോഭിക്കുവാൻ കഴിഞ്ഞിട്ടില്ല. കായികരംഗത്ത് വേണ്ടത്ര അദ്ധ്യാപകരുടെ കുറവു മൂലം വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

കുടിപള്ളിക്കൂടം പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ ഉണ്ട്. പഞ്ചായത്തിൽ 12 അംഗൻവാടികൾ പ്രവർത്തിക്കുന്നു. എസ്റ്റേറ്റ് മേഖലകളിൽ 9 ക്രച്ചുകളും പ്രവർത്തിക്കുന്നു. മിക്ക അംഗനവാടികളും സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. പലതിന്റേയും പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിലെ സ്കൂളുകളുടെയും കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങളും ചുവടെ പട്ടികയിൽ ചേർക്കുന്നു. താഴെ പട്ടിക കാണുക.

## ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്
## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ
## പട്ടിക

| | ആൺകുട്ടികൾ | | | SC/ST കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയവർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | Sc/St കുട്ടികൾ | | | മറ്റുള്ളവർ | | | Sc/Stകുട്ടികൾ | | | മറ്റുള്ളവർ | | | |
| ക്ലാസ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | മൊത്തം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 124 | 139 | 263 | 82 | 71 | 153 | - | - | - | - | - | | 1 | 1 | 2 | | | | 2 |
| II | 131 | 108 | 239 | 75 | 64 | 139 | 8 | 3 | 11 | 6 | 3 | 9 | 6 | 3 | 9 | 2 | 1 | 3 | 12 |
| III | 120 | 128 | 248 | 122 | 86 | 208 | 6 | 3 | 9 | 3 | 3 | 6 | 2 | 1 | 3 | | | | 3 |
| IV | 122 | 119 | 241 | 84 | 77 | 161 | 5 | 4 | 9 | 4 | 2 | 6 | 3 | 3 | 6 | 1 | | 1 | 7 |
| V | 33 | 23 | 56 | 25 | 20 | 45 | 2 | 1 | 3 | 8 | 3 | 11 | 1 | - | 1 | - | - | - | 1 |
| VI | 36 | 29 | 65 | 32 | 23 | 55 | - | - | - | 4 | 6 | 10 | 3 | 1 | 4 | 1 | - | 1 | 5 |
| VII | 26 | 22 | 48 | 21 | 18 | 39 | 1 | 1 | 2 | 5 | 4 | 9 | 6 | 5 | 11 | 1 | 1 | 2 | 13 |
| ആകെ | 592 | 568 | 1150 | 441 | 359 | 800 | 22 | 12 | 34 | 30 | 21 | 51 | 22 | 14 | 36 | 5 | 2 | 7 | 43 |

## SC/ST വിദ്യാർത്ഥികളുടെ കണക്ക്

| | | പുരുഷൻ | സ്ത്രീ |
|---|---|---|---|
| L.P | 1 | 85 | 71 |
| | 2 | 75 | 65 |
| | 3 | 122 | 86 |
| | 4 | 84 | 77 |
| | ആകെ | 363 | 298 |
| U P | 5 | 25 | 20 |
| | 6 | 32 | 23 |
| | 7 | 21 | 18 |
| | ആകെ | 78 | 61 |

## പ്രശ്നങ്ങൾ

1. മാതൃഭാഷയിൽ വിദ്യാഭ്യാസം നേടുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഇല്ല. തമിഴ് ഭാഷ സംസാരിക്കുന്ന കുട്ടികൾക്ക് പഠിക്കുന്നതിന് ആവശ്യമായ സ്കൂളുകൾ ഇല്ല.
2. അംഗൻവാടി ഇല്ലാത്ത പ്രദേശങ്ങൾ നിരവധിയാണ്.
3. ഭൗതിക സാഹചര്യങ്ങൾ, പ്രത്യേകിച്ച് കുടിവെള്ള സംവിധാനം, കക്കൂസ്, മൂത്രപ്പുര എന്നിവ സ്കൂളുകളിൽ ഇല്ല.
4. പാഠപുസ്തകങ്ങൾ യഥാസമയം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല.
5. സ്കൂളുകളിൽ അധ്യാപക രക്ഷാകർതൃ സംഘടനയ്ക്ക് പുറമേ സ്കൂളിനോട് താല്പര്യമുള്ള വ്യക്തികളെ കണ്ടെത്തി കമ്മിറ്റികൾ രൂപീകരിക്കുന്നില്ല.
6. ആവശ്യമായ സ്ഥലങ്ങളിൽ കുട്ടികൾക്ക് പഠിക്കുന്നതിന് സ്കൂളുകൾ ഇല്ല.
7. കായിക വികസനത്തിന് ഉതകുംവിധം സ്കൂളുകളിൽ വേണ്ടത്ര ഗ്രൗണ്ടുകൾ ഇല്ല.
8. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ ഇല്ല.
9. യാത്രാസൗകര്യങ്ങളുടെ അഭാവം.
10. പഠനോപകരണങ്ങൾ, ലഭ്യതക്കുറവ്, കുട്ടികളുടെ മാനസികവളർച്ചക്കുതകുന്ന ലൈബ്രറി, ലാബ് എന്നിവയുടെ അപര്യാപ്തത.
11. കായികരംഗത്തെ അദ്ധ്യാപകരുടെ കുറവ്.

## സാദ്ധ്യതകൾ

1. തമിഴ് ഭാഷ സംസാരിക്കുന്ന കുട്ടികൾക്ക് പഠിക്കുന്നതിനാവശ്യമായ തമിഴ് മീഡിയം സ്കൂളുകൾ ആരംഭിക്കുക.
2. വേണാട് ഗവ. എൽ.പി സ്കൂൾ അപ്ഗ്രേഡ് ചെയ്യുകയും കൂടാതെ കെട്ടിടവും ഗ്രൗണ്ടും പണിയുക.
3. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഐ.ടി.ഐ പഞ്ചായത്ത് ആസ്ഥാനത്ത് ആരംഭിക്കുക.

4. പാഠപുസ്തകങ്ങൾ യഥാസമയം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
5. ഭൗതിക സാഹചര്യങ്ങൾ ഇല്ലാത്ത സ്കൂളുകളിൽ അവ നിർമ്മിക്കുക. പ്രത്യേകിച്ച് കുടിവെള്ളം എത്തിക്കുക.
6. പഠനോപകരണങ്ങൾ, കുട്ടികളുടെ മാനസികവളർച്ചക്കുതകുന്ന അക്കാദമിക് സൗകര്യങ്ങൾ എന്നിവ സ്കൂളുകളിൽ ലഭ്യമാക്കുക.
7. ബിയൽറാമിൽ മലയാളവും, തമിഴ് മീഡിയവും ചേർന്ന സ്കൂൾ ആരംഭിക്കുക.
8. അദ്ധ്യാപകർ ഒഴിവുള്ള സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുകയും താമസസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം.
9. അംഗൻവാടികൾ ആവശ്യമായ പ്രദേശങ്ങളിൽ ആരംഭിക്കുക. തമിഴ് കുട്ടികൾക്കായി തമിഴ് അംഗനവാടികൾ ആരംഭിക്കുക, എല്ലാ അംഗൻവാടികൾക്കും കുടിവെള്ളം, കക്കൂസ് എന്നിവ പണിതുനൽകുക.

അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും ഈ രംഗത്ത് സംഭാവന നൽകാൻ കഴിയുന്ന വ്യക്തികളുടേയും സേവനം പ്രയോജനപ്പെടുത്തി പി.റ്റി. എകളും, പൂർവ്വ വിദ്യാർത്ഥികളും ഒത്തൊരുമയോടെ പ്രവർത്തിച്ചാൽ വിദ്യാഭ്യാസരംഗത്തെ നമ്മുടെ പിന്നോക്കാവസ്ഥ പരിഹരിച്ച് മുന്നേറുവാൻ നമുക്കാവും.

# പാർപ്പിടം - സാമൂഹ്യക്ഷേമം

ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൻെറ പാർപ്പിട സ്ഥിതി പൊതുവെ തൃപ്തികരമാണെന്ന് പറയാൻ കഴിയില്ല. 1991-ലെ കണക്കനുസരിച്ച് പഞ്ചായത്തിലാകെ 2653 വീടുകളാണ് ഉണ്ടായിരുന്നത്. എന്നാൽ 1995-96 ആയപ്പോഴേക്കും പഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം 3188 ആയി വർദ്ധിച്ചു. ഇതിൽ പുല്ല്, ടിൻഷീറ്റ് ഇവ ഉപയോഗിച്ചു മേഞ്ഞവ 1008 ഉം ഓട് ഉപയോഗിച്ച് മേഞ്ഞ 358 ഉം കോൺക്രീറ്റ് കെട്ടിടങ്ങൾ 38 ഉം ഇരുനിലകെട്ടിടങ്ങൾ 12 ഉം ആണ്. മറ്റു വീടുകൾ ആസ്ബറ്റോസ് തകരം മുതലായവ കൊണ്ടും ബഹുനില കോൺക്രീറ്റ് കെട്ടിടങ്ങൾ 100 ഉം പണി പൂർത്തിയായി വരുന്നു. എന്നിരുന്നാലും പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും വീടില്ലാത്ത നിരവധി കുടുംബങ്ങൾ ഉണ്ട്. വിവിധ ഭവന നിർമ്മാണ പദ്ധതിയിലൂടെ ധാരാളം വീടുകൾ നൽകിവരുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സൗജന്യ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി വീടുകൾ നൽകിവരുന്നു.

ഈ പഞ്ചായത്തിൻെറ ആസ്ഥാനത്ത് ഇരുപതോളം വീടുകൾ അടങ്ങുന്ന ഒരു ലക്ഷംവീട് കോളനിയുണ്ട്. ഈ വീടുകളിൽ പലതും കേടുപാടുകൾ സംഭവിച്ചിട്ടുള്ളവയാണ്. യഥാസമയം അറ്റകുറ്റപണികൾ നടത്തുന്നില്ല. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കർഷകർക്കും, തൊഴിലാളികൾക്കുമുള്ള തുണ്ടു ഭൂമികൾക്ക് വളരെ കുറച്ചു പേർക്കു മാത്രമേ പട്ടയം ലഭിച്ചിട്ടുള്ളു. കൈവശ ഭൂമിക്കാരായ മറ്റുള്ളവർക്ക് വീട് വയ്ക്കുന്നതിന് ധനസഹായം ലഭിക്കുന്നതിന് സ്വന്തമായി സ്ഥലം ഉണ്ട്. എങ്കിൽപോലും നിയമപരമായ തടസ്സം നിലനിൽക്കുന്നതുമൂലം കൈവശ സർട്ടിഫിക്കറ്റ് ലഭിക്കാറില്ല. ഇതുമൂലം വീടുവയ്ക്കുന്നതിന് ലോൺ എടുക്കുന്നതിന് തടസ്സം നേരിടുന്നു.

ആദിവാസി മേഖലയിൽ ഭൂരിഭാഗം പേർക്കും സ്വന്തമായി വീടുകൾ ഉള്ളവരാണ്. പല വീടുകളും താമസയോഗ്യമല്ലാത്തവയുമാണ്. വിവിധ വകുപ്പുകൾ മുഖേന വീടുകൾ നൽകിവരുന്നുണ്ട്. തമിഴ്നാട്ടിൽ നിന്നും കുടിയേറിയ തൊഴിലാളികൾ ഭൂരിഭാഗവും തേയിലത്തോട്ടങ്ങളിലാണ് തൊഴിൽ ചെയ്യുന്നത്. ഇവർക്ക് താമസിക്കുന്നതിന് എസ്റ്റേറ്റു വക വീടുകൾ (ലയങ്ങൾ) ലഭ്യമാക്കിയിട്ടുണ്ട്. ഈ ലയങ്ങളിൽ വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാ എന്നുള്ളത് ഒരു വസ്തുതയാണ്.

കൂലിനിരക്കിലെയും അതിലുപരി കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടുവയ്ക്കുന്നതിന് സർക്കാർ വിവിധ വകുപ്പുകൾ മുഖേന നൽകുന്ന സഹായങ്ങളും വായ്പകളുടേയും വായ്പ പരിധി വർദ്ധിപ്പിക്കാനും വായ്പകൾ ലഭിക്കുന്നതിനുള്ള ഇന്നത്തെ ബുദ്ധിമുട്ടുകളും ഒഴിവാക്കപ്പെടേണ്ടതുണ്ട്. സാമൂഹ്യ സന്നദ്ധ സംഘടനകളുടെ സഹായവും സേവനവും പ്രയോജനപ്പെടുത്താൻ കഴിയണം. എങ്കിൽ മാത്രമേ നമ്മുടെ പാർപ്പിട സ്ഥിതി മെച്ചപ്പെടുത്താനുതകൂ.

# സാമൂഹ്യക്ഷേമം

വിവിധ തരത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിൽ പ്രധാനപ്പെട്ടതും പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ ദാരിദ്ര്യ നിർമാർജന പദ്ധതികളും വിവിധ വിഭാഗങ്ങൾക്കായുള്ള പെൻഷൻ, ധനസഹായ പദ്ധതികൾ ഇവയാണ്. 1992-ൽ ഐ.ആർ.ഡി.പി സർവ്വേ പ്രകാരം ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബാംഗങ്ങളുടെ എണ്ണം 1362 ആണ്. പ്രതിവർഷം ശരാശരി 48 കുടുംബങ്ങൾക്കു മാത്രമാണ് ഐ.ആർ.ഡി.പി പദ്ധതി പ്ര്കാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കാൻ സഹായിക്കുന്നുള്ളു. അർഹമായവരിൽ വളരെ ചെറിയ വിഭാഗം ദാരിദ്ര കുടുംബങ്ങൾക്കു മാത്രമേ ദാരിദ്ര നിർമ്മാർജന പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുള്ളുവെന്ന കാര്യം നിരാശാജനകമാണ്. പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം താഴെ കൊടുക്കുന്നു. പട്ടിക കാണുക.

## I R D P സർവ്വേ പ്രകാരം ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ Sc/St കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബാംങ്ങൾ | ഇതിൽ Sc/St | സഹായം ലഭിച്ചതു വഴി ദാരിദ്രനരേഖയ്ക്ക് മുകളിലെത്തിയ കുടുംബം | ദാരിദ്രരേഖയ്ക്കു താഴെയുള്ള ആകെ കുടുംബാംഗങ്ങൾ ആകെ |
|---|---|---|---|---|---|
| 1362 | 339 | 213 | 194 | 184 | 1362 |

### ട്രൈസം പരിശീലനം നേടിയവരുടെ വിവരം

| പരിശീലന വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|
| മേസ്തിരി | 12 | 12 | - | - |
| റേഡിയോ മെക്കാനിസം | 9 | 3 | | |
| പ്ലാസ്റ്റിക് വർക്ക് | 2 | | 2 | - |
| ആശാരിപ്പണി | 2 | 2 | | - |
| മോട്ടോർ മെക്കാനിസം | 4 | 3 | 1 | - |
| ഫോട്ടോഗ്രാഫി | 4 | 3 | 1 | - |
| പ്രിൻറിങ് കമ്പോസിങ് | 6 | | | |
| സ്വർണ്ണപണി | 1 | - | - | - |
| റെഡിമെയ്ഡ് | 6 | - | - | - |
| ഇലക്ട്രോണിക്സ് | 1 | - | - | - |

വിവിധ പെൻഷൻ പദ്ധതികളിൽ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, തൊഴിലില്ലായ്മാ വേതനം, കർഷകത്തൊഴിലാളി പെൻഷൻ മുതലായവ അർഹരായ മുഴുവനാളുകൾക്കും ലഭിക്കുന്നില്ല. നാമമാത്രമായ ആളുകൾക്കു മാത്രമേ പഞ്ചായത്തിൽ ലഭിക്കുന്നുള്ളു. നിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതി പോലെ ചില പദ്ധതികളുടെ നടത്തിപ്പ് ഇനിയും കാര്യക്ഷമമായി നടക്കുന്നില്ല. നിലവിലുള്ള എല്ലാ ക്ഷേമ പദ്ധതികളും നടപ്പിലാക്കി അർഹരായ മുഴുവൻ അപേക്ഷകർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയണം.

## പൊതുവിതരണം

പൊതുവിതരണരംഗത്ത് പഞ്ചായത്തിൽ 7 റേഷൻകടകൾ പ്രവർത്തിക്കുന്നു. കാർഡുടമകൾ റേഷൻ വാങ്ങുന്നതിന് കിലോമീറ്ററുകൾ അകലെ പോകേണ്ടിവരുന്നു. കാർഡ് അടിസ്ഥാനത്തിൽ റേഷൻകടകൾ അനുവദിക്കണം. പഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കണം. സഹകരണബാങ്കുകൾ മുഖേന ന്യായവില കടകൾ ആരംഭിച്ച് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് പിടിച്ചുനിർത്താൻ കഴിയണം. എങ്കിൽ മാത്രമേ പൊതുവിതരണരംഗം കൊണ്ട് പഞ്ചായത്തിലെ ജനങ്ങൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കൂ.

### റേഷൻകാർഡുടമകൾ, ഗുണഭോക്താക്കൾ എന്നിവരെ സംബന്ധിച്ച വിവരം

| വർഷം | കാർഡുടമകളുടെ എണ്ണം | | ഗുണഭോക്താക്കളുടെ എണ്ണം ആകെ | വിതരണം ചെയ്ത മണ്ണെണ്ണ ലിറ്റർ |
|---|---|---|---|---|
| | NE | E | | |
| 1991 - 92 | 1917 | 327 | 14,500 | 1,13,286 |
| 1992 - 93 | 1963 | 393 | 14,769 | 1,16,718 |
| 1993 - 94 | 2030 | 376 | 16,158 | 1,20,425 |
| 1994 - 95 | 1842 | 558 | 15,040 | 1,11,312 |
| 1995 - 96 | 1656 | 619 | 15,154 | 1,11,325 |

## പ്രശ്നങ്ങൾ

1. സാധാരണക്കാരെ സംബന്ധിച്ചേടത്തോളം കെട്ടിട നിർമ്മാണം വളരെ ശ്രമകരമാണ്. ഭൂമിയുടെ വിലക്കൂടുതലിന്റെയും കെട്ടിട നിർമ്മാണ സാമഗ്രികളുടെ രൂക്ഷമായ വിലക്കയറ്റം.
2. തൊഴിലാളികളുടെ കൂലി കൂടുതൽ, ആവശ്യത്തിന് തൊഴിലാളികളെ കിട്ടുവാനുള്ള പ്രയാസം, വായ്പ കിട്ടുവാനുള്ള ബുദ്ധിമുട്ട്, അമിത പലിശ.

3. സ്ഥിര വരുമാനമില്ലാത്തവർക്ക് കെട്ടിട നിർമ്മാണത്തിന് വായ്പ ലഭിക്കുന്നില്ല.
4. നിലവിലുള്ള കോളനികളിൽ പശ്ചാത്തല സൗകര്യങ്ങൾ വേണ്ടത്രയില്ല.
5. കെട്ടിട നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്നില്ല.
6. ചിലവ് കുറഞ്ഞ വീടുകളെ സംബന്ധിച്ചേടത്തോളം അറിവില്ലായ്മ, അത്തരം വീടുകൾ നിർമ്മിക്കാനുള്ള വിദഗ്ധരുടെ കുറവ്.
7. ഹൗസിംഗ് സൊസൈറ്റിയുടെ അപര്യാപ്തത.
8. ദുർബ്ബല ജനവിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്ന പദ്ധതി പഞ്ചായത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നില്ല.
9. ട്രൈസം പദ്ധതി പ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ലഭിക്കുമെന്ന് ഉറപ്പു വരുത്താൻ വേണ്ട സഹായങ്ങൾ ചെയ്യുന്നില്ല.
10. അവശ വിഭാഗങ്ങളിൽ അർഹതയുള്ള ധാരാളം പേർക്ക് അപേക്ഷ നൽകിയിട്ടും ധനസഹായം ലഭിക്കുന്നില്ല.
11. പല ക്ഷേമ പദ്ധതികളുടെയും നടത്തിപ്പ് കാര്യക്ഷമമല്ല.
12. കാർഡുടമകളുടെ അടിസ്ഥാനത്തിൽ റേഷൻകടകൾ അനുവദിക്കുന്നില്ല.
13. റേഷൻ സാധനങ്ങൾ വാങ്ങുന്നതിന് സമീപത്ത് റേഷൻകട ഇല്ല.
14. പൊതുവിതരണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
15. പഞ്ചായത്തിൽ മാവേലി സ്റ്റോർ ഇല്ല.

## സാദ്ധ്യതകൾ

1. ചിലവ് കുറഞ്ഞ വീടുകളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ദുർവ്യയം ഒഴിവാക്കി വീടു നിർമ്മിക്കാൻ ആവശ്യമായ വൈദഗ്ധ്യം നേടുകയും ചെയ്യുക.
2. പഞ്ചായത്തിൽ ഹൗസിങ് സൊസൈറ്റി സ്ഥാപിക്കുക, നിർമ്മാണ സാമഗ്രികൾ പ്രാദേശിക തലത്തിൽ നിർമ്മിച്ച് കുറഞ്ഞ വിലക്ക് ലഭ്യമാക്കണം.
3. കോളനികളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
4. ഐ.ആർ.ഡി.പി ലിസ്റ്റിൽ അർഹമായ കുടുംബങ്ങളെ ഉൾപ്പെടുത്തണം.
5. ട്രൈസം പദ്ധതി പ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ലഭിക്കുമെന്ന് ഉറപ്പുവരുത്തുക.
6. അവശ വിഭാഗങ്ങളിൽ അർഹതയുള്ളവർക്ക് ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
7. കാർഡുടമകളുടെ അടിസ്ഥാനത്തിൽ റേഷൻകടകൾ സ്ഥാപിക്കുക.
8. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും മാവേലിസ്റ്റോറുകൾ ന്യായവിലക്കടകൾ ആരംഭിക്കുക.
9. പൊതുവിതരണസംവിധാനം കാര്യക്ഷമമാക്കുക.



# വനിതാക്ഷേമം

കേരളത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം സ്ത്രീകളാണെങ്കിലും വിവിധ മേഖലകളിൽ അവരുടെ പങ്കാളിത്തം ആശാവഹമല്ലായെന്നതാണ് നമ്മുടെ ദൗർബല്യം. ചിന്നക്കനാൽ പഞ്ചായത്തിലും ഈ പ്രവണത സജീവമായി നിലനിൽക്കുന്നു. വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നുമറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങിക്കൂടുകയാണ്. സാമൂഹ്യ പ്രവർത്തന മേഖലകളിൽ ഇപ്പോഴും സ്ത്രീ പങ്കാളിത്തം പരിമിതമായി മാത്രമേ കാണുന്നുള്ളൂ. സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിന് വേണ്ടത്ര പ്രോത്സാഹനം മുൻകാലങ്ങളിൽ ലഭിച്ചിട്ടില്ലാത്തതുകൊണ്ട് അടുക്കള ജോലിയിൽ ഒതുങ്ങി. പ്രത്യേകിച്ച് തമിഴ് മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾ വേണ്ടത്ര വിദ്യാഭ്യാസത്തിന് സൗകര്യം ഇല്ലാത്തതുകൊണ്ടും മറ്റു വരുമാനമാർഗ്ഗങ്ങൾ ഇവർക്ക് ലഭ്യമല്ല എന്നുള്ളതുകൊണ്ടും ചെറുപ്രായത്തിലെ തന്നെ ഉപജീവനമാർഗ്ഗമായ തൊഴിലെടുക്കാൻ നിർബന്ധിതരായി. ഇതുമൂലം ഇവരുടെ ഇടയിൽ ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം ഇല്ലാ എന്നു തന്നെ പറയാം. മറ്റു വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളെ സംബന്ധിച്ചേടത്തോളം അടിസ്ഥാന വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരാണ്. പ്രത്യേകിച്ച് തൊഴിലില്ലാത്ത വീട്ടമ്മമാരായ സ്ത്രീകൾ നിരവധി ജോലികൾ തങ്ങളുടെ വീടുകളുമായി ബന്ധപ്പെട്ട് ചെയ്തുവരുന്നുണ്ട്. സ്വന്തം കൃഷിയിടങ്ങളിൽ കൃഷിപ്പണിയിൽ സഹായിക്കുന്നു, കന്നുകാലി വളർത്തലിനുള്ള ഏതാണ്ടെല്ലാ പണികളും സ്ത്രീകൾ തന്നെയാണ് ചെയ്യുന്നത്. വിധവകൾക്ക് പെൻഷനുകളും മറ്റും ലഭിക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നുണ്ട്.

ഏലതോട്ടം, തേയില, നിർമ്മാണജോലികൾ ഈ മേഖലകളിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. നെൽപാടങ്ങളിലും സ്ത്രീ തൊഴിലാളികൾ ഏറിയ പങ്കും പണിയെടുക്കുന്നു. തോട്ടം മേഖലയിൽ 52 രൂപയും കാർഷിക മേഖലയിൽ 45 രൂപയും നിർമാണ മേഖലകളിൽ 65 രൂപയുമാണ് ശരാശരി കൂലി. പുരുഷന്മാർക്കുള്ളതിനേക്കാൾ കൂലി കുറവാണ്.

സ്കൂൾ വിദ്യാർത്ഥികളിൽ എണ്ണത്തിലും പഠന പരിശീലനത്തിലും പെൺകുട്ടികളാണ് മുൻപന്തിയിൽ. എന്നാൽ ഉന്നത വിദ്യാഭ്യാസരംഗത്ത് ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവായി കാണുന്നു. ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കണക്കെടുത്താൽ പെൺകുട്ടികളുടെ എണ്ണം 568 ഉം ആൺകുട്ടികളുടേത് 592 ഉം ആണ്. ആരോഗ്യ സ്ഥിതിയിൽ സ്ത്രീകളാണ് പിന്നിൽ. വിദ്യാഭ്യാസ കുടുംബ ക്ഷേമ രംഗങ്ങളിൽ സ്ത്രീകൾ നേട്ടങ്ങൾ കൈവരിച്ചപ്പോഴും സ്വന്തമായി വരുമാനമുണ്ടാക്കുന്ന തൊഴിൽ മേഖലകളിൽ സ്ത്രീകൾ പിന്തള്ളപ്പെടുന്നു. അതുകൊണ്ടുതന്നെ സ്ത്രീകളുടെ സാമൂഹ്യപദവി ഉയരുന്നില്ല.

| തൊഴിൽമേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കർഷകർ | 141 | 450 |
| തൊഴിലാളി | 2086 | 2051 |
| മൃഗസംരക്ഷണം | 152 | 142 |
| കെട്ടിട നിർമാണം | 154 | 203 |
| വ്യാപാരം | 5 | 125 |

തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് എതിരായി ക്രൂരമായ അവഗണന നിലനിൽക്കുന്നു എന്നതാണ് പട്ടിക വ്യക്തമാക്കുന്നത്. സ്ത്രീയെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ അവർക്കെതിരായി നിലനിൽക്കുന്ന സാമൂഹ്യ പ്രതിശക്തികളെ തടയാനാവില്ല. കാർഷിക മേഖലയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ (കോഴി വളർത്തൽ, അടുക്കളത്തോട്ടം) ചെറുകിട വ്യവസായങ്ങൾ എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള തീവ്രയത്നം അടിയന്തിര ആവശ്യമാണ്. സാക്ഷരതാരംഗത്ത് പുരുഷന്മാരേക്കാൾ സ്ത്രീകൾ പുറകിലാണ്. വനിതകൾക്കു നേരേ വിവിധ അക്രമസംഭവങ്ങൾ നമ്മുടെ പഞ്ചായത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് സമീപകാലത്ത് പെരുകിവരുന്നു.

പഞ്ചായത്തിൽ 12 അംഗൻവാടികൾ ഉണ്ട്. എസ്റ്റേറ്റ് മേഖലയിൽ 9 അംഗനവാടികളും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ആകെ ഗർഭിണികളുടെ എണ്ണം 67 ആണ്. ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവർ 35 ആണ്. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 187. എല്ലാ ഗർഭിണികൾക്കും ആവശ്യ പ്രതിരോധ കുത്തിവെയ്പ് ലഭിക്കുന്നില്ല. (1996 ജൂൺ മാസം 30 സർവേ അനുസരിച്ച്)

## പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ അതിരൂക്ഷമാണ്.
2. തൊഴിൽ മേഖലയിലും വിദ്യാഭ്യാസരംഗത്തും സ്ത്രീകൾ അവഗണന നേരിടുന്നു.
   വലിയ അന്തരം
   ഉണ്ട്.
4. സ്ത്രീപീഡനം നിലനിൽക്കുന്നു.
5. മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരം അല്ല.
6. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും കുറവാണ്.
7. സ്ത്രീധന നിരോധനം കർശനമായി പ്രാബല്യത്തിൽ വരുത്തുക.
8. സ്ത്രീകൾക്ക് ഇടയിൽ തൊഴിൽപരിചയമോ നേതൃത്വ പരിശീലനമോ ഇല്ല.
9. സ്വയംതൊഴിൽ കണ്ടെത്താനുള്ള പദ്ധതി സംബന്ധിച്ച് അറിവില്ലായ്മ.
10. കൂടുതൽ സമയം ജോലി ചെയ്യേണ്ടി വരുന്നു.
11. സാമ്പത്തികഞെരുക്കം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനെതിരായ സ്ഥായിയായ തടസമാണ്.

12. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.
13. അംഗനവാടി അദ്ധ്യാപികമാർ ന്യായമായ കൂലി ലഭിക്കാതെ വിഷമിക്കുന്നു. അംഗനവാടികൾക്ക് പലതിലും സൗകര്യങ്ങളില്ല.
14. സ്വയം ശക്തിയാർജിച്ച് ധീരമായി രംഗത്ത് ഇറങ്ങുവാനുള്ള മനോദാർഢ്യം സ്ത്രീകളിൽ കുറവാണ്.
15. സാമാന്യ വിദ്യാഭ്യാസം ഉണ്ടെങ്കിലും ശാസ്ത്രീയ ബോധ നിലവാരം സ്ത്രീകളിൽ കുറവാണ്. ഫലം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളം ഉണ്ട്.

സ്ത്രീകൾക്ക് ഇടയിലെ പ്രശ്നപരിഹാരങ്ങൾക്ക് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. സ്ത്രീകൾക്ക് മാത്രമായി കൂട്ടായി തൊഴിൽ ചെയ്യാൻ കഴിയുന്ന മേഖലകളെപ്പറ്റി അറിവ് നൽകുകയും അവ തുടങ്ങാൻ ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുക. നേതൃത്വ പരിശീലന പരിപാടി ആവിഷ്കരിക്കുക.
2. തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക.
3. മദ്യപാനം, സ്ത്രീധനം, സ്ത്രീപീഢനം എന്നിവക്കെതിരെ സാമൂഹ്യ ബോധവൽക്കരണം നടത്തുക. ഇതിനായി സന്നദ്ധ സംഘടനകളെ ഏകോപിപ്പിക്കുക.
4. തൊഴിൽ അവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം നൽകുക.
5. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.
6. പെൻഷനുകൾ അർഹമായ ആനുകൂല്യങ്ങൾ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.
7. അംഗൻവാടികളുടെ പ്രവർത്തനം നല്ല രീതിയിൽ മെച്ചപ്പെടുത്തുക.
8. സ്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹായം ചെയ്യുക.



# സംസ്കാരം

ഉത്കൃഷ്ടമായ നിരവധി ആചാരങ്ങളും അനുഷ്ഠാനങ്ങളും അനുവർത്തിച്ചു പോരുന്ന പല സമുദായങ്ങളിൽപ്പെട്ട ആളുകൾ അധിവസിക്കുന്ന ഒരു സംക്രമഭൂമിയാണ് ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്. എന്നിരുന്നാലും ഭാരതീയമായ ഒരു സാംസ്കാരിക പരിവേഷം ഇവിടുത്തെ ജനങ്ങളിൽ ദർശിക്കാൻ കഴിയും. കേരളത്തിന്റെയും തമിഴ്നാടിന്റെയും നാനാഭാഗങ്ങളിൽ നിന്നും കുടിയേറിപ്പാർത്ത ജനതയാണ് ഇവിടെയുള്ളത്. ഭൂരിഭാഗവും തമിഴ് വംശജരാണെങ്കിലും പരസ്പരം സഹകരിച്ചു പോരുന്ന രീതിയാണ് പൊതുവെയുള്ളത്. മുൻകാലങ്ങളിൽ ഭാഷയുടെ അടിസ്ഥാനത്തിൽ ചില സംഘർഷങ്ങൾ നിലനിന്നിരുന്നു എങ്കിലും ഇന്നത്തെ സ്ഥിതി തുലോം വ്യത്യസ്തമാണ്. ഒരു പരിധി വരെ സാംസ്കാരികമായ ഉന്നമനമാണ് ഇതിന് കാരണം. മൺമറഞ്ഞുപോയ പ്രാചീന ശിലായുഗത്തിന്റെ പ്രതീകങ്ങളായ മുനിയറകളും, കല്ലറകളും, ഗുഹക്ഷേത്രങ്ങളും ഇവിടെയുണ്ട്. ഇതിൽനിന്നും ആർഷഭാരത സംസ്കാരത്തിന്റെ വേരുകൾ ഈ മണ്ണിൽ നിലനിന്നിരുന്നുവെന്ന് അനുമാനിക്കാം. സ്വാതന്ത്ര്യലബ്ധിക്കു മുൻപ് ബ്രിട്ടീഷുകാരാൽ നിർമിക്കപ്പെട്ട നിരവധി സ്ഥാപനങ്ങൾ സ്വാതന്ത്ര്യാനന്തരവും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. തത്ഫലമായി ബ്രിട്ടീഷ് സംസ്കാരത്തിന്റെ സ്പന്ദനം ഇവിടുത്തെ ജനതയെ സ്വാധീനിച്ചിട്ടുള്ളതായി കാണാം.

പഞ്ചായത്തിൽ അധിവസിക്കുന്ന ജനങ്ങളിൽ ഭൂരിഭാഗവും ഹിന്ദുമത വിശ്വാസികളാണ്. തമിഴ് സംസാരിക്കുന്നവരിൽ ഏറിയ പങ്കും ഹിന്ദു പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ്. തമിഴ് വംശജരുടെ ഇടയിൽ മതപരിവർത്തനം നടത്തിയ പരിവർത്തിത ക്രൈസ്തവരേയും പഞ്ചായത്തിലുടനീളം കാണാം. കാർഷിക മേഖലയിൽ അധിവസിക്കുന്ന മലയാളികളിൽ ക്രിസ്ത്യാനികളും ഹിന്ദുക്കളും ജനസംഖ്യാടിസ്ഥാനത്തിൽ തുല്യം നിൽക്കുന്നു. ജാതീയമായ ചേരിതിരിവ് പ്രകടമാക്കാതെ അമ്പലങ്ങളിലും പള്ളികളിലും നടക്കുന്ന ഉത്സവങ്ങളിലും പെരുന്നാളുകളിലും നാനാജാതിമതസ്ഥരും പങ്കെടുക്കാറുണ്ട്. ജാതിക്കും മതത്തിനും അതീതമായി പൊതു പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒത്തുചേരുന്ന ഒരു സംസ്കാരം ഇവിടെ പ്രകടമായി കാണാം. തമിഴ് മേഖലയിൽ അധികമാളുകളും തോട്ടം തൊഴിലാളികളായതിനാൽ മാനേജ്മെൻറിന്റെ പരിധിയിൽ നിന്നുകൊണ്ടുള്ള പൊതുപ്രവർത്തനങ്ങളിൽ ബന്ധപ്പെടുന്നതിനു മാത്രമേ സാധിക്കുന്നുള്ളൂ. ജനകീയ ആസൂത്രണ പദ്ധതി കൊണ്ട് ഇതിന് നേരിയ തോതിൽ വ്യതിയാനം വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

സാംസ്കാരികമായ പാരമ്പര്യമുള്ള ഒരു കുടിയേറ്റ പ്രദേശമാണ് ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്. കാർഷിക മേഖലയിലെ മലയാളികൾ ഓണം, ക്രിസ്തുമസ്, വിഷു, ഈസ്റ്റർ, ശിവരാത്രി എന്നിവ പ്രധാനമായി ആഘോഷിക്കുമ്പോൾ തമിഴ് വംശജർ അവരുടേതായ സാംസ്കാരിക പരിവേഷമുള്ള പൊങ്കൽ, ദീപാവലി, തൃക്കാർത്തിക, "കോവിൽ തിരുവിഴാ" എന്നറിയപ്പെടുന്ന ഉത്സവങ്ങൾ, ആടി എന്നിവ ആഘോഷിക്കുന്നു. സാംസ്കാരിക സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി ചെറുപ്പക്കാർ ഈ സംഘടനകൾക്ക് നേതൃത്വം നൽകുന്നു. ഇരുപത്തിയൊന്നോളം കലാ സാംസ്കാരിക സാമുദായിക സന്നദ്ധ സംഘടനകൾ പഞ്ചായത്തിലുടനീളം പ്രവർത്തിക്കുന്നു.

ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ചിന്നക്കനാലിലെ വിപഞ്ചിക ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, മുട്ടുകാട്ടിലെ യുവരശ്മി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് എന്നിവ പ്രദേശത്തെ യുവജനങ്ങൾക്ക് സാംസ്കാരികമായ ഉന്നമനത്തിനുതകുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. വനിതകളുടെ ഉന്നമനത്തിനായി നിലകൊള്ളുന്ന ബിയൽറാമിലെ മഹിളാസമാജം, മുട്ടുകാട്ടിലെ മഹിളാസമാജം എന്നിവ സ്ത്രീ സമത്വത്തിനും വനിതകളുടെ അവകാശ സംരക്ഷണത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നു. നാമമാത്രമായ പ്രവർത്തനങ്ങൾ മാത്രം കാഴ്ചവെക്കുന്ന നിരവധി വനിതാ സംഘടനകളും പഞ്ചായത്തിലങ്ങിങ്ങ് പ്രവർത്തിച്ചുവരുന്നു. അനേകം സംഘടനകൾ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും ഗ്രന്ഥശാലാരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. റീഡിങ് റൂം, വായനശാല എന്നിവ പഞ്ചായത്തിലില്ലെന്നു തന്നെ പറയാം. തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ സ്റ്റേറ്റ് റിസോഴ്സ് സെൻറർ (എസ്.ആർ.സി.) നടപ്പിലാക്കി വരുന്ന മാതൃക ജനവിദ്യാകേന്ദ്രം ജില്ലതോറും ഓരോന്ന് അനുവദിച്ചിട്ടുള്ളതിൽ ഇടുക്കി ജില്ലയിലെ മാതൃക ജനവിദ്യാ കേന്ദ്രം ഈ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ഇത് നിർജീവമായിരിക്കുന്ന സാക്ഷരത പ്രവർത്തനരംഗം പുനരുജ്ജീവിപ്പിക്കുന്നതിന് ഉതകുമെന്ന് പ്രത്യാശിക്കാം. തിങ്കൾകാട് സബ്ബ് പ്രോജക്ടിൻെറ കീഴിൽ പഞ്ചായത്തിലെ മൂന്ന് ആദിവാസി കോളനികളിൽ പതിനാലോളം സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. തത്ഫലമായി ആദിവാസി സാക്ഷരത രംഗത്ത് ആശാവഹമായ മാറ്റം വരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ആദിവാസി മേഖലയിൽ സാംസ്കാരികരംഗത്ത് അനുപേക്ഷീയമായ പുരോഗതി കൈവരുത്തുന്നതിന് സൂര്യനെല്ലിയിലെ ചെമ്പകത്തൊഴുകുടിയിൽ പ്രവർത്തിക്കുന്ന 'ഗംഗോത്രി' ക്ക് സാധിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് വിവിധങ്ങളായ സാംസ്കാരിക സംഘടനകൾ ആദിവാസികളുടെ ഇടയിൽ പ്രവർത്തിക്കുന്നു. 'പാലാഴി', ബാലവിദ്യാകേന്ദ്രം അതിനോടനുബന്ധിച്ച ഓഫീസ് റൂം, റീഡിംഗ് റൂം, സൂര്യനെല്ലി ഡവലപ്മെൻറ് പ്രോജക്ട്, ചെമ്പകതൊഴു ആദിവാസി വികസന സമിതി, മുതുവാൻ സമുദായ സംഘം കേന്ദ്ര കമ്മിറ്റി ഓഫീസ് മുതലായവ ഗംഗോത്രിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ഗംഗോത്രിയുടെ പ്രവർത്തനഫലമായി ആദിവാസി ജനതയെ സാംസ്കാരിക സമ്പന്നതയിലേക്ക് കൈപിടിച്ചുയർത്തുന്നതിനും അതുവഴി അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

പൊതുവെ വായനാശീലമില്ലാത്ത ജനതയാണ് ഇവിടെയുള്ളത്. വായനാശീലം വളർത്തുന്നതിനുതകുന്ന സംരംഭങ്ങൾ ഇല്ലാത്തതാണ് ഇതിന് പ്രധാന കാരണം. ടിവിയുടെ അതിപ്രസരം ഒരു പരിധി വരെ വായനാശീലം നിരുത്സാഹപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്. പഞ്ചായത്തിൻെറ നിരവധി മേഖലകളിൽ കേബിൾ ടിവി നെറ്റ്വർക്ക് പ്രവർത്തിക്കുന്നു. ഒന്നാം വാർഡിൽ ടിവി സെൻറർ പണി കഴിപ്പിച്ചിട്ടുണ്ട്. ആദിവാസി മേഖലയിൽ രണ്ടു ടിവി സെൻറർ പ്രവർത്തിക്കുന്നു.

പൊതു കളിസ്ഥലങ്ങൾ ഇല്ലെന്നു തന്നെ പറയാം. സ്കൂളുകളിൽ ഒന്നും കളിസ്ഥലങ്ങളില്ല. പരിശീലനം നൽകുന്നതിനുതകുന്ന സൗകര്യങ്ങളുമില്ല. വ്യക്തിത്വ വികസനത്തിനുതകുന്ന യാതൊരുവിധ സ്ഥാപനങ്ങളും പഞ്ചായത്തിലില്ല. പഞ്ചായത്തുതല കലാ-കായിക മത്സരങ്ങൾ മുൻകാലങ്ങളിൽ നടത്തിയിരുന്നു. നാടൻ കലാകായിക വിനോദങ്ങൾ നിരവധിയുണ്ട്. കോലുകളി, ചിന്തുകളി, ചവിട്ടുകളി, അമ്മൻകുടം, കരകവിളയാട്ടം, സൂര്യനെല്ലി ഉത്സവത്തോടനുബന്ധിച്ച് നടത്തുന്ന തൂക്കം, ആദിവാസികളുടെ ഇടയിൽ അനുഷ്ഠിച്ചു വരുന്ന പ്രാചീന കലാരൂപങ്ങൾ തുടങ്ങിയവയാണ് പ്രധാന നാടൻ കലാരൂപങ്ങൾ. തോട്ടം മേഖലകളിൽ ക്രിക്കറ്റ്, ഫുട്ബോൾ, ലാക്കുകളി എന്നിവ പ്രധാന വിനോദങ്ങളാണ്.

അസംഘടിത തോട്ടം തൊഴിലാളികളെ അവകാശ സമരങ്ങളിലൂടെ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകിക്കൊണ്ട് നിരവധി തൊഴിലാളി യൂണിയനുകൾ പ്രവർത്തിച്ചുവരുന്നു. ടി യൂണിയനുകളുടെ പ്രവർത്തനഫലമായി തൊഴിലാളികളുടെ സാംസ്കാരികമായ ഉന്നമനവും സാമ്പത്തിക ഭദ്രതയും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും അഭാവം.
2. പുസ്തകങ്ങളുടെ അമിതവില.
3. കലാകായിക സമിതികൾ നേരിടുന്ന പ്രശ്നങ്ങൾ.
4. പാരമ്പര്യകലകളുടെ നാശം.
5. സ്ത്രീകളോടുള്ള ക്രൂരത.
6. അസന്മാർഗിക പ്രവർത്തനങ്ങൾ.
7. കായിക കലാരംഗത്തെ സൗകര്യങ്ങളുടെ അപര്യാപ്തത.
8. കാർഷികരംഗത്തെ യന്ത്രവത്കരണം മൂലം കാർഷിക സംസ്കാരത്തിന്റെ ഭാഗമായി നിലനിന്നിരുന്ന 'കാളപൂട്ട്' 'ഞാറ്റുവേലപൂട്ട്' മുതലാ കലാരൂപങ്ങൾ നാമാവശേഷമായിരിക്കുന്നു.
9. ജനതയുടെ വിദ്യാഭ്യാസ നിലവാരത്തകർച്ച സാംസ്കാരിക ഉന്നമനത്തിന് വിഘാതമായി നിൽക്കുന്നു.
10. പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിദ്യാലയങ്ങളിൽ പാഠ്യേതര വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് ആവശ്യമായ ഗ്രന്ഥശാലകളോ കളിസ്ഥലങ്ങളോ ഇല്ല.
11. പഞ്ചായത്തിൽ ഒരു വിവര ഗ്രഹണ കേന്ദ്രം ഇല്ലാത്തതിനാൽ പല കാര്യങ്ങളും ജനങ്ങൾക്ക് യഥാസമയം അറിയുവാൻ സാധിക്കുന്നില്ല.

## പരിഹാരങ്ങളും - നിർദേശങ്ങളും

1. വായനശാലകളും ഗ്രന്ഥശാലകളും സ്ഥാപിക്കണം.
2. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു വിവര ഗ്രഹണകേന്ദ്രം സ്ഥാപിക്കണം.
3. അവശ കലാകാരന്മാരെ സഹായിക്കുകയും പ്രാചീന കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കുകയും വേണം.
4. സ്ത്രീകളോടുള്ള ക്രൂരതക്കെതിരെയും സമൂഹ മനഃസാക്ഷിയെ ബോധവത്കരണ ക്യാമ്പുകളും, പഠന ക്ലാസുകളും നടത്തി ഉണർത്തണം.
5. മതസൗഹാർദ്ദം സംരക്ഷിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.
6. മധ്യവേനലവധിക്കാലത്ത് കലാ സാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിന് അവസരങ്ങൾ സൃഷ്ടിച്ച് അവർക്ക് കലാ സാഹിത്യരംഗത്ത് അഭിരുചി വളർത്തണം.
7. സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ജനവിദ്യാകേന്ദ്രങ്ങൾ തുറക്കുകയും വേണം.
8. പഞ്ചായത്ത് ആസ്ഥാനത്ത് സ്റ്റേഡിയത്തിന് വേണ്ട നടപടി വളർത്തണം.
9. ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രചരണം സാധ്യമാക്കണം.

ജീവിതത്തിന്റെ മേഖലകളിലും പ്രകടമായ വ്യതിയാനങ്ങൾ വരുത്തുവാൻ സാംസ്കാരികരംഗത്തെ നവോത്ഥാനം കൊണ്ട് നമുക്ക് സാധിക്കും. സാംസ്കാരിക ഉദ്ഗ്രഥനം കണ്ടെത്താനുതകുന്ന പ്രവൃത്തികൾ നാമേവരും നമ്മുടെ കർമരംഗങ്ങളിൽ കണ്ടെത്തേണ്ടിയിരിക്കുന്നു. നമുക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിക്കെതിരെ നാം ജാഗരൂകരായിരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പ്രതിലോമ ശക്തികളെ പ്രതികരിച്ച് ചെറുത്തുതോൽപ്പിക്കുക എന്നതാണ് നമ്മുടെ ചരിത്രപരമായ കർത്തവ്യം.

"ആത്മ ശക്തികൊണ്ട്
ഏതു സൈനിക ശക്തിയേയും
മുട്ടുകുത്തിക്കാനാവും."

ഗാന്ധിജി



# സഹകരണമേഖല

നാടിൻെറ ഉയർച്ചക്ക് സഹകരണ പ്രസ്ഥാനം നിർണായകമായ പങ്കുവഹിക്കും. ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ സഹകരണ പ്രസ്ഥാനങ്ങൾ നാമമാത്രമാണ്. ഈ പഞ്ചായത്തിൽ സൂര്യനെല്ലിയിൽ ശ്രീ. സക്കറിയ അവർകളുടെ നേതൃത്വത്തിൽ സഹകാരികളെ സംഘടിപ്പിച്ചുകൊണ്ട് 1985 വർഷത്തിൽ ചിന്നക്കനാൽ സർവീസ് സഹകരണസംഘം നിലവിൽ വന്നു. ശ്രീ. ജെ സക്കറിയ പ്രസിഡൻറായുള്ള ഭരണസമിതിയാണ് ആദ്യകാല ഭരണം നടത്തിയിരുന്നത്. ബാങ്ക് രൂപീകരണം മുതൽ സൂര്യനെല്ലിയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ആദ്യകാല ഭരണസമിതിക്കുശേഷം ശ്രീ. റൂബിൻ ജോസഫ് പ്രസിഡൻറായുള്ള ഭരണസമിതി നിലവിൽ വന്നു. ഈ ഭരണസമിതിയുടെ കാലാവധിക്കുശേഷം വീണ്ടും ജെ. സക്കറിയ പ്രസിഡൻറായുള്ള ഭരണസമിതി നിലവിൽ വരുകയും കാലാവധിക്കുശേഷം ഇപ്പോൾ നിലവിലുള്ള ഭരണസമിതിയുടെ പ്രസിഡൻറ് ശ്രീ. വി.കെ. തങ്കപ്പനുമാണ്.

ഈ സഹകരണസംഘത്തിന് ഈ പഞ്ചായത്തിലെ കർഷകരുടെ ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റാൻ കഴിയുന്നില്ല. ഈ സംഘത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ മാത്രമേ കർഷകർക്ക് ഈ സ്ഥാപനം കൊണ്ട് പ്രയോജനം ലഭിക്കൂ.

ഈ പഞ്ചായത്തിൽ ഒരു പാൽ സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും യാതൊരുവിധമായ പ്രവർത്തനങ്ങളും നടക്കുന്നില്ല. പഞ്ചായത്തിൽ വെള്ളത്തൂവൽ പഞ്ചായത്തിൽപ്പെട്ട എല്ലക്കൽ പാൽ സൊസൈറ്റിയുടെ ഒരു ബ്രാഞ്ച് ആരംഭിച്ചിട്ടുണ്ട്. ഈ സൊസൈറ്റി വഴി ഈ പ്രദേശത്തെ പാൽ സംഭരിക്കുന്നു. സൂര്യനെല്ലി പ്രദേശത്താണ് ഈ പാൽ സംഭരണ കേന്ദ്രം. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും എല്ലാ വാർഡിലും പാൽ സംഭരണ കേന്ദ്രങ്ങൾ തുറക്കുകയും വേണം. പഞ്ചായത്തിൽ കൺസ്യൂമർ സൊസൈറ്റി പ്രവർത്തിക്കുന്നില്ല. പുതിയതായി കൺസ്യൂമർ സൊസൈറ്റി ആരംഭിച്ച് അതിൻെറ പ്രവർത്തനം സാധ്യമാക്കണം. സ്കൂളുകളിൽ സഹകരണസംഘങ്ങൾ രൂപീകരിച്ച് കുട്ടികൾക്ക് ആവശ്യമായ പഠനോപാധികൾ ലഭ്യമാക്കണം. ഖാദി സഹകരണസംഘങ്ങൾ ആരംഭിച്ച് കുടിൽ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകണം. പഞ്ചായത്തിൽ വനിതാ സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടില്ല. രണ്ടു വനിതാ സമാജങ്ങൾ മുട്ടുകാടിലും ബിയൽറാവിലും പ്രവർത്തിക്കുന്നുവെങ്കിലും ആ രംഗത്ത് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല.

പഞ്ചായത്തിൽ മുത്തമ്മചോല ഹരിജൻ കോളനിയിൽ പട്ടുനൂൽ ഉത്പാദിപ്പിക്കാൻ മൾബറി കൃഷി ആരംഭിച്ചെങ്കിലും വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തതുകൊണ്ട് ഈ മേഖല വിപുലപ്പെടുത്താൻ കഴിഞ്ഞില്ല.

## സഹകരണസംഘങ്ങൾ സംബന്ധിച്ച വിവരങ്ങൾ
## എസ്.സി.ബി. ചിന്നക്കനാൽ

1. ആരംഭിച്ച വർഷം - 1985
ആകെ അംഗങ്ങൾ - 1455
ഒരു ഓഹരിയുടെ വില - 10 രൂപ
അംഗീകൃത ഓഹരി മൂലധനം - 10 ലക്ഷം
പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം - 1,60,000
2. പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ
സ്ഥിരം - 1,60,000
ഹ്രസ്വകാലം - 2,70,000

## സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| ഇടുക്കി ജില്ലാ സഹകരണ ബാങ്ക് | കൃഷി | 600675 |
| " | O D | 80,000 |
| " | OL | 40,000 |

നൽകിയ വായ്പ കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ

| വായ്പാ സ്വഭാവം | തുക |
|---|---|
| കാർഷിക വായ്പ | 2,72,000 |
| O L | 23,000 |
| O F | 29,220 |

സൂര്യനെല്ലിയിൽ തോട്ടം തൊഴിലാളി മേഖലയിൽ അവരുടെ ക്ഷേമത്തിനായി എംപ്ലോയീസ് സഹകരണസംഘം പ്രവർത്തിച്ചുവരുന്നു. ശ്രീ. സുബ്ബയ്യ ആണ് സംഘം പ്രസിഡൻറ്. സമീപകാലത്താണ് സംഘം രൂപീകരിച്ചത്. സംഘം പഞ്ചായത്തിൽ ചുരുക്കം മേഖലയിൽ മാത്രം പ്രവർത്തിക്കുന്നു. തേയിലത്തോട്ടം തൊഴിലാളികൾക്ക് വായ്പ ലഭ്യമാക്കിയതൊഴിച്ചാൽ മറ്റു മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഈ സംഘത്തിൻെറ പ്രവർത്തനം കൊണ്ട് ഗുണം ലഭിക്കുന്നില്ല. കർഷകർക്കും തൊഴിലാളികൾക്കും വായ്പ ലഭ്യമാക്കുന്ന സഹകരണസംഘങ്ങൾ യഥാസമയം വായ്പ തിരിച്ച് പിടിക്കുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിക്കുന്നില്ല.

## സഹകരണസംഘങ്ങൾ സംബന്ധിച്ച വിവരങ്ങൾ
## എസ്.സി.ബി. ചിന്നക്കനാൽ

1. ആരംഭിച്ച വർഷം - 1985
ആകെ അംഗങ്ങൾ - 1455
ഒരു ഓഹരിയുടെ വില - 10 രൂപ
അംഗീകൃത ഓഹരി മൂലധനം - 10 ലക്ഷം
പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം - 1,60,000
2. പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ
സ്ഥിരം - 1,60,000
ഹ്രസ്വകാലം - 2,70,000

## സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| ഇടുക്കി ജില്ലാ സഹകരണ ബാങ്ക് | കൃഷി | 600675 |
| " | O D | 80,000 |
| " | OL | 40,000 |

നൽകിയ വായ്പ കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ

| വായ്പാ സ്വഭാവം | തുക |
|---|---|
| കാർഷിക വായ്പ | 2,72,000 |
| O L | 23,000 |
| O F | 29,220 |

സൂര്യനെല്ലിയിൽ തോട്ടം തൊഴിലാളി മേഖലയിൽ അവരുടെ ക്ഷേമത്തിനായി എംപ്ലോയീസ് സഹകരണസംഘം പ്രവർത്തിച്ചുവരുന്നു. ശ്രീ. സുബ്ബയ്യ ആണ് സംഘം പ്രസിഡൻറ്. സമീപകാലത്താണ് സംഘം രൂപീകരിച്ചത്. സംഘം പഞ്ചായത്തിൽ ചുരുക്കം മേഖലയിൽ മാത്രം പ്രവർത്തിക്കുന്നു. തേയിലത്തോട്ടം തൊഴിലാളികൾക്ക് വായ്പ ലഭ്യമാക്കിയതൊഴിച്ചാൽ മറ്റു മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഈ സംഘത്തിൻെറ പ്രവർത്തനം കൊണ്ട് ഗുണം ലഭിക്കുന്നില്ല. കർഷകർക്കും തൊഴിലാളികൾക്കും വായ്പ ലഭ്യമാക്കുന്ന സഹകരണസംഘങ്ങൾ യഥാസമയം വായ്പ തിരിച്ച് പിടിക്കുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിക്കുന്നില്ല.

## നിർദേശങ്ങൾ

1. സഹകരണസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
2. മുഴുവൻ കർഷകരേയും തൊഴിലാളികളേയും സഹകരണസംഘങ്ങളിൽ അംഗങ്ങളായി ചേർക്കുക.
3. സഹകരണസംഘങ്ങളുടെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പം മുഴുവൻ കൃഷിക്കാർക്കും ആവശ്യമായ വായ്പ ലഭ്യമാക്കുക.
4. അമിതമായ പലിശയും കൂട്ടുപലിശ രീതികളും ഒഴിവാക്കുക.
5. സ്വയംതൊഴിൽ പദ്ധതികൾക്ക് വായ്പ ലഭ്യമാക്കുക.
6. പഞ്ചായത്തിൻെറ വിവിധ കേന്ദ്രങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ വഴി അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
7. സഹകരണസംഘത്തിൻെറ ബ്രാഞ്ചുകൾ മുട്ടുകാട്ടിലും ബീയൽറാവിലും ആരംഭിക്കുക.
8. ഹരിജനങ്ങൾക്കായി സഹകരണസംഘം രൂപീകരിച്ച് സ്വയംതൊഴിൽ പദ്ധതിക്ക് വായ്പ ലഭ്യമാക്കുക.
9. വനിതാ സഹകരണസംഘങ്ങൾ രൂപീകരിച്ച് കുടിൽ വ്യവസായങ്ങൾക്ക് മുൻഗണന നൽകി വായ്പ നൽകുക.
10. ഏലം കൃഷിക്കാർക്കായി ഏലം കർഷകസംഘം രൂപീകരിക്കണം.
11. മിൽക്ക് സൊസൈറ്റികൾ രൂപീകരിച്ച് ആവശ്യമായ സ്ഥലത്ത് പാൽ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.
12. ഉത്പാദനശേഷിയുള്ള ഇനം പശുക്കളെ സൊസൈറ്റി വഴി വിതരണം ചെയ്യുക. തീറ്റപുൽ കൃഷി വിപുലമാക്കാൻ സഹായിക്കുക.
13. സഹകരണസംഘങ്ങൾ വളം ഡിപ്പോ കാർഷിക മേഖലയിൽ ആരംഭിക്കുക.

കുരുമുളക് കർഷകരെ സഹായിക്കുന്നതിന് ഈ പഞ്ചായത്തിൽ മുട്ടുകാടിലും ബീയൽ റാവിലും കുരുമുളക് സംരക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഈ സമിതി മുഖേന നടത്തിവരുന്നു. അതുപോലെ നെൽകൃഷിക്കാർക്കായി പാടശേഖരസമിതിയും പ്രവർത്തിക്കുന്നു മുട്ടുകാട് പ്രദേശത്ത്. ഈ പഞ്ചായത്തിൽ കേര കർഷകരെ സഹായിക്കുന്നതിനായി കേര സംരക്ഷണ സമിതിയും രൂപീകരിച്ചിട്ടുമുണ്ട്. ഈ സമിതികൾ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് കർഷകർക്ക് യഥാസമയം വളവും കീടനാശിനിയും സാമ്പത്തിക സഹായവും ചെയ്തുവരുന്നു.

# ടൂറിസം

തെക്കൻ കാശ്മീർ എന്ന് പുകൾപെറ്റ മൂന്നാറിനോട് ചേർന്ന് കിടക്കുന്നതും തമിഴ് നാടിൻെറ അതിർത്തിയോട് തൊട്ടു കിടക്കുന്നതുമായ പഞ്ചായത്താണ് ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത്. ഇന്ത്യയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കൊടൈക്കനാൽ, ഊട്ടി, തേക്കടി, മൈസൂർ എന്നിവിടങ്ങളോട് കിടപിടിക്കത്തക്കവണ്ണം പ്രകൃതി രമണീയ ദൃശ്യങ്ങൾ പഞ്ചായത്തിലുടനീളം കാണാവുന്നതാണ്. പന്ത്രണ്ട് വർഷത്തിലൊരിക്കൽ കേരളത്തനിമയുടെ ഉത്തുംഗശ്രേണിയിൽ നടത്തപ്പെടുന്ന 'മാമാങ്കം' കാണാനെന്നതുപോലെ മഞ്ഞ് പുതഞ്ഞുകിടക്കുന്ന മലയിടുക്കളിൽ നിന്നും ബാലാർക്കൻെറ പൊൻകിരണങ്ങളേറ്റ് മരതകകാന്തി വിരിയിച്ചുകൊണ്ടും, ഗിരിശൃംഖങ്ങളെയാകെ നീലാംബരത്തിന് സമാനമെന്നതുപോലെ പ്രശോഭിതമാക്കിക്കൊണ്ടും സഹ്യപിതാമഹന് മകുടം ചാർത്തിക്കൊണ്ടും മലനാടിനെയാകെ കേളികൊട്ടിയുണർത്തുന്ന നീലകുറിഞ്ഞി ഈ പഞ്ചായത്തിൻെറ അഭിമാനമാണ്.

മൂന്നാറിൽ നിന്നും 14 കിലോമീറ്റർ എൻ.എച്ച്-49 ലൂടെ സഞ്ചരിച്ചാൽ, ഗ്രാമീണ കന്യകയുടെ നിഷ്കളങ്കമായ ആകാംഷയോടെ മഞ്ഞിൽകുളിച്ച് ഈറനുടുത്ത് അതിഥി സൽക്കാരപ്രിയയായി നിൽക്കുന്ന ചിന്നക്കനാൽ എന്ന കൊച്ചു സുന്ദരിയെ കാണാം. ചൊക്രമുടിയുടെ മടിത്തട്ടിലെ ഗ്യാപ്പിലെത്തുമ്പോൾ ശിശിരകാലത്ത് കൊടൈക്കനാലിലെ സൂയിസൈഡ് പോയിൻറിനെ അനുസ്മരിപ്പിക്കുന്ന മനോഹര ദൃശ്യമുണ്ട്. താഴ്വരയിലെ മറ്റൊരു ആകാശംപോലെ തോന്നിപ്പിക്കുന്ന ഈ ദൃശ്യം കണ്ട് ആകാംഷാഭരിതരായി അതിനെ പുൽകാൻ വിണ്ണ് മണ്ണിലേക്കിറങ്ങിയോ എന്ന് തോന്നും. മറിച്ച് പ്രശാന്തസുന്ദരമായ കാലാവസ്ഥയാണെങ്കിൽ 'ഇടുക്കിയുടെ കുട്ടനാട്' എന്ന് പേർപെറ്റ മുട്ടുകാട് ഗ്രാമം കാണാം. ഹരിതഭംഗി നിറഞ്ഞു നിൽക്കുന്ന ഈ പ്രദേശത്ത് അതിവിസ്തൃതമായ പൊന്നിൻ തിളക്കത്തോടെ വിളങ്ങി നിൽക്കുന്ന കതിർമണികളോടു കൂടിയ നെൽപാടങ്ങൾ ഏതൊരു വിനോദസഞ്ചാരിയുടേയും ഹൃദയസ്പർശിയായ ഒരു കാഴ്ചയായിരിക്കും. കേരളത്തനിമ വിളിച്ചോതുന്ന പാടങ്ങൾക്കിടയിലൂടെ കളകളാരവം മുഴക്കി മന്ദം ഒഴുകുന്ന ചെറുതോട് വയലേലകൾക്ക് പൊന്നനരഞ്ഞാണം ചാർത്തുന്നു. അസ്തമയ സൂര്യൻെറ പൊൻകിരണങ്ങളേറ്റ് ഇവിടുത്തെ പാടങ്ങൾ അരുണാഭമായ ചിരി വിതറുന്നു. ഉഴുതു ഒരുക്കിയ വയലുകളിൽ സൂര്യരശ്മികളേൽക്കുമ്പോൾ കുട്ടിക്കതിരവൻ ഭൂമിമാതാവിനോട് ദുർശാഠ്യത്താൽ പിണങ്ങി തൻെറ സ്ഫടിക കളിക്കോപ്പുകൾ എറിഞ്ഞുടച്ചതിൻെറ ശകലങ്ങളിൽനിന്നും അമൃതരേണുക്കൾ പ്രതിഫലിപ്പിക്കുന്നതാണോ എന്ന് തോന്നും.

ഗ്യാപ്പിൽ നിന്നും 4 കിലോമീറ്റർ കിഴക്കോട്ട് സഞ്ചരിക്കുമ്പോൾ പെരിയകനാലിലെ മുട്ടുകാട് ജങ്ഷനിലെത്തുന്നു. അവിടെ നിന്നും 2 കിലോമീറ്റർ തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഐതിഹാസിക മുനിയറ സങ്കേതവും മുട്ടുകാടിൻെറ തിലകക്കുറിയുമായ മുനിപാറയിലെത്തുന്നു. ഇവിടെ 20 -ാളം വിവിധ രൂപത്തിലുള്ള മുനിയറകളുണ്ട്. പുരാണ കഥകളുടെ അന്തരാർത്ഥത്തിലേക്ക് ഊളിയിട്ടിറങ്ങുന്ന ഒരു ഇതിഹാസ പരിവേഷം ഇവിടെയുണ്ട്. പഴമക്കാരുടെ വിശ്വാസമനുസരിച്ച് പഞ്ചപാണ്ഡവർ അജ്ഞാത

വാസക്കാലത്ത് ഒളിവിൽ പാർത്തിരുന്നത് ഈ മലനിരകളിലെ മുനിയറകളിലായിരുന്നു. പ്രാചീന ശിലായുഗകാല[illegible] [illegible]ൃന്മാർ ഈ മുനിയറകളിൽ താമസിച്ചിരുന്നു എന്ന് അനുമാനിക്കാം. ഗവേഷണ കുതുകിയായ ഒരു വിനോദസഞ്ചാരിക്ക് മാന്ത്രികച്ചെപ്പ് തുറക്കുന്ന ഒരനുഭവം ഇവിടെ കിട്ടാതിരിക്കില്ല.

മുനിയറകളുടെ സമീപത്തായി നിരവധി നിഗൂഢതലങ്ങളിലേക്ക് വെളിച്ചം വീശുന്ന ഒരു ഗുഹ സ്ഥിതിചെയ്യുന്നു. പഞ്ചപാണ്ഡവർ അരക്കില്ലത്തിൽ നിന്നും മയന്റെ സഹായത്തോടെ രക്ഷപ്പെടുവാൻ ഉപയോഗിച്ച തുരങ്കത്തിന്റെ അവസാനഭാഗമാണിതെന്ന് പഴമക്കാർ അവകാശപ്പെടുമ്പോൾ യുവതലമുറയുടെ മുമ്പിൽ ഇതൊരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. മേൽപ്പറഞ്ഞ വസ്തുതകൾ പുരാവസ്തു ഗവേഷകരെ ഇങ്ങോട്ടാകർഷിക്കാതിരിക്കില്ല. എൻ.എച്ച് –49 ന്റെ ഓരത്ത് ഗ്യാപ്പിനടുത്ത് മറ്റൊരു ഗുഹയുമുണ്ട്. അതിവിസ്തൃതമായ ഇതിന്റെ ഉൾഭാഗത്ത് കൂരിരുട്ടു നിറഞ്ഞു നിൽക്കുന്നു. ഭീതിജനകമായ അന്തരീക്ഷത്തിൽ നിരവധി നിഗൂഢതകൾ ഒളിഞ്ഞിരിക്കുന്നതായി ഇതിനകത്ത് അനുഭവപ്പെടും.

പെരിയകനാൽ ടാറ്റാ ടി ഫാക്ടറി ജങ്ഷനിൽ നിന്നും 5 കിലോമീറ്റർ കിഴക്കുമാറി സമീപ പഞ്ചായത്തായ ശാന്തൻപാറയിൽ സ്ഥിതിചെയ്യുന്ന ആനയിറങ്കൽ ഡാമിന്റെ ജലസംഭരണിയിൽ ഭൂരിഭാഗവും ചിന്നക്കനാൽ പഞ്ചായത്തിലാണ്. ആനകൾ കൂട്ടംകൂട്ടമായി വന്നിറങ്ങുന്നതുകൊണ്ടാണ് ഈ സ്ഥലത്തിന് 'ആനയിറങ്കൽ' എന്നു പേരുവന്നത്. ചിന്നക്കനാലിന്റെ പ്രകൃതിരമണീയതക്ക് ഒരു മകുടോദാഹരണമാണ് ഈ പ്രദേശം. കണ്ണൻദേവൻ തേയിലത്തോട്ടങ്ങൾകൊണ്ട് ചുറ്റപ്പെട്ട പ്രദേശമാണിത്. തേയിലച്ചെടിയുടെ വന്യമായ സൗന്ദര്യം ആസ്വദിച്ച് കുളിർമ്മയുള്ള മന്ദമാരുതന്റെ തലോടലേറ്റുകൊണ്ട് പ്രകൃതിയുടെ ഈ കലാവിരുന്ന് കണ്ടാനന്ദിക്കുവാൻ ഏതൊരു വിനോദ സഞ്ചാരിക്കും താൽപര്യം തോന്നും.

പഞ്ചായത്തിന്റെ കിഴക്കതിര് തമിഴ്നാടുമായി ബന്ധപ്പെട്ട് കിടക്കുന്ന ബോഡിമെട്ടാണ്. ഇവിടെ നിന്നു നോക്കിയാൽ തമിഴ്നാട്ടിലെ മധുര ജില്ലയിൽപ്പെട്ട തേനി, ബോഡിനായ്ക്കന്നൂർ എന്നീ പട്ടണങ്ങൾ ഭംഗിയായി കാണാം. അതിശൈത്യ മേഖലയായ ഇവിടം ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്.

പഞ്ചായത്തിന്റെ അതിർത്തി പ്രദേശമായ ഗ്യാപ്പിൽ നിന്നും കിഴക്കായി ഇടതുവശത്തേക്കായി തിരിഞ്ഞുപോകുന്ന സൂര്യനെല്ലി റോഡിനു സമീപം പഴയ ദേവികുളം എന്ന സ്ഥലത്തെ തടാകത്തിൽ നിന്നും ഒഴുകിവരുന്ന അരുവി പവർഹൗസ് മലയുടെ നിറുകയിൽ നിന്നും ചെങ്കുത്തായി താഴോട്ട് പതിയ്ക്കുന്ന വെള്ളച്ചാട്ടം ഇപ്പോൾ ഇവിടെയെത്തുന്ന വിനോദ സഞ്ചാരിയുടെ വഴിയോര വിശ്രമകേന്ദ്രവുമാണ്.

പവർഹൗസ് ജങ്ഷനിൽ നിന്നും അര കിലോമീറ്റർ അകലെ മലനിരകൾക്കൊപ്പം പ്രൗഢഗംഭീരമായി പണിതീർന്നുവരുന്ന ടൂറിസ്റ്റ് റിസോർട്ടുകളിൽ ഒന്നാണ്. ഇതിനടുത്തായി മെട്രോപൊലിറ്റൻ സിറ്റികളെ അനുസ്മരിപ്പിക്കുന്ന അംബരചുംബിയായ കെട്ടിടങ്ങളോടുകൂടിയ സ്റ്റെർലിംഗ് ഹോളിഡേ റിസോർട്ട് എന്ന പേരിലുള്ള മണിമന്ദിര സമുച്ചയമുണ്ട്. ഇതിന് എതിർവശത്തായി പവർഹൗസ് മലയുടെ മുകളിൽ അന്താരാഷ്ട്ര നിലവാരത്തിൽ പണികഴിപ്പിച്ചുകൊണ്ടിരിക്കുന്ന ബഹുനില മണിമാളികകൾ വിനോദസഞ്ചാരികൾക്ക് ഒരു പറുദീസയാകുമെന്ന കാര്യം അവിതർക്കിതമാണ്. പഞ്ചായത്ത് ആസ്ഥാനത്തുനിന്നും അര കിലോമീറ്റർ കിഴക്കുമാറി മൗണ്ടൻ ക്ലബിനോട് അനുബന്ധമായി വിനോദ സഞ്ചാരത്തിന് മുൻതൂക്കം നൽകി നിർമ്മിച്ചു വരുന്ന വിനോദസൗധങ്ങൾ പഞ്ചായത്തിൽ ടൂറിസം മേഖലയുടെ അനന്തസാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നവയിൽ ചിലതുമാത്രം. മൗണ്ടൻ ക്ലബിൽ നിന്നും അര കിലോമീറ്റർ കിഴക്കോട്ട് മാറി കുത്തുങ്കൽത്തേരി എന്ന സ്ഥലത്ത് കാണുന്ന









സ്തൂപസമാനമായ കൽപാളികൾ പ്രാചീന ജനങ്ങളുടെ ആരാധനാമൂർത്തികളെ അനുസ്മരിപ്പിക്കുന്നവയാണ്. മുനിയറകളുടെ അവശിഷ്ടങ്ങളും ഇവിടെ കാണാം.

കുത്തുങ്കൽത്തേരിയിൽ നിന്നും രണ്ട് കിലോമീറ്റർ അകലെ സൂര്യനെല്ലിയിലെത്തുമ്പോൾ ആദ്യം നമ്മെ സ്വാഗതം ചെയ്യുന്നത് ത്യാഗത്തിൻെറ പ്രതീകമായ പള്ളിമേടയിൽ ഉയർന്നുപരിലസിക്കുന്ന കുരിശുരൂപമാണ്. പാപികളായ മനുഷ്യർക്കുവേണ്ടി തൻെറ ജീവരക്തം ചിന്തിയ ക്രിസ്തുദേവൻെറ അപധാനങ്ങൾ പാടിപുകഴ്ത്തുവാൻ സർവ്വവും വെമ്പൽ കൊള്ളുകയാണോ എന്ന് തോന്നനും. മരതകപച്ച ഇതൾ വിടർത്തി നിൽക്കുന്ന ഈ കൊച്ചു പട്ടണത്തിന് പൊന്നിൻകുടത്തിന് പൊട്ടെന്ന രീതിയിലുള്ള ഒരു ആമ്പൽപൊയ്കയുണ്ട്. സൂര്യനെല്ലിയിൽ നിന്നും 7 കിലോമീറ്റർ ചെങ്കുത്തായ കയറ്റംകയറി ചെല്ലുമ്പോൾ സമുദ്രനിരപ്പിൽ നിന്നും 8500 അടി ഉയരത്തിൽ ഉള്ള കുണുക്ക്മലയിൽ എത്തിച്ചേരാം. അവിടെ നിന്ന് കിഴക്കോട്ട് നോക്കിയാൽ അനന്തവിഹായസിലേക്ക് പരന്നുകിടക്കുന്ന തമിഴ്നാടിൻെറ നിരവധി ഭാഗങ്ങൾ കാണാൻ കഴിയും. ഇത് ഹൃദയാഹാരിയായ ഒരു കാഴ്ചയാണ്.

പഞ്ചായത്തിലെ ആദിവാസി കേന്ദ്രമായ ചെമ്പതൊഴുകുടിയിലെ ഗംഗോത്രിയോടനുബന്ധിച്ച് ഔഷധസസ്യതോട്ടം വിനോദസഞ്ചാര രംഗത്തെ പുരോഗതിക്ക് ആക്കം കൂട്ടുന്നതിനൊപ്പം പഞ്ചായത്തിൻെറ കീർത്തി നാനാദിക്കിലും എത്തിക്കുന്നതിനും സാധിക്കുന്നു.

ചെമ്പതൊഴുകുടിയിൽ കാണപ്പെടുന്ന ഏറുമാടങ്ങൾ കുടിയേറ്റ കാലത്തെ ജീവിതരീതിയെ അനുസ്മരിപ്പിക്കുന്നതാണ്.

## സാധ്യതകൾ

1. ഗ്യാപ്പിൽ K T D C യുടെ ഹോട്ടലും വിശ്രമകേന്ദ്രവും സ്ഥാപിക്കുക.
2. പവർഹൗസ് വെള്ളച്ചാട്ടം സംരക്ഷിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.
3. മുനിയറ സമുച്ചയം പുരാവസ്തുവകുപ്പിനെ ഏൽപ്പിക്കുക.
4. ആനയിറങ്കൽ ഡാമിൽ ബോട്ടിങ് സൗകര്യം ഏർപ്പെടുത്തുകയും, ഡാമിൻെറ പരിസരത്ത് വിശ്രമകേന്ദ്രം സ്ഥാപിക്കുകയും ചെയ്യുക.
5. ബോഡിമെട്ടിനു സമീപം ഹിൽവ്യൂ ടവർ സ്ഥാപിക്കണം.
6. പഞ്ചായത്ത് ആസ്ഥാനത്ത് പൂന്തോട്ടവും മറ്റ് ടൂറിസം വികസനത്തിനുതകുന്ന വിനോദോപാധികളും നിർമ്മിക്കണം.

# പട്ടികജാതി പട്ടികവർഗം

ജനസംഖ്യയിൽ പകുതിയോളം പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽ ജനങ്ങൾ അധിവസിക്കുന്ന ചിന്നക്കനാൽ പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട പുരുഷന്മാർ 2850 ഉം, സ്ത്രീകൾ 2845 ഉം, പട്ടികവർഗത്തിൽപ്പെട്ട പുരുഷന്മാർ 307 ഉം, സ്ത്രീകൾ 287 ഉം ആണ്. ഇവരിൽ കുട്ടികൾ 246 ആണ്. ഈ പഞ്ചായത്തിൽ 6 ഹരിജൻ കോളനിയുണ്ട്. ഇതിൽ ഒരു ലക്ഷംവീട് കോളനിയും ഉൾപ്പെടുന്നു. ഇവയുടെ പൊതുവെയുള്ള സ്ഥിതി മെച്ചമാണെന്ന് പറയാൻ കഴിയില്ല. അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, കക്കൂസ്, യാത്രാസൗകര്യം, വൈദ്യുതി, ആരോഗ്യം എന്നീ കാര്യങ്ങളിൽ സ്ഥിതി മെച്ചമല്ല. സമഗ്രഗ്രാമവികസന പദ്ധതിപ്രകാരം (IRDP) 497 കക്കൂസുകൾ വേണ്ടിടത്ത് 63 എണ്ണമാണ് അനുവദിച്ചിട്ടുള്ളത്. കക്കൂസ് വേണ്ട കുടുംബങ്ങളുടെ എണ്ണം 698 ആണ്. ദാരിദ്രരേഖയ്ക്ക് താഴെയുള്ള പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾ 839 ആണ്. ഇതിൽ 213 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. ലപ്സംഗ്രാൻറ് ലഭിക്കുന്ന കുട്ടികളുടെ എണ്ണം 800 ആണ്. പഠിക്കുന്ന ഈ വിഭാഗം കുട്ടികളുടെ എണ്ണം 800. ഇതിൽ പെൺകുട്ടികൾ 359 ആണ്. ഇടയ്ക്കുവെച്ച് പഠിത്തം നിർത്തിയവരുടെ എണ്ണം 43 ആണ്. അതിൽ പട്ടികജാതി-വർഗം 36 ആണ്.

ഈ വിഭാഗത്തിൻെറ ഭൂരിപക്ഷം പേരും തൊഴിലാളികളാണ്. ഇവരുടെ ഇടയിൽ നിരക്ഷരർ ഉണ്ട്. കുട്ടികൾ എല്ലാവരും സ്കൂളിൽ പോകുന്നില്ല. കൊഴിഞ്ഞുപോക്കും ഉള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു. ആദിവാസി കോളനിയായ ചെമ്പകത്തൊഴുകുടിയിൽ ആദിവാസി കുട്ടികൾക്കായി മാത്രം സർക്കാർ ട്രൈബൽ എൽ.പി. സ്കൂൾ പ്രവർത്തിക്കുന്നു. എന്നാൽഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസരംഗത്ത് പുരോഗതി ഉണ്ടായില്ല എന്നു കാണാൻ കഴിയും. കഴിഞ്ഞ കാലഘട്ടങ്ങളിൽ നടത്തിയ ആദിവാസി സാക്ഷരതാ പ്രവർത്തനത്തിലൂടേയും, സൂര്യനെല്ലി ഡവലപ്മെൻറ് പ്രോജക്ട് ഗംഗോത്രി എന്നി സംഘടനകളുടെ പ്രവർത്തനഫലമായും ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസരംഗത്ത് ആശാവഹമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആദിവാസി കുടികളായ പച്ചപ്പുൽകുടിയിൽ 23 വീടുകളും, ടാങ്കുകുടിയിൽ 38 വീടുകളും, ചെമ്പകതെഴുകുടിയിൽ 88 വീടുകളും ഉണ്ട്. മൺഭിത്തിയും പുല്ലുമേഞ്ഞതുമായ വീടുകളാണ് അധികവും. ഓടുമേഞ്ഞ വീടുകളും ഈ കുടികളിലുണ്ട്.

### പട്ടികജാതി കോളനികളുടെ പട്ടിക

| കോളനി | വീടുകൾ | വാർഡ് |
|---|---|---|
| മുട്ടുകാട് പട്ടികജാതി കോളനി | 64 | I |
| നടുപ്പാറ " | 20 | I |
| മുത്തമ്മചോല " | 101 | III |
| കറുപ്പൻകോളനി " | 90 | IV |
| ഇ ം കോളനി " | 90 | IV |
| സിംഗുകണ്ടം | 50 | VIII |

മറ്റു പട്ടികജാതി കോളനികളിൽ വിവിധ വകുപ്പുകൾ മുഖേന വീടുകൾ സ്വയംതൊഴിൽ പദ്ധതിക്ക് സബ്സിഡി തുക, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ കുറെയൊക്കെ ചെയ്തു വരുന്നുവെങ്കിലും ഈ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ജീവിതനിലവാരം വേണ്ടത്ര നിലയിൽ മെച്ചപ്പെട്ടിട്ടില്ല. ഈ വിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടിവരും നാളുകളിൽ പ്രവർത്തിക്കാൻ കഴിയണം.

## പ്രശ്നങ്ങൾ

1. കോളനികളിൽ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ്, ചികിൽസാ സൗകര്യങ്ങൾ, റോഡ് എന്നിവ ഇല്ല.
2. മുഴുവനാളുകൾക്കും വീടുകൾ ഇല്ല. നിലവിലുള്ള വീടുകൾ സൗകര്യമുള്ളതും ഉറപ്പുള്ളതുമല്ല.
3. സ്കൂളുകളുടെ അഭാവം മൂലം കുട്ടികൾ എല്ലാം സ്കൂളിൽ പോകുന്നില്ല.
4. ഇവരുടെ ഇടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്.
5. അർഹമായ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല. അറിവില്ലായ്മകൊണ്ട്.
6. സ്വയംതൊഴിൽ പദ്ധതി തുടങ്ങാൻ വായ്പ ലഭ്യമല്ല.

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. കുടിവെള്ളം, വൈദ്യുതി, ആശുപത്രി, യാത്രാസൗകര്യം എന്നിവ അടിയന്തിരമായി കോളനികളിൽ ലഭ്യമാക്കണം.
2. അംഗീകൃത കോളനികൾ ലഭിക്കാത്ത പ്രദേശത്ത് ആവശ്യമെങ്കിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടി കോളനികൾ സ്ഥാപിക്കണം.

3. വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കണം. ആവശ്യമായ ബോധവൽക്കരണം നടത്തുക.
4. കോളനികൾ കേന്ദ്രീകരിച്ച് സ്വയം തൊഴിൽ ചെയ്യുവാനുള്ള പരിശീലനവും ആവശ്യമായ സഹായവും എത്തിക്കുക.
5. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ പൊതുവേയുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പാക്കണം.
6. ദാരിദ്ര നിർമാർജന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കണം.
7. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കൈവശഭൂമിയുള്ള ആളുകൾക്ക് നിർബന്ധമായും പട്ടയം അനുവദിച്ചുകൊടുക്കണം.
8. സഹകരണ അടിസ്ഥാനത്തിൽ ഹരിജൻ സൊസൈറ്റി രൂപീകരിച്ച് സ്വയം തൊഴിൽ സാധ്യത വർധിപ്പിക്കുക.
9. സ്വയം തൊഴിൽ പദ്ധതിക്ക് ബാങ്കുകൾ, മറ്റു ധനകാര്യ സ്ഥാപനങ്ങൾ ഇവ വായ്പ ലഭ്യമാക്കുക.
10. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് സ്വയംതൊഴിൽ പദ്ധതിയിൽപ്പെടുത്തി തയ്യൽമെഷീൻ, പ്ലാസ്റ്റിക് ഉപകരണ നിർമാണം, പശുവളർത്തൽ, കോഴി വളർത്തൽ മറ്റു സാധ്യതയുള്ള തൊഴിൽ എന്നിവയ്ക്ക് പൂർണമായ സബ്സിഡിയോടുകൂടി സഹായം അനുവദിക്കുക.

# വിഭവ സമാഹരണം

**ചി**ന്നക്കനാൽ ഗ്രാമപഞ്ചായത്തിന്റെ ധനപരമായ സ്ഥിതി വളരെ പരിമിതമാണ്. മെച്ചമല്ലായെന്നു തന്നെ പറയാൻ കഴിയും. പഞ്ചായത്തിന്റെ വികസന ആവശ്യങ്ങളുമായി ബന്ധപ്പെട്ടു പരിശോധിച്ചാൽ വരുമാനം വളരെ അപര്യാപ്തമാണ്. നികുതിയിനങ്ങളിൽ നേരീയ വർധനവുണ്ടായിട്ടുണ്ട്. വരുംനാളുകളിൽ അൽപംകൂടി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കാം. പ്രധാന വരുമാനമായ കെട്ടിടനികുതി, തൊഴിൽനികുതി, വിനോദ നികുതി, മറ്റു നികുതികൾ എന്നിവയിൽ നേരീയ വർധനവുണ്ടാകുന്നുണ്ടെങ്കിലും, ചിലവുകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ വർധന ധനസ്ഥിതിയിൽ മാറ്റമുണ്ടാക്കാൻ കഴിയുന്ന സ്ഥിതിയല്ല.

## വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 2,01,947 | 1,95,045 | 6,898 |
| തൊഴിൽ നികുതി | 93,460 | 81,535 | 11,925 |
| കെട്ടിട വാടക | 1,840 | 1,840 | |
| ലൈസൻസ് ഫീസ് | 3,947 | 3,947 | |
| വസ്തു കൈമാറ്റ നികുതി വിഹിതം | 4,748 | 4,748 | |
| ഡെപ്പോസിറ്റ് | 5,010 | 5,010 | |
| സർക്കാർ ഗ്രാൻറുകൾ | 6,57,661 | 6,57,661 | |
| മറ്റു വരവുകൾ | 64,938 | 64,938 | |
| **ആകെ** | **10,33,591** | **10,14,768** | **18,823** |

## ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| ഭരണം | 4,10,176 |
| പൊതുമരാമത്ത് | 2,77,134 |
| വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം | 13,674 |
| വിദ്യുത്ച്ഛക്തി | 1,767 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 30,198 |
| മറ്റിനം | 22,040 |
| ആകെ | 7,70,838 |

## പൊതു സാമ്പത്തിക നില

| | പൊതു കണക്ക് | മൂലധനം | കടം ഇനം |
|---|---|---|---|
| വരവ് | 7,08,441 | 2,88,100 | 10,279 |
| ചിലവ് | 4,87,084 | 2,77,134 | 6,620 |

പഞ്ചായത്തിൻെറ വിവിധങ്ങളായ മരാമത്തു ജോലികൾ നോമിനി കമ്മിറ്റി, പഞ്ചായത്ത് നേരിട്ട്, എന്നീ രീതികളിൽ ചെയ്തുവരുന്നു. ഉൽപാദനമേഖലയിൽ പഞ്ചായത്ത് യാതൊന്നും നിലവിൽ ചെയ്യുന്നില്ല. പഞ്ചായത്തിനിതുവരെയുള്ള സാമ്പത്തിക ബുദ്ധിമുട്ട് പുതിയ സംരംഭം നിലവിൽ വരുന്നതോടുകൂടി വളരെ മാറ്റം വരുമെന്നുതന്നെ പ്രതീക്ഷിക്കാം. പഞ്ചായത്തുകൾക്ക് കൂടുതൽ സാമ്പത്തികാധികാരങ്ങൾ നൽകിയാൽ ധനകാര്യസ്ഥാപനങ്ങളെ ആശ്രയിച്ച് ഇന്നത്തെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ കഴിയും.

ഈ പഞ്ചായത്തിൽ നിലവിൽ സൗത്ത് ഇന്ത്യൻ ബാങ്ക് മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഈ സ്ഥാപനം സാമ്പത്തിക മേഖലയിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്നു പറയാൻ കഴിയുന്നില്ല. ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള അഭിപ്രായം പരിശോധിച്ചാൽ ഈ നാട്ടിലെ ചെറുപ്പക്കാരായ ആളുകളുടെ കായികാധ്വാനം പ്രത്യുൽപാദനക്ഷമതയുള്ള മേഖലയിലേക്ക് തിരിച്ചുവിടാനും, നാടിൻെറ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനും സാധ്യതയുണ്ട്. മനുഷ്യവിഭവശേഷിയും, മൂലധനവും സാമ്പത്തിക വളർച്ച പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കുന്നു. അത് ക്രിയാത്മകമായി ഉപയോഗിക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ വിഭവ-ധന-സമാഹരണ സാധ്യതകൾ വേണ്ടത്ര രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല.

2. ഭരണ നിർവഹണത്തിലുള്ള വീഴ്ചകൾ.
3. കരാറുകാരുടെ അമിതലാഭം.
4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസങ്ങൾ.
5. സന്നദ്ധ പ്രവർത്തനങ്ങളെ പ്രയോജനപ്പെടുത്തുന്നില്ല.

## സാധ്യതകൾ

1. നികുതിവെട്ടിപ്പ് തടയണം.
2. ഭരണസമിതി അംഗങ്ങൾക്കും, ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകി ഭരണത്തിൽനിന്നുള്ള വീഴ്ച പരിഹരിക്കുകയും, കാര്യക്ഷമമാക്കുകയും വേണം.
3. വികസന പരിപാടികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക.
4. ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണവും ആവശ്യമായ വായ്പകളും യഥാസമയം ലഭ്യമാക്കുക.
5. ഭരണ നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.

# വനം

കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ സമ്പത്താണ് വനം. പഞ്ചായത്തിൽ കുറെഭാഗം മാത്രമേ വനമായുള്ളു. ബാക്കി വനഭൂമിയായി ഏലക്കാട് ആണ് ഉള്ളത്. ഏലത്തോട്ടങ്ങളിൽ കള്ളത്തടിവെട്ട് മിക്കവാറും ഉണ്ടെന്നുതന്നെ പറയാം. വനനശീകരണത്തിൻെറ ദൂഷ്യവശങ്ങൾ ജനങ്ങളെ പറഞ്ഞ് ബോധവാൻമാരാക്കി ചെറുത്തുനിൽപ് സംഘടിപ്പിച്ചില്ലെങ്കിൽ ഭവിഷ്യത്ത് ഭാവിയിൽ വളരെ ഗുരുതരം ആയിരിക്കും. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ കണക്കിൽ വനഭൂമിയായിട്ടുള്ള പ്രദേശങ്ങൾ പലതും വർഷങ്ങളായി കൈവശഭൂമിയാണ്. ഈ കാരണങ്ങൾകൊണ്ടുതന്നെ കൈവശകൃഷിക്കാർക്ക് പട്ടയം കിട്ടാത്ത അവസ്ഥയുമുണ്ട്. വനത്തിൽ നിന്നും ലഭിക്കുന്ന തേൻ, തെള്ളി, മറ്റു വനവിഭവങ്ങൾ വേണ്ടത്ര സുലഭമായി ലഭിക്കാനുണ്ടെങ്കിലും ഈ വിഭവങ്ങൾ ശേഖരിക്കുന്ന കാര്യത്തിൽ കൃഷിക്കാർ വേണ്ടത്ര താൽപര്യം കാണിക്കാറില്ല. അതുപോലെ കടപുഴകി വീഴുന്ന മേൽത്തരം മരങ്ങൾ ഈട്ടി മുതലായവ കാലപ്പഴക്കംകൊണ്ട് വനത്തിൽ കിടന്ന് നശിച്ചുപോകുന്നു. ഇവകൊണ്ട് സർക്കാരിന് വർഷംതോറും ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കുന്ന സ്ഥിതിയാണുള്ളത്.

## പ്രശ്നങ്ങൾ

1. വനഭൂമി സംരക്ഷിക്കാത്തതുമൂലം കുറഞ്ഞുകുറഞ്ഞുവരുന്നു.
2. വനം സംരക്ഷിക്കുന്നതിൽ ജനങ്ങൾക്ക് യാതൊരു പങ്കുമില്ല.
3. വനങ്ങളിൽ നിന്നും നശിച്ചുപോകുന്ന വിറകുകൾ ശേഖരിക്കാൻ അനുവാദമില്ല.
4. വന്യമൃഗവേട്ട മൂലം മൃഗങ്ങൾ ഇല്ലാതാകുന്നു.
5. ഈട്ടി മുതലായ മേൽത്തരം മരങ്ങൾ നശിക്കുന്നു.

## സാധ്യതകൾ

1. വനനശീകരണത്തിനെതിരെ ബോധവൽക്കരണം നടത്തണം.
2. വെട്ടിനശിപ്പിക്കുന്ന വനങ്ങൾക്ക് പകരമായി വനം വെച്ചുപിടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
3. വനപാലകർ വനംകൊള്ള അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

# ഉപസംഹാരം

കേരളത്തിൻെറ ഒൻപതാം പഞ്ചവൽസര പദ്ധതി പൊതുജനങ്ങളുടെ പരിപൂർണ്ണ സഹകരണത്തോടുകൂടി നടത്തപ്പെടുകയാണ്. അധികാര വികേന്ദ്രീകരണ ജനകീയ ആസൂത്രണത്തിൻെറ പൂർണരൂപത്തിലും ഭാവത്തിലും ജനങ്ങളിലേക്ക് എത്തിച്ചേരുമ്പോൾ ഒരു നൂതന സംസ്കാരം ഉടലെടുക്കുകയും അതുവഴി ഗ്രാമത്തിൻെറ വികസനം സാധ്യമാകുകയും ചെയ്യും. സ്വാതന്ത്ര്യലബ്ദിക്കുശേഷം നാളിതുവരെ വികസനപദ്ധതികൾ എല്ലാംതന്നെ അധികാരിവർഗത്തിൻെറ ചൊൽപ്പടിയിൽ ഒതുങ്ങി, ചുവപ്പുനാടയിൽ കുരുങ്ങികിടക്കുന്ന അവസ്ഥയിൽ നിന്ന് ഒൻപതാം പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാകുമ്പോൾ, നമ്മുടെ ഗ്രാമത്തിൻെറ വികസനം ഏതു രീതിയിലായിരിക്കണമെന്ന് നാം തന്നെ തീരുമാനിക്കുന്നു. നമ്മുടെ ജനാധിപത്യ വ്യവസ്ഥിതി ഇതിലൂടെ അരക്കിട്ടുറപ്പിക്കപ്പെടുന്നു. എവിടെയൊക്കെയോ, എന്തിനെല്ലാമോ നാം പരതുകയായിരുന്നു. എന്തിനാണോ നാം അന്വേഷിച്ചത്, അത് നാം കണ്ടെത്തിയിരിക്കുന്നു. അതിൻെറ ആഹ്ളാദവും, പ്രസരിപ്പും ഗ്രാമഗ്രാമാന്തരങ്ങളിൽ അലയടിക്കുന്നു. ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൻെറ ആരംഭകാലം മുതൽ ഇന്നോളം വികസനത്തിൻെറ സാരഥികളായി വർത്തിച്ച എല്ലാ മാന്യദേഹങ്ങളേയും ഞങ്ങൾ നന്ദിപൂർവം സ്മരിക്കുന്നു. ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനോടനുബന്ധിച്ച് പഠന്യപര്യടന യാത്രയിൽ നിന്നും ലഭിച്ച അറിവും അനുഭവങ്ങളും, വിവിധ സർക്കാർ ഓഫീസുകളിൽ നിന്നും ലഭിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളും, ആദ്യകാല കുടിയേറ്റ കർഷകരിൽനിന്നും ലഭിച്ച അറിവുകളും മുൻനിർത്തിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നത്. വികസനം വിവിധ വകുപ്പുകളുടെ വികസനേതര കാഴ്ചപ്പാടിൽ നിന്നും ജനങ്ങളുടെ ആഗ്രഹത്തിനനുസരിച്ച് മാറുകയാണ്. വിഭവങ്ങളും, ജനപ്രയത്നവും വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയണം. നമ്മുടെ പൊതു പരിജ്ഞാനവും ബുദ്ധിയും വിദഗ്ദ്ധരുടെ ഉപദേശവും പ്രയോജനപ്പെടുത്താൻ കഴിയണം. ഈ വികസന റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ച എല്ലാ മാന്യസുഹൃത്തുക്കൾക്കും ചിന്നക്കനാൽ ഗ്രാമ പഞ്ചായത്തിൻെറ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പംതന്നെ ഈ മഹത്സംരംഭത്തിൻെറ വിജയത്തിന് ആവശ്യമായ സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് ഈ വികസന റിപ്പോർട്ട് സെമിനാറിനു മുൻപാകെ സമർപ്പിച്ചുകൊള്ളുന്നു.

# KERALA



4248



Printed at Samareka Impressions Ernakulam Cochin.18. Ph: 336373, Res: 557040